# ബൈബിൾഭാഷ്യം


സുവിശേഷങ്ങൾ ചരിത്രപരമോ?

ഡോ. ജോർജ്ജ് സ്വാരസ്—പ്രള എ[illegible]. ജെ.

സുവിശേഷ പാരമ്പര്യങ്ങൾ

ഡോ. ജോർജ്ജ് മങ്ങാട്ട്

സുവിശേഷങ്ങളുടെ രചനാ
ചരിത്രനിരൂപണം

ഡോ. ജെ. പാത്രപാങ്കൽ

ക്രിസ്തുവിന്റെ പ്രബോധനങ്ങൾ

ഫാ. ജോൺ കറിച്ചിയാനി ഒ. എസ്. ബി.

കാല്പകഴകൾ: യേശുവിന്റെ സ്വയം
ചിത്രീകരണം

ഡോ. ക്രൂസ് ഫെർണാണ്ടസ്

ദൈവവചനപ്രഘോഷണം

ഡോ. ജെ. എൻ. എം. വൈൻഗാർഡ്സ്



1973
മാർച്ച്


www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

ഡോ. ജോർജ്ജ് പുന്നക്കോട്ടിൽ

അസോ. എഡിറ്റേഴ്സ്

ഡോ. ജോർജ്ജ് മങ്ങാട്ട്

ഡോ. മാത്യു വെള്ളാനിക്കൽ

മാനേജർ

ഫാ. ജോസഫ് പാമ്പാറ എം. എ.


www.malankaralibrary.com

ബൈബിൾ വിജ്ഞാനീയത്തിനു് ഒരു ത്രൈമാസികം

# ബൈബിൾഭാഷ്യം


| | പേജു് |
|---|---|
| സുവിശേഷങ്ങൾ ചരിത്രപരമോ? ഡോ. ജോർജ്ജ് സ്വാരസ്—പ്രഭു എസ്. ജെ | 1 |
| സുവിശേഷപാരമ്പര്യങ്ങൾ ഡോ. ജോർജ്ജ് മങ്ങാട്ടു് | 31 |
| സുവിശേഷങ്ങളുടെ രചനാചരിത്രനിരൂപണം ഡോ. ജെ. പാത്രപാങ്കൽ | 45 |
| ക്രിസ്തുവിന്റെ പ്രലോഭനങ്ങൾ ഫാ. ജോൺ കുറിച്ചിയാനി ഓ. എസ്. ബി | 59 |
| കാല്വകഴകൽ: യേശുവിന്റെ സ്വയം ചിത്രീകരണം ഡോ. ക്രൂസ് ഫെർണാണ്ടസ് | 85 |
| ദൈവവചനപ്രഘോഷണം ഡോ. ജെ. എൻ. എം. വൈൻഗാർഡ്സ് | 90 |
| ഗ്രന്ഥനിരൂപണം ഡോ. ജെ. മാണിക്കത്തു് | 101 |



വാല്യം II ലക്കം 1

മാർച്ച് 1973

സെൻറ്തോമസ് അപ്പസ്തോലിക് സെമ്മിനാരി
പി. ബി. 1
കോട്ടയം—10.


www.malankaralibrary.com

# അവതരണക്കുറിപ്പ്

സുവിശേഷങ്ങൾ നാലിന്റെയും പ്രതിപാദ്യം യേശുവാണെങ്കിലും ആദ്യത്തെ മൂന്നു സുവിശേഷങ്ങളും (മത്തായി, മർക്കോസ്, ലൂക്കാ) നാലാമത്തെ സുവിശേഷവും (യോഹന്നാൻ) തമ്മിൽ സാരമായ വ്യത്യാസങ്ങളുണ്ട്. യോഹന്നാന്റെ സുവിശേഷം മററു മൂന്നു സുവിശേഷങ്ങളിൽനിന്നു വേറിട്ടു നിൽക്കുന്നു. ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ താരതമ്യം ചെയ്താലും അവ തമ്മിൽ വളരെ സാമ്യവും പല വ്യത്യാസങ്ങളും കാണാം. മൂന്നു സുവിശേഷങ്ങളിലെയും സമാനഭാഗങ്ങൾ സമാന്തരകോളങ്ങളിൽ ക്രമീകരിച്ചാൽ ഒരു പൊതു വീക്ഷണം നമുക്കു ലഭിക്കുന്നതാണ്. ഇതിനു Synopsis എന്നു പറയുന്നു, ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ Synoptics (സമാന്തര സുവിശേഷങ്ങൾ?) എന്നും. ക്രി. വ. 1774-ൽ ഗ്രീസ്ബാക്കാണ് ആദ്യമായി ഒരു Synopsis പ്രസിദ്ധീകരിച്ചത്.

മത്തായിയുടെ സുവിശേഷത്തിൽ 1068 വാക്യങ്ങളും, മർക്കോസിന്റെ സുവിശേഷത്തിൽ 661 വാക്യങ്ങളും ലൂക്കായുടെ സുവിശേഷത്തിൽ 1149 വാക്യങ്ങളുമാണുള്ളത്. മർക്കോസിന്റെ സുവിശേഷത്തിലെ മുപ്പതോളം വാക്യങ്ങളൊഴികെ ബാക്കി മുഴുവനും മത്തായിയുടെയോ, ലൂക്കായുടെയോ സുവിശേഷത്തിലോ, ഇരു സുവിശേഷങ്ങളിലുമോ കാണാം. മർക്കോസിന്റെ 661 വാക്യങ്ങളിൽ 600-ഓളം വാക്യങ്ങളോ അവയുടെ ഉള്ളടക്കമോ മത്തായിയുടെ സുവിശേഷത്തിൽ ഉള്ളപ്പോൾ 350-തോളം വാക്യങ്ങളുടെ ഉള്ളടക്കം ലൂക്കായുടെ സുവിശേഷത്തിലുണ്ട്. മർക്കോസിന്റെ സുവിശേഷത്തിൽ കാണാത്ത 235-ഓളം വാക്യങ്ങൾ മത്തായിക്കും ലൂക്കായ്ക്കും പൊതുവായിട്ടുണ്ട്. ഇവയുടെ പ്രതിപാദ്യം പ്രധാനമായും യേശുവിന്റെ ദിവ്യവചസ്സുകളും പ്രസംഗങ്ങളുമാണ്. ഇതിനു പുറമേ ഓരോ സുവിശേഷത്തിലും മററുള്ളവയിൽ കാണാത്ത ചില ഭാഗങ്ങളുമുണ്ട്.

ആദ്യത്തെ മൂന്നു സുവിശേഷങ്ങളും തമ്മിൽ ഉള്ളടക്കത്തിലും, പൊതുവായ ഘടനയിലും ഭാഷാശൈലിയിലും സാധർമ്മ്യങ്ങൾ കാണാം. മർക്കോസിന്റെ വിവരണങ്ങളിൽ 95 ശതമാനവും മത്തായിയുടെ സുവിശേഷത്തിൽ ഉണ്ട്; നല്ലൊരു ഭാഗം ലൂക്കായുടെ സുവിശേഷത്തിലും. വിവരണങ്ങളുടെ പൊതു ക്രമീകരണം, യേശുവിന്റെ ജ്ഞാനസ്നാനം, മരുഭൂമിയിലെ വാസം, ഗലീലിയിലെ പ്രവർത്തനം, ഓർശ്ലേത്തെ പരിസമാപ്തി എന്നീവിധത്തിലാണ്. ഒരേ രൂപത്തി

www.malankaralibrary.com

ലുള്ള വാക്യങ്ങൾ മൂന്നു സുവിശേഷങ്ങളിലും പലപ്പോഴും കാണുന്നുണ്ട്. ഉദാ: മർക്കോ 2:10; മത്തായി 9:6; ലൂക്കാ 5:24; മർക്കോ 1:16; മത്തായി 4:18. ഇത്രയും സാമ്യമെല്ലാമുണ്ടെങ്കിലും സുവിശേഷങ്ങൾ തമ്മിൽ വ്യത്യാസങ്ങളുമുണ്ട്. ചിലപ്പോൾ ഒരേ സംഭവ വിവരണത്തിൽപോലും ഭിന്നതകൾ കാണാം. ഈ സാധർമ്മ്യങ്ങളും വ്യത്യാസങ്ങളും എങ്ങനെ വിശദീകരിക്കാമെന്നത് ആരംഭകാലം മുതൽ വ്യാഖ്യാതാക്കളെ അലട്ടിയിരുന്ന പ്രശ്നമാണ്. സുവിശേഷവിവരണങ്ങളിൽ വൈപരീത്യങ്ങൾ എങ്ങനെ കടന്നുകൂടിയെന്ന് ആദിമ ക്രൈസ്തവർ അത്ഭുതപ്പെട്ടിരുന്നു. വ്യത്യാസങ്ങളെ തൃപ്തികരമാം വിധം വിശദീകരിക്കുന്നതിനു ചില ശ്രമങ്ങൾ നടക്കാതിരുന്നിട്ടുമില്ല. ഉദാഹരണത്തിനു സെൻറ് അഗസ്റ്റിൻെറ De Consensu Evangelistarum.

മത്തായിയുടെ സുവിശേഷമാണ് ആദ്യത്തേതെന്നും, മർക്കോസും, ലൂക്കായും അതിൻെറ വ്യത്യസ്തരൂപങ്ങൾ മാത്രമാണെന്നുമായിരുന്നു പാരമ്പര്യാഭിമതം. കാലക്രമേണ സമാന്തര സുവിശേഷങ്ങൾ (Synoptics) മറ്റൊരു പ്രാഥമികസുവിശേഷത്തെ ആശ്രയിച്ചെഴുതിയതാണെന്നും (J. G EICHHORN), അതല്ല വിവിധ മൂലരേഖകളെ ആശ്രയിച്ചെഴുതിയതാണെന്നും (F. SCHLEIERMACHER) സുവിശേഷകന്മാർ പരസ്പരം ആശ്രയിക്കാതെ വാചികാപാരമ്പര്യത്തെ മാത്രം ആശ്രയിച്ചെഴുതിയതാണെന്നും (J. G. HERDER) വിവിധാഭിപ്രായങ്ങളുണ്ടായി. സുവിശേഷകന്മാർ പരസ്പരം ആശ്രയിച്ചെഴുതിയതാണെന്ന അഭിപ്രായത്തിനു വിവിധ വ്യാഖ്യാനങ്ങളുമുണ്ടായി. മർക്കോസും ലൂക്കായും മത്തായിയെ ആശ്രയിച്ചാണെഴുതിയതെന്നും, അതല്ല മത്തായിയും, ലൂക്കായും മർക്കോസിനെയാണാശ്രയിച്ചതെന്നും, ഇന്നറിയപ്പെടുന്ന സമാന്തരസുവിശേഷങ്ങൾ അറമായയിലുള്ള മത്തായിയുടെ സുവിശേഷത്തെ ആശ്രയിക്കുന്നെന്നും മററുമുള്ള അഭിപ്രായങ്ങൾ പൊന്തിവന്നു. മത്തായിയും ലൂക്കായും മർക്കോസിൻെറ സുവിശേഷത്തേയും യേശുവിൻെറ പ്രസംഗങ്ങളുടെ ഒരു സമാഹാരത്തേയും ('Q') ആശ്രയിച്ചാണെഴുതിയതെന്ന് KARL LACHMANN (1835) അഭിപ്രായപ്പെട്ടു. G WILKE-യും, H WEISSE-യും ഈ വാദഗതിയെ വിശദീകരിക്കയും വികസിപ്പിക്കയും ചെയ്തു. ഇതനുസരിച്ചു മത്തായിക്കും, മർക്കോസിനും, ലൂക്കായ്ക്കും പൊതുവായിട്ടുള്ളവ മർക്കോസിൻെറ സുവിശേഷത്തിൽ നിന്നും, മത്തായിക്കും, ലൂക്കായ്ക്കും പൊതുവായിട്ടുള്ളവ "Q" വിൽ നിന്നും വരുന്നു. ഇന്നു മിക്കവരും സ്വീകരിക്കുന്ന ഈ അഭിപ്രായത്തിനും സുവിശേഷങ്ങളുടെ പരസ്പരാശ്രയത്വം സംബന്ധിച്ച എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം കൊടുക്കാൻ കഴിവില്ല. സിനോപ്ററിക്ക് പ്രശ്നമെന്നറിയപ്പെടുന്ന

www.malankaralibrary.com

ഈ പ്രശ്നത്തിനു് ഇതേവരെയും സർവ്വസമ്മതമായ ഒരു തീരുമാനം ഉണ്ടായിട്ടില്ലെന്നു പറയുകയാവും ശരി.

സുവിശേഷങ്ങളുടെ പരസ്പരബന്ധത്തെപ്പററി ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരുന്നപ്പോൾ തന്നെ സുവിശേഷവിവരണങ്ങളുടെ വിശ്വാസ്യതയും, വാസ്തവികതയും നിഷ്കൃഷ്ടമായ പരിശോധനയ്ക്കും നിരൂപണത്തിനും വിധേയമായി. ചരിത്രപുരുഷനായ ക്രിസ്തുവിനെപ്പററിയുള്ള നിരൂപണാത്മകമായ അന്വേഷണം ആരംഭിക്കുന്നതും ഏതാണ്ടു് ഇക്കാലത്താണു്. യുക്തിവാദികളുടെയും സ്വതന്ത്രചിന്തകരുടെയും അപഗ്രഥനത്തിനും നിരൂപണത്തിനും വിഷയമായി, സുവിശേഷങ്ങൾ. സാമുവെൽ റൈമാറുസിന്റെ അഭിപ്രായത്തിൽ (1694–1768) യേശു ഒരു തീവ്രവാദിയാണു്. താൻ മെസയായാണെന്നു യേശു വിചാരിച്ചു. പൊതുജനപിന്തുണയോടെ റോമൻഅധികാരികളെ ഓടിച്ചു രാജ്യസ്ഥാപനം നടത്താമെന്നു വ്യാമോഹിച്ചു. പക്ഷേ എല്ലാം നിഷ്ഫലമായി. ഉയിര്ത്തെഴുനേൽപ്പും മററും ശിഷ്യർ കെട്ടിച്ചമച്ച കഥകളാണു്. D. F. STRAUSS (1808–1874) ആണു വേറൊരു 'ക്രിസ്തുചരിത്ര' കാരൻ. സ്ട്രൗസിന്റെ അഭിപ്രായത്തിൽ യേശു ചരിത്രപുരുഷനാണു്. പക്ഷേ സുവിശേഷവിവരങ്ങൾ ഐതിഹ്യങ്ങളും ഗൂഢാത്മകഥകളുമാണെന്നു് അദ്ദേഹം വാദിച്ചു.

''ദ്വൈതസ്രോതസ്സ്''' സിദ്ധാന്തത്തിന്റെ ആവിർഭാവത്തോടെ മർക്കോസിന്റെ സുവിശേഷത്തിന്റെ ആധികാരികത്വം വർദ്ധിച്ചു. മർക്കോസിന്റെ സുവിശേഷത്തെ അസന്നിഗ്ദ്ധവും ആധികാരികവുമായ ഒരു രേഖയായും, യേശുചരിത്രത്തിന്റെ വിശ്വസ്തചിത്രീകരണമായും സങ്കല്പിച്ചുകൊണ്ടു പല 'ലിബറൽ' ചരിത്രകാരന്മാരും യേശുചരിത്രങ്ങളെഴുതി. ബർണാർഡ് വൈസ് (1827–1918) ജൂലിയൂസ് ഹോൾട്ട്സ്മാൻ (1832–1910) എന്നിവരുടെ ക്രിസ്തുചരിതങ്ങളാണു് ഇവയിൽ മുഖ്യം. 'ലിബറൽ' ചരിത്രകാരന്മാർ യേശുവിനെ ഒരു ധർമ്മശാസ്ത്രകാരനായും, യേശുവിന്റെ പാഠങ്ങളെ ധർമ്മശാസ്ത്രമായും വീക്ഷിച്ചു. എന്നാൽ മെസയാനിക രഹസ്യത്തെക്കുറിച്ചു് വില്യം റേഡെ എഴുതിയ ഗ്രന്ഥം (1901) ലിബറലിസ്റ്റ് ചിന്താഗതിയുടെ അടിസ്ഥാനതത്വങ്ങളെ ചോദ്യംചെയ്തു. സുവിശേഷങ്ങൾ ജീവചരിത്രങ്ങളല്ലെന്നും അവയിൽനിന്നു ക്രിസ്തുചരിത്രം തയാറാക്കുക സാദ്ധ്യമല്ലെന്നും റേഡെ വാദിച്ചു.

സിനോപ്റ്ററിക്ക് പ്രശ്നം സംബന്ധിച്ച ഗവേഷണങ്ങളും പുരോഗമിക്കുന്നുണ്ടായിരുന്നു. മർക്കോസിന്റെ സുവിശേഷത്തിന്റെ മൂലരൂപം കണ്ടെടുക്കുന്നതിനായിരുന്നു ചിലരുടെ ശ്രമം. ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ

www.malankaralibrary.com

സിനോപ്റ്റിക്ക് പ്രശ്നം സംബന്ധിച്ച ഗവേഷണങ്ങൾ ഗതി മുട്ടി നിൽക്കുമ്പോഴാണ് 'രൂപനിരൂപണ'ത്തിന്റെ ഉത്ഭവം. സുവിശേഷങ്ങൾ ലിഖിതരൂപം പ്രാപിക്കുന്നതിനുമുമ്പുള്ള ചരിത്രം ഈ നിരൂപണശാഖ ഗവേഷണവിഷയമാക്കുന്നു. ലിഖിതരൂപംപ്രാപിക്കുന്നതിനുമുമ്പ് സുവിശേഷങ്ങൾ അനേകം ചെറുഖണ്ഡങ്ങളായി വാമൊഴിയായി കൈമാററം ചെയ്യപ്പെട്ടിരുന്നെന്നു K. L. SCHMIDT (1919) വാദിച്ചു. സുവിശേഷകന്മാർ സ്ഥലകാല സൂചനകൾ ഇല്ലാത്ത ചെറുഖണ്ഡങ്ങളെ സമാഹരിച്ചു പരസ്പരം ബന്ധിക്കുന്ന സംയോജകവാക്യങ്ങൾ എഴുതിച്ചേർക്കുകയാണു ചെയ്യുന്നതു്. 1919-ലും അതിനടുത്ത വർഷങ്ങളിലുമായി ഈ വിഷയം സംബന്ധിച്ച് **M. DIBELIUS, R. BULTMANN, G. BERTRAM, M. ALBERTZ** എന്നിവരുടെ ഗ്രന്ഥങ്ങൾ പുറത്തുവന്നു. ഇവർ ഹെർമാൻ ഗുങ്കലും, ഹ്യൂഗോ ഗ്രെസ്മാനും പഴയനിയമത്തിൽ പരീക്ഷിച്ചുനോക്കിയ ഒരു നിരൂപണമാർഗ്ഗം പുതിയനിയമത്തിൽ പരീക്ഷിച്ചുനോക്കുകയായിരുന്നു. ഇതനുസരിച്ച് ഗവേഷണം ലിഖിതരേഖകളിൽ ഒതുങ്ങിനിൽക്കാതെ അവയ്ക്കു പിന്നിലുള്ള അലിഖിത പാരമ്പര്യത്തിലേക്കു കടന്നുചെല്ലണം. ലിഖിതഗ്രന്ഥങ്ങളിൽ അടങ്ങിയിരിക്കുന്ന വിവിധ ഖണ്ഡങ്ങളും അവരുടെ രൂപീകരണചരിത്രവും നിഷ്കൃഷ്ടമായി പരിശോധിച്ചുകൊണ്ടു മൂലരൂപങ്ങൾ നിർണ്ണയിക്കാം. ബുൾട്ടുമാനും, ഡിബേലിയൂസും സുവിശേഷങ്ങളിൽ വിവിധ സാഹിത്യരൂപങ്ങളിൽപെട്ട അനേകം ചെറു ഖണ്ഡങ്ങൾ തിരിച്ചെടുക്കുന്നു. ബുൾട്ടുമാൻ ചരിത്രപുരുഷനായ യേശുവിനെ അവഗണിച്ചുകൊണ്ടു് വിശ്വാസത്തിന്റെ സൃഷ്ടിയായ ക്രിസ്തുവിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വിശ്വാസത്തിനു ചരിത്രപുരുഷനായ യേശു എങ്ങനെയുള്ള ആളായിരുന്നുവെന്നു് അറിയേണ്ട ആവശ്യമില്ല. (''യേശുവിന്റെ ജീവിതത്തേയും വ്യക്തിത്വത്തേയുംപററി നമുക്കു് ഒന്നുംതന്നെ അറിയാനും കഴിയുകയില്ല'') സുവിശേഷങ്ങളിലെ ക്രിസ്തു വിശ്വാസി സമൂഹത്തിന്റെ സൃഷ്ടിയാണു്.

സുവിശേഷകന്മാരെ വെറും സമാഹർത്താക്കളായിക്കാണാതെ യഥാർത്ഥ 'രചയിതാ'ക്കളായി കാണണമെന്നു് അടുത്തകാലത്തു പലരും വാദിക്കുന്നുണ്ടു്. ഇതനുസരിച്ച് ഓരോ സുവിശേഷകനും സവിശേഷമായ കാഴ്ചപ്പാടും സ്വന്തമായ ദൈവശാസ്ത്രവുമുണ്ടു്. സമൂഹത്തിൽ നിന്നു സ്വീകരിക്കുന്ന പാരമ്പര്യത്തിനു് അയഞ്ഞ ഒരു ചട്ടക്കൂടു നിർമ്മിക്കുന്നതുകൊണ്ടു തൃപ്തിപ്പെടാതെ, തിരഞ്ഞെടുത്തും, ക്രമീകരിച്ചും, വ്യാഖ്യാനിച്ചും സുവിശേഷകൻ തന്റെ കാഴ്ചപ്പാടിൽ ക്രിസ്തുവിനെ അവതരിപ്പിക്കുന്നു. വില്ലിമാർക്സൻ, ഗൃന്തർ ബോറ്ൻകാം, വോൾഫ്ഗാംഗ് ട്രില്ലിംഗ്, ഹാൻസ് കോൺസൽമാൻ തുടങ്ങിയവർ ഈ രീതിയിൽ സുവിശേഷങ്ങളെ പഠിച്ചു.

www.malankaralibrary.com

1950–നു ശേഷം ബുൾട്ട്മാൻെറ ശിഷ്യന്മാരിൽ ചിലർ തന്നെ ''നൂതനാന്വേഷണം'' ആരംഭിച്ചു. അടിസ്ഥാനപരമായ അവിശ്വാസം ആവശ്യമില്ലെന്നും, ആദിമസഭയുടെ പ്രഘോഷണത്തിനു ചരിത്രാടിസ്ഥാനമുണ്ടെന്നും, സഭയുടെ പ്രഘോഷണവും ചരിത്രപുരുഷനായ യേശുവും തമ്മിൽ യഥാർത്ഥ ബന്ധമുണ്ടെന്നും ഏർണസ്റ്റ് കേസെമാൻ, ഏർണസ്റ്റ് ഫുക്സ്, ഗുന്തർ ബോർൻകാം, ജെയിംസ് റോബിൻസൻ, ഗെർഹാർഡ് എബെലിംഗ്, നോർമൻ പെറിൻ തുടങ്ങിയവർ വാദിക്കുന്നു. യേശുവിൻെറ യഥാർത്ഥ പ്രവൃത്തികളും വാക്കുകളും ആദിമസഭയുടെ പ്രഘോഷണത്തിൽ നിന്നു തിരിച്ചറിയുന്നതിനു കേസെമാൻ ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നുമുണ്ട്. മററുള്ളവർക്കുമുണ്ട് ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ. ചരിത്രപുരുഷനായ യേശുവിലുള്ള വർദ്ധമാനമായ ഈ താല്പര്യം ശ്രദ്ധേയമാണ്.

സുവിശേഷ വ്യാഖ്യാനരംഗത്ത് ആധുനികലോകത്തുണ്ടായിട്ടുള്ള പുരോഗതി അത്ഭുതാവഹമാണ്. ഈ നൂതനാഭിമുഖ്യങ്ങളെ പുരസ്കരിച്ച് മൂന്നു ലേഖനങ്ങളാണ് ഈ ലക്കത്തിലുള്ളത്. ചരിത്രനിരൂപണം സംബന്ധിച്ച ആദ്യലേഖനം സുവിശേഷങ്ങളുടെ വിശ്വാസ്യത, ആധികാരികത, അവ നൽകുന്ന ചരിത്രസാക്ഷ്യത്തിൻെറ യഥാർത്ഥമൂല്യം തുടങ്ങിയ കാര്യങ്ങൾ ചർച്ചചെയ്യുന്നു. അടുത്ത ലേഖനം, രൂപനിരൂപണം, സുവിശേഷങ്ങളിൽ കാണുന്ന വിവിധ സാഹിത്യരൂപങ്ങൾ എന്നിവയെപ്പററി ചുരുക്കമായി പ്രതിപാദിക്കുന്നു. മൂന്നാമത്തെ ലേഖനം രചനാനിരൂപണത്തെപ്പററിയുള്ള ഒരു സാമാന്യ വിവരണമാണ്. ചരിത്രനിരൂപണം, രൂപനിരൂപണം, രചനാനിരൂപണം തുടങ്ങിയ രംഗങ്ങളിൽ നടക്കുന്ന ഗവേഷണങ്ങളെ വായനക്കാർക്കു പരിചയപ്പെടുത്തുകയാണ് ഈ ലക്കം കൊണ്ടു് ഉദ്ദേശിക്കുന്നതു്.

പത്രാധിപർ.

www.malankaralibrary.com

**Statement about ownership and other particulars about the**

## Newspaper "BIBLE BHASHYAM"

**to be published in the first issue every year after the last day of February**

## Form IV, (See Rule 8)

| | | | |
|---|---|---|---|
| 1) | Place of Publication | – | St. Thomas Ap. Seminary<br>P. B. No. 1, Kottayam-10 |
| 2) | Periodicity of Publication | – | Quarterly |
| 3) | Printer's Name | – | Fr. Joseph Pallikaparampil |
| | Nationality | – | Indian |
| | Address | – | Rector,<br>St. Thomas Ap. Seminary<br>P. B. 1, Kottayam-10 |
| 4) | Publishers Name | – | Fr. Joseph Pallikaparampil |
| | Nationality | – | Indian |
| | Address | – | St. Thomas Ap. Seminary<br>P. B. 1, Kottayam-10 |
| 5) | Editor's Name | – | Fr. George Punnakottil |
| | Nationality | – | Indian |
| | Address | – | St. Thomas Ap. Seminary<br>P. B. 1, Kottayam-10 |
| 6) | Name and address of individuals who own the newspaper and partners or shareholders holding more than one per cent of the total capital. | | No partners, nor share-holders. This publication belongs to the St. Thomas Ap. Seminary, P. B. I. Kottayam-10, Kerala, a charitable and educational institution. |

I, Fr. Joseph Pallikaparampil, hereby declare that the particulars given above are true to the best of my knowledge and belief.

(Sd/-)
Fr: Joseph Pallikaparampil
*Publisher.*

30–3–1973

www.malankaralibrary.com

# സുവിശേഷങ്ങൾ ചരിത്രപരമോ?

സുവിശേഷങ്ങൾ സംഭവങ്ങളുടെ സ്ഥലകാല സാഹചര്യങ്ങളോടുകൂടിയ വെറും റിപ്പോർട്ടുകളല്ല. സുദീർഘവും സങ്കീർണ്ണവുമായ ഒരു പ്രക്രിയയാണ് അവയുടെ രൂപീകരണം. സുവിശേഷ രൂപീകരണത്തിൽ ആദിമ ക്രൈസ്തവ സമൂഹവും സുവിശേഷകന്മാരും അവരവരുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഫോട്ടോഗ്രാഫിക് ചിത്രങ്ങളല്ല, വിശ്വാസത്തിൽനിന്ന് ഉയിർകൊള്ളുന്ന വിവരണങ്ങളാണ് നാമതിൽ കാണുക. എങ്കിൽ സുവിശേഷങ്ങളുടെ ഉള്ളടക്കം ചരിത്രപരമോ? അത് എത്രമാത്രം ചരിത്രപരമാണ്? ആദിയായ വിഷമപ്രശ്നങ്ങളിലേയ്ക്ക് ഈ ലേഖനം വെളിച്ചം വീശുന്നു.

ക്രൈസ്തവന്റെ രക്ഷ മതകർമ്മങ്ങളുടെയോ ധാർമ്മിക നിയമങ്ങളുടെയോ വിശ്വസ്തമായ അനുഷ്ഠാനത്തിലല്ല (കർമ്മ മാർഗ്ഗം) അടങ്ങിയിരിക്കുന്നത്. അസ്തിത്വത്തിന്റെ അടിസ്ഥാനം കണ്ടെത്തുന്ന വിജ്ഞാനവും (ജ്ഞാനമാർഗ്ഗം) അതു പ്രദാനം ചെയ്യുന്നില്ല. ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയാണ് അവൻ രക്ഷ പ്രാപിക്കുന്നത്. അവിടുത്തെ ജീവിതത്തിലും മരണത്തിലും ഉത്ഥാനത്തിലും മനുഷ്യരക്ഷയ്ക്കു വേണ്ടിയുള്ള ദൈവസ്നേഹത്തിന്റെ നിർണ്ണായകമായ പ്രകടനം അവൻ കാണുന്നു. ''ലോകത്തെ തന്നോടു രമ്യപ്പെടുത്തിക്കൊണ്ട് ദൈവം മനുഷ്യനിൽ വസിച്ചു'' (2 കൊറി 5:19). ''ഈശോയാണ് കർത്താവെന്ന് അധരങ്ങൾകൊണ്ടേറ്റു പറയുകയും, ദൈവം അവിടുത്തെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിച്ചെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്പെടും'' (റോമ 10:10). ക്രൈസ്തവമതം ഒരു ഭക്തി മാർഗ്ഗമാണ്. എന്നാൽ ഈ ഭക്തിയുടെ വിഷയം ഒരു നിശ്ചിതകാലത്തും ദേശത്തും ജീവിച്ചിരുന്ന ഒരു ചരിത്രപുരുഷനാണെന്ന വ്യത്യാസമുണ്ട്. നമ്മുടെ യുഗത്തിന്റെ ആരംഭത്തിൽ അദ്ദേഹം നന്മ ചെയ്തുകൊണ്ട് പലസ്തീനായിൽ ചുററി സഞ്ചരിച്ചു; പീലാത്തോസിന്റെ ഭരണാധിപത്യത്തിൽ ക്രൂശിതനായി; സമയത്തിന്റെ അവസാനം വരെ തങ്ങളോടുകൂടിയായിരിക്കുന്നതിനുവേണ്ടി അവിടുന്ന് മരിച്ചവ

www.malankaralibrary.com

രിൽനിന്നു് ഉത്ഥാനം ചെയ്തു എന്നു് അവിടത്തെ അനുയായികൾ വിശ്വസിച്ചു. ക്രൈസ്തവമതത്തിന്റെ നിലനില്പ് ചരിത്രപുരുഷനായ ക്രിസ്തുവെന്ന അടിസ്ഥാനത്തിലാണു്.

## സുവിശേഷങ്ങൾ—ചരിത്രപുരുഷനായ ക്രിസ്തുവിനെ സംബന്ധിച്ച അടിസ്ഥാനരേഖകൾ

ചരിത്രപുരുഷനായ ക്രിസ്തുവിനെ പഠിക്കുന്നതിനു് സുവിശേഷഗ്രന്ഥങ്ങളിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. വിശുദ്ധഗ്രന്ഥത്തിനു പുറമെയുള്ള രേഖകളും ക്രൈസ്തവരെ ക്രിസ്തുവിന്റെ ആരാധകരായും, ക്രിസ്തുവിനെ പീലാത്തോസിന്റെ കാലത്തു് മർദ്ദനമനുഭവിച്ച ഒരു യഹൂദനായും ചിത്രീകരിക്കുന്നുണ്ടു്.1 ജൊസേഫൂസിന്റെ പുരാതനരേഖകൾ (Antiquities), ടാസിററസിന്റെ ചരിത്രരേഖകൾ (Annals), സ്വെത്തോണിയസിന്റെ ജീവചരിത്രങ്ങൾ, പ്ലിനിയുടെ കത്തുകൾ, താൽമുദ്ദ് എന്നിവ ക്രിസ്തുവിന്റെ അസ്തിത്വത്തെ സംശയാതീതമായി സ്ഥാപിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചു് അല്പം മാത്രമേ അവ പറയുന്നുള്ളൂ. ചരിത്രത്തിൽ ജീവിച്ച ക്രിസ്തുവിനെ അഭിമുഖം ദർശിക്കണമെങ്കിൽ സുവിശേഷങ്ങളിലേക്കു്, പ്രത്യേകിച്ചു് ആദ്യത്തെ മൂന്നു ഗ്രന്ഥങ്ങളിലേക്കു തിരിയേണ്ടിയിരിക്കുന്നു.

സമാന്തര സുവിശേഷങ്ങൾ (synoptic gospels) എന്നറിയപ്പെടുന്ന ഈ മൂന്നു സുവിശേഷങ്ങളും (മത്തായി, മർക്കോസ്, ലൂക്കാ) യോഹന്നാന്റേതിൽനിന്നു തികച്ചും വ്യത്യസ്തമാണു്. ഈ ഗ്രന്ഥങ്ങൾ തമ്മിൽ വളരെയേറെ സാദൃശ്യമുള്ളതുകൊണ്ടു് അവയെ ഒരു സിനപ്സിസ് ആയി സമാന്തരകോളങ്ങളിൽ ക്രമീകരിക്കാൻ സാധിക്കും. വിവിധ സുവിശേഷങ്ങളിലെ അനുരൂപ വിവരണങ്ങൾ സമാന്തരമായി ക്രമപ്പെടുത്തുമ്പോൾ സുവിശേഷപാരമ്പര്യത്തിന്റെ സമഗ്രമായ ഒരു വീക്ഷണം ലഭിക്കും. സിനോപ്സിസ് എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം സമഗ്രവീക്ഷണം എന്നാണു്.2 യേശുവിന്റെ വാക്കുകളിലും പ്രവർത്തനങ്ങളിലുംനിന്നു യോഹന്നാൻ സ്വന്തമായ ഒരു തെരഞ്ഞെടുപ്പാണു് നടത്തുന്നതു്. പീഡാസഹന വിവരണമൊഴിച്ചു് സമാന്തരസുവിശേഷങ്ങളുമായി അതിനു് കാര്യമായ സാമ്യമില്ല. തിരഞ്ഞെടുത്തവയുടെ ക്രമീകരണവും പ്രതിപാദനവും അദ്ദേഹത്തിനു സ്വായത്തമായ പ്രത്യേകരീതിയിലാണു്.

---

1. M. GOGUEL, Jesus and the Origins of Christianity, vol. 1 (New York 1960) 70–99; W. Trilling, Fragen zur Geschichtlichkeit Jesu (Dusseldorf 1967) 51–62.
2. P. GARDNER-SMITH, Saint John and the Synoptic Gospels (Cambridge 1938).

www.malankaralibrary.com

ഒരു വർഷം കൊണ്ടു് പൂർത്തിയാകുന്ന ഒന്നാണു് സമാന്തര സുവിശേഷങ്ങളിൽ കാണുന്ന പ്രതിപാദനപ തി. (യോർദ്ദാനിലെ ജ്ഞാനസ്നാനം, ഗലീലിയൻ ജീവിതം, ഓർശ്ലേത്തു വച്ചനുഭവിച്ച പീഡാസഹനവും മരണവും). ഒരിക്കൽ മാത്രമേ യേശു ഓർശ്ലേം സന്ദർശിക്കുന്നുള്ളു. യോഹന്നാന്റെ വിവരണത്തിൽമൂന്നു വഷം നീണ്ടുനിൽക്കുന്ന പ്രേഷിതജീവിതത്തിനിടയിൽ യേശു പല പ്രാവശ്യം, പ്രധാന തിരുനാളുകളിലൊക്കെ, ഓർശ്ലേം സന്ദശിക്കുന്നുണ്ടു് (യോഹ 3:14; 5:1; 7:10; 10:22). സമാന്തര സുവിശേഷങ്ങളിലെ നിശിതവും ഊർജ്ജസ്വലവുമായ പ്രസ്താവങ്ങളുടെയും (മത്താ 5—7) ജീവസ്സുററ ഉപമകളുടെയും (മത്താ 13) സ്ഥാനത്തു്, യോഹന്നാൻ സുദീർഘവും സങ്കീർണ്ണവുമായ പ്രഭാഷണങ്ങളിലാണു് യേശുവിന്റെ പ്രബോധനം ആവിഷ്കരിക്കുന്നതു് (യോഹ 5:19—47; 6:22—66;7:13—52; 8:1—59; 10:1—18). അവ പ്രകാശം—അന്ധകാരം, ജീവൻ—മരണം, സ്നേഹം—വെറുപ്പു് തുടങ്ങിയ ദ്വൈത പ്രതീകങ്ങൾ കൊണ്ടു് നിർഭരവുമാണു്. അവ യോഹന്നാന്റെ ചിന്താരീതിക്കനുസൃതമായി സുവിശേഷത്തിലെ കേന്ദ്രവിഷയങ്ങളെ ഭ്രമണം ചെയ്തു നിൽക്കുന്നു. സമാന്തര സുവിശേഷങ്ങളിലെ ഏകതാനമായ അത്ഭുതകഥകളുടെ സ്ഥാനത്തു് യോഹന്നാൻ ആറത്ഭുതങ്ങൾ മാത്രം വിവരിക്കുന്നു (യോഹ 2:1—11; 4:46—54; 5:1—19; 6:1—21; 9:1—41; 11:1—44). എന്നാൽ ഇവയെല്ലാം അദ്ദേഹം വ്യാഖ്യാനരൂപേണയുള്ള സംഭാഷണങ്ങളോടെ ദീർഘമായി പ്രതിപാദിക്കുന്നു. തൽഫലമായി ഓരോ അത്ഭുതവും ഓരോ ''അടയാളം'', അതായതു് ക്രിസ്തുവിനെ സംബന്ധിച്ച വിഷയങ്ങളുടെ (—മണവാളനായ ക്രിസ്തു, രക്ഷകനായ ക്രിസ്തു, ജീവന്റെ അപ്പമായ ക്രിസ്തു, പ്രകാശമായ ക്രിസ്തു, ഉത്ഥാനവും ജീവനുമായ ക്രിസ്തു—) മൂർത്തവും കൂദാശാപരവുമായ ദൃഷ്ടാന്തീകരണം ആയിത്തീരുന്നു.

യോഹന്നാൻ മാതൃകകളായി പ്രതിപാദിക്കുന്ന സംഭവ വിവരണങ്ങൾക്കും പ്രഭാഷണങ്ങൾക്കും വിസ്മയാവഹമായ വ്യക്തിത്വമുണ്ടു്. അവ സമാന്തരസുവിശേഷങ്ങളിലെ കഥാത്മക പ്രതിപാദനങ്ങളിലും പ്രസ്താവനകളിലും നിന്നു കെട്ടുറപ്പിലും സങ്കീർണ്ണതയിലും ആഴത്തിലും വ്യത്യസ്തമാണു്. ഇവയിൽനിന്നു് നാലാമത്തെ സുവിശേഷം പൗരാണികത്വവും മൂല്യവുമുള്ള ചരിത്രപാരമ്പര്യങ്ങൾ ഉൾക്കൊള്ളുന്നില്ല എന്നു് ധരിക്കരുതു്.[3] എന്നാൽ ചരിത്രത്തിന്റെ എന്നതിനേ

3. C. H. DODD, Historical Tradition in the Fourth Gospel (Cambridge 1963); A. J. B. Higgins, The Historicity of the Fourth Gospel (London 1960).

www.malankaralibrary.com

ക്കാരം ചരിത്രാതീതമായതിന്റെ അപ്പസ്തോലിക സാക്ഷ്യമാണ് ഇതിൽ പ്രകടമാകുന്നത്.[4] യോഹന്നാന്റെ സുവിശേഷം, ഒരളവിൽ മററു സുവിശേഷങ്ങളും, യേശു എന്തു പ്രവർത്തിച്ചു, എന്തു പറഞ്ഞു എന്നു വിവരിക്കുന്നതിനേക്കാരം യേശുവിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള പരിചിന്തനമാണ്. ചരിത്രത്തിലെ ക്രിസ്തുവിനെ പഠിക്കുന്നതിനുള്ള മുഖ്യ ആധാരം സമാന്തര സുവിശേഷങ്ങരം തന്നെയാണ്.

## സുവിശേഷങ്ങളുടെ വിശ്വാസ്യത

ഈ ആധാരകൃതികരം വിശ്വാസ്യങ്ങളാണോ? യേശുവിന്റെ വാക്കുകളുടെയും പ്രവർത്തനങ്ങളുടെയും വിശ്വാസയോഗ്യങ്ങളായ ദൃക്സാക്ഷി വിവരണങ്ങളായി സുവിശേഷങ്ങളെ അവതരിപ്പിച്ചുകൊണ്ടാണ് പാരമ്പര്യദൈവശാസ്ത്രം ഈ ചോദ്യത്തിന് ഉത്തരം നൽകിയത്. അവ എഴുതിയത് അപ്പസ്തോലന്മാരോ, (മത്തായി, യോഹന്നാൻ) അപ്പസ്തോലന്മാരുടെ ശിഷ്യന്മാരോ (മർക്കോസ്, ലൂക്കാ) ആണെന്നാണ് അവകാശപ്പെട്ടിരുന്നത്. തങ്ങളുടെ വിശ്വാസത്തിനുവേണ്ടി മരിക്കാൻപോലും ഇവർ തയ്യാറായിരുന്നു എന്നതും, അതിന്റെ പ്രഖ്യാപനത്തിന്റെ ഫലമായി പീഡനം മാത്രമായിരുന്നു ഇവക്കു ലഭിച്ചിരുന്നത് എന്നതും ഇവരുടെ സത്യസന്ധതയെ അസന്നിഗ്ദ്ധമാക്കിത്തീക്കുന്നു. തങ്ങരം എഴുതിയതിനെപ്പററി അവക്കു നേരിട്ടറിവുണ്ടായിരുന്നതിനാൽ സുവിശേഷങ്ങരം യേശുവിന്റെ വാക്കുകളുടെയും പ്രവർത്തനങ്ങളുടെയും ദൃക്സാക്ഷി വിവരണങ്ങരം ആണ്. അവിടത്തെ ചരിത്രം പഠിക്കുന്നതിനു പൂർണ്ണമായി ആശ്രയിക്കാവുന്ന ആധാരകൃതികളാണവ.[5]

പരമ്പരാഗതമായ ഈ വാദം പൂർണ്ണമായും തൃപ്തികരമായിരുന്നില്ല. ഇതു സുവിശേഷകർത്താക്കളുടെ സത്യസന്ധത വളരെയെളുപ്പം അംഗീകരിച്ചു കൊടുക്കുന്നതായി തോന്നി. മനുഷ്യപ്രേരണകളുടെ ദുർഗ്രഹമായ സങ്കീർണ്ണതയും, ആത്മവഞ്ചനയ്ക്കുള്ള അനന്തമായ സാദ്ധ്യതയും, ജീവിതത്തിൽ അബോധമനസ്സിന്റെ പ്രേരണകരം വഹിക്കുന്ന പങ്കുമെല്ലാം ഇതവഗണിക്കുന്നു. 'കള്ളം പറയുന്നതിനുവേണ്ടി ആരും കള്ളം പറയുന്നില്ല' എന്ന ചൊല്ല് വാസ്തവം തന്നെയെന്നു പറയാം. എന്നാൽ സുവിശേഷകർത്താക്കളെ സംബന്ധിച്ച് ഈ വസ്തുത പറയുക പാരമ്പര്യവിശ്വാസപ്രതിപാദകർ (apologists)

---

4. E. HOSKYNS and F. N. DAVEY, The Fourth Gospel (London 1950) 66.
5. A. DULLES, Apologetics and the Biblical Christ (London 1963) 15–25.

www.malankaralibrary.com

കരുതിയിരുന്നതിനേക്കാൾ കൂടുതൽ പ്രശ്നസങ്കീർണ്ണമാണ്. അവർ സത്യസന്ധരായിരുന്നു എന്നു സമ്മതിച്ചാൽതന്നെ (മുൻവിധിയില്ലാതെയുള്ള വായന ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്) അവർ കാര്യങ്ങൾ ശരിക്കറിഞ്ഞു എന്നു സുവ്യക്തമാണോ? തങ്ങൾ വിവരിക്കുന്ന സംഭവങ്ങൾക്ക് അവർ ദൃക്സാക്ഷികളായിരുന്നോ? അവർ കാണുകയും കേൾക്കുകയും ചെയ്തവയുടെ യഥാർത്ഥ ചിത്രീകരണമാണോ പ്രദാനം ചെയ്യുന്നത്? സുവിശേഷങ്ങൾ ദൃക്സാക്ഷികളാൽ വിരചിതമായ ജീവചരിത്രങ്ങളായി പാരായണം ചെയ്യുന്നതിനുവേണ്ടിയാണോ എഴുതപ്പെട്ടത്? ആധുനിക നിരൂപണാത്മക പഠനങ്ങൾ ഇതേപ്പറ്റി സംശയിക്കുന്നതിന് തക്ക ന്യായങ്ങൾ നൽകുന്നുണ്ട്.

## സുവിശേഷങ്ങളോടുള്ള ആധുനികസമീപനം

ആധുനികലോകത്തിന്റെ ആരംഭമെന്നു കരുതാവുന്ന പതിനേഴാം നൂററാണ്ടിലെ മഹത്തായ ബൗദ്ധികവിപ്ലവത്തോടുകൂടിയാണ് നിരൂപണാത്മക സുവിശേഷപഠനത്തിന്റെയും തുടക്കം.6 ഈ വിപ്ലവം പാരമ്പര്യോന്മുഖമായ സമുദായത്തിൽനിന്ന് അനുഭവോന്മുഖമായ സമുദായത്തിലേക്കുള്ള പരിവർത്തനത്തിന്റെ തുടക്കം കുറിച്ചു. പൂർവ്വികരുടെ പാരമ്പര്യം (വിശ്വാസം) ചോദ്യം ചെയ്യാതെ സ്വീകരിക്കുക എന്നതായിരുന്നു പാരമ്പര്യോന്മുഖമായ സമുദായത്തിന്റെ ലക്ഷണം. നിരീക്ഷണങ്ങളിലും അനുഭവങ്ങളിലുംകൂടി പരീക്ഷിച്ചു നോക്കാതെ ഒന്നും സ്വീകരിക്കുകയില്ല ("കാണാതെ ഞാൻ വിശ്വസിക്കുകയില്ല!") എന്നതാണ് അനുഭവോന്മുഖ സമുദായത്തിന്റെ പ്രത്യേകത. യാഥാർത്ഥ്യത്തോടുള്ള അടിസ്ഥാനപരമായ ഈ നൂതനസമീപനം ഏററവും വിജയകരവും പ്രകടവുമായിക്കാണുന്നത് ആധുനികശാസ്ത്രത്തിലാണ്. ശാസ്ത്രം തത്വത്തിലെങ്കിലും പൂർണ്ണമായും പരീക്ഷണനിരീക്ഷണങ്ങളെ ആശ്രയിച്ചു നിൽക്കുന്നു. എല്ലാവിധ അനുഭവ നിരപേക്ഷ വിശ്വാസപ്രമാണങ്ങളിൽ നിന്നും (apriori dogmatism) സ്വതന്ത്രവുമാണ്. അതു മനുഷ്യയത്നത്തിന്റെ എല്ലാ മണ്ഡലങ്ങളേയും, സാഹിത്യത്തെയും ചരിത്രത്തെയും പോലും സ്വാധീനിച്ചിട്ടുമുണ്ട്.

സാഹിത്യ, ചരിത്രഗ്രന്ഥങ്ങളുടെ പഠനത്തിന് നൂതനരീതികൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ നൂറമ്പതു വർഷമായി വിശുദ്ധ ഗ്രന്ഥവും ഇത്തരം പഠനത്തിന് വിഷ

6. P. HAZARD, The European Mind (1680–1715) (London 1953) 29–52; 180–97,

www.malankaralibrary.com

യമായിക്കൊണ്ടിരിക്കുന്നു. കാരണം വിശുദ്ധ ഗ്രന്ഥവും സാഹിത്യവും ചരിത്രവും ആണ്. ആദ്യമായി ഇപ്രകാരമുള്ള പഠനം പരീക്ഷിച്ചുനോക്കിയതു് മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും ഉദയത്തെ സംബന്ധിച്ച കഥാരൂപേണയുള്ള ആഖ്യാനമായ ഉല്പത്തി പുസ്തകത്തിലാണ്. തുടന്നു് യേശുവിന്റെയും സഭയുടെയും ആരംഭം സംബന്ധിച്ച അപ്പസ്തോലിക പ്രഘോഷണങ്ങളടങ്ങുന്ന സുവിശേഷങ്ങളും ഈ രീതിയിലുള്ള പഠനത്തിനു് വിധേയമായി. 7

## സുവിശേഷങ്ങൾ എഴുതിയതാരു്?

ഇത്തരം വിമർശനാത്മകമായ പഠനങ്ങളുടെ ഫലമായി സുവിശേഷങ്ങളുടെ സ്വഭാവവും ആരംഭവും സംബന്ധിച്ച പരമ്പരാഗതമായ ആശയങ്ങൾക്കു് ഇളക്കം തട്ടിയിട്ടുണ്ടു്. രണ്ടാം നൂററാണ്ടിന്റെ പൂർവ്വാർദ്ധം മുതലുള്ള ക്രൈസ്തവ പാരമ്പര്യം സ്ഥിരമായി വിശ്വസിച്ചുവന്നിരുന്നതനുസരിച്ചു് സുവിശേഷങ്ങൾ മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവരുടെ കൃതികളാണ്. മർക്കോസ്, പത്രോസിന്റെ വ്യാഖ്യാതാവാണ്. മത്തായിയായിരുന്നു ആദ്യമായി സുവിശേഷം രചിച്ചതു്. യേശുവിന്റെ കാലത്തു് പലസ്തീനയിൽ സംസാരിച്ചിരുന്ന അറമായ ഭാഷയിലായിരുന്നു ഇതു്.8 ഈ പാരമ്പര്യം പുരാതനവും അചഞ്ചലവുമാണെങ്കിലും നിരൂപണ പാണ്ഡിത്യം കരുതലോടെയാണു് ഇതു സ്വീകരിക്കുന്നതു്. പ്രസ്ഥാനങ്ങളുടെ ഉപജ്ഞാതാക്കളിൽ കർത്തൃത്വം ആരോപിച്ചുകൊണ്ടു് ഗ്രന്ഥങ്ങൾ രചിക്കുക (കൃത്രിമ നാമ സ്വീകരണം Pseudonimity) എല്ലാ മതപാരമ്പര്യങ്ങളിലും കാണുന്ന ഒരു പ്രത്യേകതയാണ്. പ്രസ്തുത ഉപജ്ഞാതാക്കൾ അവയ്ക്കു പ്രചോദനം നല്കിയിരിക്കാം, പക്ഷേ എഴുതിയിരിക്കുകയില്ല.

യേശുവിന്റെ കാലത്തെ യഹൂദ പാരമ്പര്യത്തിലും ഇതു ദൃശ്യമാണ്. ഹൈന്ദവാചാര്യന്മാരുടെയും ക്രൈസ്തവ സഭാപിതാക്കന്മാരുടെയും പേരിൽ അനേകം കൃതികൾ ആരോപിതങ്ങളായിട്ടുണ്ടു്. മോശയുടെ മരണശേഷം അനേകം നൂററാണ്ടുകൾ കഴിഞ്ഞാണു് പഞ്ചഗ്രന്ഥി വിരചിക്കപ്പെട്ടതെങ്കിലും അതിന്റെ കർത്തൃത്വം മോശയിൽ ആരോപിക്കുന്നതിൽയഹൂദ

7. A. RICHARDSON, The Bible in the Age of Science (London 1961);

L. ALONSO-SCHOEKEL, Understanding Biblical Research (NewYork 1963); S. NEILL, Interpreting the New Testament 1861–1961 (Oxford 1964).

8. N. B. STONEHOUSE, The Origins of the Synoptic Gospels(London 1964) 1–18.

www.malankaralibrary.com

പാരമ്പര്യം വിമുഖത കാണിച്ചില്ല. സങ്കീർത്തനങ്ങളുടെ കർത്താവായി ദാവീദിനെയും, (ഒരു ഡസനിലധികം സങ്കീർത്തനങ്ങൾ അദ്ദേഹത്തിന്റേതായിരിക്കാൻ സാദ്ധ്യതയില്ല എങ്കിലും)[9] വിജ്ഞാന ഗ്രന്ഥങ്ങളുടെ മുഴുവൻ കർത്താവായി സോളമനെയും അതു കണക്കാക്കി. പുതിയ നിയമത്തിനും പഴയ നിയമത്തിനുമിടയ്ക്കുള്ള കാലഘട്ടം (ക്രി. മു. 300—ക്രി. വ. 100) പണ്ടേ മരണമടഞ്ഞ മനുഷ്യരുടെ നാമത്തിൽ അറിയപ്പെടുന്ന യഹൂദവെളിപാടു ഗ്രന്ഥങ്ങൾകൊണ്ടു് നിർഭരമാണു്.[10] പന്ത്രണ്ടു ഗോത്രപിതാക്കന്മാരുടെ മരണശാസനങ്ങൾ, ഹെനക്കിന്റെ രഹസ്യങ്ങളുടെ പുസ്തകം, ബാറുക്കിന്റെ വെളിപാടു്, ആദത്തിന്റെയും ഹാവയുടെയും പുസ്തകം തുടങ്ങിയവ അവയിൽ ചിലതു മാത്രമാണു്. ആദിമ ക്രൈസ്തവ സഭയിലും, പന്ത്രണ്ടു ശ്ലീഹന്മാരുടെ നാമത്തിൽ അറിയപ്പെടുന്ന വ്യാജ സുവിശേഷങ്ങൾ (apocryphal) എഴുതപ്പെട്ടു.[11] ഉദാ: യാക്കോബിന്റെ പ്രാഥമിക സുവിശേഷം, തോമസിന്റെ സുവിശേഷം, പത്രോസിന്റെ സുവിശേഷം, ബർത്തലോമിയോവിന്റെ സുവിശേഷം. പത്രോസും, പൗലോസും, എഴുതിയതല്ലെങ്കിലും പുതിയ നിയമത്തിലെ പത്രോസിന്റെ രണ്ടാം ലേഖനത്തിന്റെയും, എബ്രായക്കുള്ള ലേഖനത്തിന്റെയും കർത്തൃത്വം യഥാക്രമം ഇവരിൽ ആരോപിതമായി.[12]

ഇപ്രകാരമുള്ള കൃത്രിമനാമസ്വീകരണം വഞ്ചിക്കണമെന്നോ, ചതിക്കണമെന്നോ, ഉള്ള ഉദ്ദേശ്യത്തോടെ ആയിരുന്നില്ല. പ്രത്യുത തികച്ചും വ്യക്ത്യധിഷ്ഠിതമായ നമ്മുടെ യുഗത്തിന്റേതിൽ നിന്നു വ്യത്യസ്തമായി പാരമ്പര്യോന്മുഖമായ സമുദായത്തിന്റെ സവിശേഷ മനോഭാവം മാത്രമാണു്, ഇതു പ്രതിഫലിപ്പിക്കുന്നതു്. ഈ സമൂഹങ്ങളിൽ 'ഗ്രന്ഥകർത്താവു്' എന്ന വാക്കിന്റെ അർത്ഥം ഇന്നത്തേതിൽ നിന്നു വ്യത്യസ്തമായിരുന്നു. ഒരു സാഹിത്യകൃതി സർഗ്ഗാത്മകപ്രതിഭയുടെ നിർമ്മിതിയായിട്ടല്ല കരുതപ്പെട്ടിരുന്നതു്. അയാൾകൂടി അംഗമായിരുന്ന സമൂഹത്തിന്റെ പാരമ്പര്യത്തിന്റെ ബാഹ്യപ്രകടനമായിരുന്നു അതു്. ഗ്രന്ഥകർത്താവു് എപ്പോഴും സമൂഹത്തിന്റെ വക്താവായിരുന്നു. എഴുതുന്ന ആളിന്റെ പേരിലല്ലാതെ എഴുത്തുകാരൻ പ്രചോദനം സ്വീകരിച്ച പാരമ്പര്യത്തിന്റെ ഉപ

9. O. EISSFELDT, The Old Testament: An Introduction (London 1966) 49–52.
10. R. H. CHARLES, The Apocrypha and Pseudepigrapha of the Old Testament, vol. 2 (Oxford 1913).
11. M. R. JAMES, The Apocrypha of the New Testament (Oxford 1924)
12. A. WIKENHAUSER, New Testament Introduction (London 1958) 465–70; 514–19.

www.malankaralibrary.com

ജ്ഞാതാക്കളായ മഹദ്‌വ്യക്തികളുടെ പേരിൽ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുക സ്വാഭാവികമായിരുന്നു. ഒരു നൂതന ദർശനത്തിന് അടിസ്ഥാനമിടുന്നവരുടെ പേരിലും, ജനങ്ങളുടെ ആദ്ധ്യാത്മിക നേതാക്കന്മാരുടെ പേരിലും ഗ്രന്ഥകർത്തൃത്വം ആരോപിക്കുന്ന ഈ പതിവുമൂലമാണ് എബ്രായർക്കുള്ള ലേഖനം പൗലോസിന്റെ പേരിലും, ഏശയ്യാ: 40 മുതൽ 55 വരെയുള്ള അദ്ധ്യായങ്ങളിലെ പ്രവചനങ്ങൾ ഏശയ്യായുടെ പേരിലും, പഞ്ചഗ്രന്ഥി മോശയുടെ പേരിലും ആരോപിതമായത്. ഈ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ ക്രൈസ്തവ പാരമ്പര്യം മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവരെ സുവിശേഷങ്ങളുടെ കർത്താക്കളായി കണക്കാക്കുന്നു എന്നതുകൊണ്ട് ഇവർതന്നെ അവ എഴുതിയിരിക്കണമെന്നില്ല.

സുവിശേഷങ്ങളുടെ സൂക്ഷ്മ പഠനം മറ്റൊരു നിഗമനത്തിലേക്കാണ് നമ്മെ നയിക്കുന്നത്. പാരമ്പര്യമനുസരിച്ച് മത്തായിയുടെ സുവിശേഷമാണ് ആദ്യമായി എഴുതപ്പെട്ടത്. പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരുവനായ മത്തായിയാണ് അതിന്റെ കർത്താവ്, എന്നാൽ മൂന്നു സമാന്തര സുവിശേഷങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തിയാൽ മത്തായിയുടേതാണ് ആദ്യത്തേതെന്നു കരുതാൻ പ്രയാസമാണ്. അതു മർക്കോസിന്റേതിനേക്കാൾ പഴക്കം കുറഞ്ഞതാണ്. രണ്ടിനും പൊതുവായുള്ള വിവരണങ്ങളിൽ മത്തായിയുടേതു് ദൈവശാസ്ത്രപരമായി കൂടുതൽ വികാസം പ്രാപിച്ചതാണ്; ഭാഷാശൈലി മെച്ചപ്പെട്ടതുമാണ്. രണ്ടു പേർക്കും പൊതുവായിട്ടുള്ള ഗ്രന്ഥഭാഗങ്ങൾ പരിശോധിച്ചാൽ ഇതു മനസ്സിലാകുന്നതാണ്. 'അവിടെ അദ്ദേഹം വളരെ അത്ഭുതങ്ങൾ പ്രവർത്തിച്ചില്ല' (മത്താ 13:58), 'അവിടെ ഒരത്ഭുതവും പ്രവർത്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല' (മർക്കോസ് 8:5). ഇവ താരതമ്യപ്പെടുത്തുക. മർക്കോസിന്റെ വാക്കുകൾ ക്രിസ്തുവിന്റെ കഴിവുകേടിനെ സൂചിപ്പിക്കുന്നതായി തെറ്റിദ്ധരിക്കപ്പെടാവുന്നതുകൊണ്ട് മത്തായി അവയെ മയപ്പെടുത്തുകയാണ്. ഇന്നു 'ദൈതസ്രോതസ്സ്' സിദ്ധാന്തമാണ് ആധുനിക പുതിയനിയമ പണ്ഡിതന്മാരിൽ ഭൂരിഭാഗത്തിനും സ്വീകാര്യം. അതനുസരിച്ച് മത്തായിയും ലൂക്കായും അവർക്കു പൊതുവായിട്ടുള്ള കാര്യങ്ങളിൽ അവലംബമാക്കുന്ന ഒരു ആധാരകൃതി മർക്കോസിന്റെ സുവിശേഷമാണ്. മറ്റതു് മൂലപ്രമാണം എന്നർത്ഥമുള്ള ''ക്വെല്ലെ'' (Quelle) എന്ന ജർമ്മൻ പദത്തിന്റെ ആദ്യക്ഷരമായ 'ക്യൂ' (Q) എന്ന പേരിൽ അറിയപ്പെടുന്നു. ക്രിസ്തുവിന്റെ സംഭാഷണങ്ങളുടെ നഷ്ടപ്പെട്ട ഒരു ശേഖരമാണിതു്. ഈയിടെ കണ്ടുപിടിച്ച കോപ്റ്റിക് ഭാഷയിലുള്ള തോമസിന്റെ സുവി

www.malankaralibrary.com

ശേഷത്തോട്ട് സദൃശമാണിത്. [13] അങ്ങനെയെങ്കിൽ മത്തായിയും ലൂക്കായും മർക്കോസിന്റെ ഭേദപ്പെടുത്തിയ പതിപ്പുകൾ മാത്രമാണ്. 'ക്യൂ'വിൽ നിന്നുള്ള വചനങ്ങളും (അഷ്ടഭാഗ്യങ്ങൾ, കർത്തൃപ്രാർത്ഥന) ഓരോ സുവിശേഷങ്ങൾക്കും തനതായുള്ള മൂലപാരമ്പര്യങ്ങളിൽ നിന്നുള്ള വിവരണങ്ങളും, വചനങ്ങളും (യേശുവിന്റെ ശൈശവ വിവരണങ്ങൾ, കാരുണ്യത്തിന്റെ ഉപമകൾ (ലൂക്കാ 15) മർക്കോസിന്റെ സുവിശേഷത്തെ പരിപൂരണം ചെയ്യുന്നു. [14]

ഈ സാങ്കല്പികസിദ്ധാന്തം യാഥാസ്ഥിതിക വിമർശകക്ക് വിശ്വാസ പ്രമാണമാണെങ്കിലും, സുവിശേഷങ്ങൾ തമ്മിലുള്ള സങ്കീർണ്ണമായ ബന്ധം വ്യക്തമാക്കാൻ പര്യാപ്തമാണെന്നു തോന്നുന്നില്ല. എന്നാൽ മത്തായി, ആദ്യത്തെ സുവിശേഷമല്ലെന്നും അതിന്റെ രചനയിൽ മർക്കോസിന്റെ സുവിശേഷമോ തത്തുല്യമായ മൂലകൃതികളോ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും സുവ്യക്തമാണ്. ക്രി. വ. 60-നും 65-നും ഇടയ്ക്ക് മർക്കോസിന്റെ സുവിശേഷം എഴുതപ്പെട്ടു എന്നാണു പൊതുധാരണ; മത്തായിയും ലൂക്കായും ക്രി. വ. 80-നോടടുത്തും. [16]

ഗ്രീക്കുഭാഷയിലുള്ള മത്തായിയുടെ സുവിശേഷമല്ല ആദ്യത്തേത് എന്നു സമ്മതിച്ചാൽ തന്നെയും പാരമ്പര്യം പഠിപ്പിക്കുന്നതുപോലെ ഒരു അറമായ മൂലത്തിൽ നിന്ന് ഇതു രൂപം കൊണ്ടതാണ് എന്നു കരുതിക്കൂടെ? ഇതായിരുന്നു പാരമ്പര്യത്തിന്റെ അഭിമതം. എന്നാൽ രേഖകളൊന്നും ലഭിച്ചിട്ടില്ലാത്ത ഈ അറമായ സുവിശേഷത്തിന്റെ കാര്യത്തിൽ പണ്ഡിതന്മാർ കൂടുതൽ കൂടുതൽ സംശയാലുക്കളാവുകയാണ്. ഇതേപ്പറ്റിയുള്ള ഏറ്റവും പുരാതന സാക്ഷ്യം ഏഷ്യാമൈനറിലുള്ള ഹിയരാപ്പോളിസിലെ മെത്രാനായിരുന്ന പപ്പിയാസിന്റേതാണ് (ക്രി. വ. 130). സഭാചരിത്രകാരനായ എവ്സേബി

13. Published in English translation by R. GRANT and D.N. FREEDMAN as The Secret Sayings of Jesus (London 1960).

14. B. H. STREETER, The Four Gospels: A Study of Origins (London 1924); F.C. MCCOOL, "Revival of Synoptic Source Criticism", Theological Studies 17 (1956) 459–93; O. E. EVANS, "Synoptic Criticism since Streeter", Expositore Times 72 (1960/61) 259–99.

15 X. LEON-DUFOUR, "Redaktionsgeschichte of Matthew and Literary Criticism". in Jesus and Man's Hope, vol. 1 (Pittsburgh 1970) 9–36; D. L. DUGGAN, "Mark–the Abridgement of Matthew and Luke", ibid., 51–97.

16. W. G. KUEMMEL, Introduction to the New Testament (London 1966) ad rem.

www.malankaralibrary.com

യസ് അദ്ദേഹത്തെപ്പററി പറയുന്നതിങ്ങനെയാണ് ''യോഹന്നാന്റെ ശ്രോതാവും, പോളികാർപ്പിന്റെ സുഹൃത്തുമായ ഒരു പൗരാണിക മനുഷ്യൻ'' ''സ്വന്തം കൃതികളിൽ നിന്നു വ്യക്തമാകുന്നതുപോലെ അദ്ദേഹം അല്പബുദ്ധിയായിരുന്നു.''[17] ജോൺ എന്ന പുരോഹിതന്റെ സാക്ഷ്യം പപ്പിയാസ് നൽകുന്നുണ്ട്. അതനുസരിച്ച് ''പത്രോസിന്റെ വ്യാഖ്യാതാവായിതീർന്ന മർക്കോസ് തന്റെ ഓർമ്മയിൽ നിന്നു ക്രിസ്തുവിന്റെ വാക്കുകളും പ്രവർത്തനങ്ങളും, ക്രമാനുസൃതമായല്ലെങ്കിലും, വ്യക്തമായി രേഖപ്പെടുത്തി.'' ''മത്തായി ഹീബ്രൂ ഭാഷയിലാണ് ദിവ്യവചനങ്ങൾ എഴുതിയത്. ഓരോരുത്തരും കഴിവനുസരിച്ച് അതു വ്യാഖ്യാനിക്കുകയും ചെയ്തു.''[18] ഇതു് മത്തായി എഴുതിയ അറമായ സുവിശേഷത്തിന്റെ അസന്നിഗ്ദ്ധ സാക്ഷ്യമായി തോന്നിയേക്കാം. എന്നാൽ ഈ തെളിവു് ഒററ നോട്ടത്തിൽ കാണുന്നതിനേക്കാൾ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. മത്തായി എഴുതിയ 'ദിവ്യവചനങ്ങൾ' യഥാർത്ഥത്തിൽ സുവിശേഷമായിരുന്നോ, അതോ ഈ വാക്കു സൂചിപ്പിക്കുന്നതുപോലെ യേശുവിന്റെ പ്രബോധനങ്ങളുടെ ഒരു ശേഖരം, ഒരു പക്ഷേ 'ക്യൂ' മാത്രമായിരുന്നോ?[19] അദ്ദേഹമെഴുതിയത് ഹീബ്രൂ (അറമായ) ഭാഷയിലാണോ, അതോ, മററു ചിലർ, ഈ ഭാഗം തർജ്ജമ ചെയ്യുന്നതുപോലെ, 'ഹീബ്രൂ ശൈലിയിൽ' മാത്രമോ?—തുടങ്ങിയ ചോദ്യങ്ങൾ പൊന്തിവരുന്നു. അങ്ങനെയെങ്കിൽ പപ്പിയാസ്, ''അടുക്കും ചിട്ടയുമില്ലാതെ''—അതായതു് സാഹിത്യഗുണമില്ലാത്ത ശൈലിയിൽ—മർക്കോസും, ''ഹീബ്രൂ ശൈലിയിൽ''—അതായതു് ഗ്രീക്കു ഭാഷയിൽ, സെമിററിക് സാഹിത്യത്തിന്റെ ഘടനയും രൂപങ്ങളുമുപയോഗിച്ച്—മത്തായിയും, എഴുതിയവ തമ്മിലുള്ള വൈരുദ്ധ്യം കാണിക്കുകയായിരിക്കാം ചെയ്യുന്നതു്. മത്തായിയുടെ അറമായ സുവിശേഷ പാരമ്പര്യം പപ്പിയാസിന്റെ പ്രസ്താവന തെററിദ്ധരിച്ചതിന്റെ ഫലമായി ഉടലെടുത്തതായിരിക്കണം. മററു കാരണങ്ങളാലും ഇതുചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്.[20]

അറമായ സുവിശേഷം ഉണ്ടായിരുന്നെങ്കിൽതന്നെ അതും, മത്തായിയുടെ ഇന്നറിയപ്പെടുന്ന സുവിശേഷമവുമായുള്ള

---

17. Eusebius, Hist. Ecc. 3, 39, 1, cited from P. SCHAFF and H. WACE. A Select Library of Nicene and Post Nicene Fathers of the Christian Church, 2nd series, vol 1 (New York 1890) 170.
18. Ibid, 172.
19. T. W. MANSON, The Sayings of Jesus (London 1949) 16-20.
20. J. KUERZINER, "Das Papiaszeugnis und die Erstgestalt des Mattaeus evangeliums", Biblische Zeitschrift 4 (1960) 19–38.

www.malankaralibrary.com

ബന്ധം വളരെ അകന്നതും നേരിയതുമാണ്. മത്തായിയുടെ നമുക്കു കിട്ടിയിട്ടുള്ള സുവിശേഷം ഒരു വിവർത്തനമാണെന്നു കരുതാനാവില്ല. അതിലെ പകുതിയിലധികം പദങ്ങൾ മർക്കോസ് ഉപയോഗിച്ചിരിക്കുന്നവതന്നെയാണ്. ബാർക്ലേയുടെ അഭിപ്രായം ഇങ്ങനെയാണ് ''ഹീബ്രൂവിലെഴുതുന്ന ഒരാളല്ല, മർക്കോസിന്റെ ഗ്രീക്കുഭാഷ ഉപയോഗിക്കുന്ന ഒരാളാണ് മത്തായി.'' 21 അറമായ സുവിശേഷം, അങ്ങനെയൊന്നുണ്ടെങ്കിൽ, സുവിശേഷത്തിന്റെ വളരെ അകന്ന അടിസ്ഥാനമാത്രമേ ആകൂ. ഗ്രന്ഥകർത്തൃത്വത്തിന്റെ പ്രശ്നത്തിൽ അത് തീരെ അപ്രസക്തവുമാണ്.

മത്തായിയുടെ ഇന്നറിയപ്പെടുന്ന സുവിശേഷം അപ്പസ്തോലനായ മത്തായി എഴുതിയതായിരിക്കാൻ സാദ്ധ്യതയില്ലെന്നാണ് ഈ വസ്തുതകൾ വ്യക്തമാക്കുന്നത്. സുവിശേഷത്തിന്റെ അടിസ്ഥാനം ദൃക്സാക്ഷി അനുഭവമല്ല, മൂല പ്രമാണങ്ങളാണ്. ഓർമ്മകളുടെ വെളിച്ചത്തിൽ തെരഞ്ഞെടുത്ത് പ്രസാധനം ചെയ്തവയല്ല അവ. മത്തായിയുടെ സുവിശേഷം മർക്കോസിൻറേതിനോളം ജീവസ്സുററതും വ്യക്തിമുദ്ര വഹിക്കുന്നതുമല്ല. വികസിതമായ ദൈവശാസ്ത്രവും ക്രമീകൃതമായ മതബോധവുമാണ് അതിനു പിന്നിലുള്ളത്. ദൃക്സാക്ഷിയുടെ സംഭവവിവരണമല്ല അത്. പ്രത്യുത മർക്കോസിന്റെയോ അതുപോലുള്ള മൂല പ്രമാണങ്ങളുടെയോ പരിഷ്കരിച്ച പതിപ്പാണ്. അങ്ങനെയെങ്കിൽ അത് മത്തായി അപ്പസ്തോലന്റെ കൃതി ആകാനിടയില്ല.

എന്നാൽ മത്തായി ശ്ലീഹായെ ആദ്യത്തെ സുവിശേഷവുമായി ബന്ധപ്പെടുത്തുന്ന പാരമ്പര്യം നിശ്ശേഷം തള്ളിക്കളയാവുന്നതല്ല. ആദിമ സഭയിലെ ഒരു പ്രമുഖ വ്യക്തി ആയിരുന്നില്ല അദ്ദേഹം. അതിനാൽ ഈ കൃതിയുമായി ബന്ധപ്പെട്ടിരുന്നില്ലെങ്കിൽ അതിന്റെ കർത്തൃത്വം അദ്ദേഹത്തിൽ ആരോപിക്കപ്പെടുമായിരുന്നില്ല. ആദ്യ സുവിശേഷത്തിന്റെ കർത്താവല്ലെങ്കിലും അപ്പസ്തോലനു് അതുമായി ഏതോ ബന്ധമുണ്ടായിരുന്നു. മത്തായിയുടെ ശിഷ്യസമൂഹത്തിൽ (School of Matthew) രൂപം കൊണ്ടതാകാം ആ സുവിശേഷം. അല്ലെങ്കിൽ അദ്ദേഹത്തിൽ നിന്നുത്ഭവിക്കുന്ന മൂല രേഖകൾ (അറമായിക് സുവിശേഷമോ, ദിവ്യവചസ്സുകളുടെ സമാഹാരമോ) ഉപയോഗപ്പെടുത്തിയിട്ടുണ്ടാവാം അതിന്റെ നിർമ്മിതിയിൽ. ഏതായാലും ഇന്നറിയപ്പെടുന്ന സുവിശേഷമെഴുതിയത് അപ്പസ്തോലനായ മത്തായി ആയിരുന്നില്ല. അതിന്റെ കർത്താവു് ഗ്രീക്കു സംസാരിക്കുന്ന അജ്ഞാത നാമാവായ ഒരു

21. W. BARCLAY, The First Three Gospel (London 1966) 200

www.malankaralibrary.com

യഹൂദ ക്രൈസ്തവനാണ്. തന്റെ സഭയിൽ നിന്നുകൊണ്ട് സഭയ്ക്കുവേണ്ടി എഴുതിയ ഒരു സഭാത്മക സുവിശേഷമായിരുന്നു അത്.

യോഹന്നാന്റെ 'അപ്പസ്തോലിക' സുവിശേഷത്തെ സംബന്ധിച്ചും ഈ വസ്തുതകൾ ശരിയാണ്. ഈ സുവിശേഷം 'യേശു സ്നേഹിച്ച ശിഷ്യൻ' എഴുതിയതാണെന്ന് കരുതപ്പെടുന്നു, (യോഹ 19:26; 35; 21:24). അജ്ഞാത നാമാവായ ഈ വ്യക്തിയെ പരിപൂർണ്ണ ക്രൈസ്തവന്റെ പ്രതീകമായി ലവാസിയും, യോഹന്നാന്റെ ശിഷ്യഗണമായി ക്രാഗെറുഡും, യവന സഭയായി ബുൾട്ട്മാനും മനസ്സിലാക്കുന്നു. ലാസറസ്, ജോൺ മാർക്ക് (നട 12:12) പുരോഹിതനായ യോഹന്നാൻ, മത്തിയാസ് (നട 1:15) ഇവരിലാരെങ്കിലുമായോ, പാരമ്പര്യ വീക്ഷണമനുസരിച്ച് സെബദിയുടെപുത്രനും, പന്ത്രണ്ടു പേരിലൊരുവനുമായ യോഹന്നാനായോ ഇയാളെ മനസ്സിലാക്കുന്നവരും ഉണ്ട്.[22] ഇവയിൽ അവസാനത്തെ അഭിപ്രായം സ്വീകരിക്കുന്നവർ പോലും, യേശു വിളിച്ച (മർക്കോസ് 1: 16–20) വിദ്യാവിഹീനനും സാധാരണക്കാരനുമായ (നട 4: 13) ഗലീലിയ മുക്കുവനിൽ ഈ സുവിശേഷത്തിന്റെ കർത്തൃത്വം ആരോപിക്കുവാൻ ഒരുമ്പെടുമെന്നു തോന്നുന്നില്ല. നല്ല ഗ്രീക്കു ഭാഷയിൽ എഴുതപ്പെട്ട പണ്ഡിതോചിതമായ ഈ സാഹിത്യകൃതി യവന ചിന്തയുടെ സാങ്കേതിക പദങ്ങൾ കൊണ്ടു നിറഞ്ഞതാണ്. ദീർഘമായ വളർച്ചയുടേയും വികാസത്തിന്റെയും ലക്ഷണങ്ങൾ കാട്ടുന്നുമുണ്ട്. അപ്പസ്തോലനായ യോഹന്നാനാണ് ഇതെഴുതിയതെന്ന് അവർ കരുതുന്നില്ല. അപ്പസ്തോലനായ യോഹന്നാനിൽ ആരംഭിക്കുന്നതും ശിഷ്യസമൂഹം നിലനിറുത്തിയതുമായ പാരമ്പര്യങ്ങൾ അദ്ദേഹത്തിന്റെ പ്രതിഭാശാലിയായ ഒരു ശിഷ്യൻ സമാഹരിച്ച് എഴുതിയതാകാം ഇതു്. ഈ പാരമ്പര്യങ്ങൾ യോഹന്നാന്റെ അനുസ്മരണകളും പരിചിന്തനങ്ങളുംവരെ ചെന്നെത്തുന്നുണ്ട്. അദ്ദേഹത്തിന്റെ സഭയിലെ സുവിശേഷ പ്രസംഗത്തിൽ ഇവയ്ക്കും ദീർഘമായ ഒരു ചരിത്രമുണ്ട്. മത്തായിയുടെ സുവിശേഷത്തിന്റെ കർത്താവിനെപ്പോലെതന്നെ യോഹന്നാന്റെ സുവിശേഷത്തിന്റെ കർത്താവും അജ്ഞാത നാമാവായ ഒരു ക്രൈസ്തവനാണ്. അദ്ദേഹം ഒരു അപ്പസ്തോലനു വേണ്ടിയോ, അപ്പസ്തോലികസഭയ്ക്കു വേണ്ടിയോ എഴുതുകയും ചെയ്യുന്നു.[23]

മർക്കോസിന്റെയും ലൂക്കായുടെയും സുവിശേഷങ്ങളുടെ പാരമ്പര്യ വിശ്വാസപ്രകാരമുള്ള കർത്തൃത്വം ചോദ്യം ചെയ്യുന്ന

22. R. BROWN, The Gospels According to John, vol. 1 (New York 1966) lxxxvii-xcii.
23. BROWN, John c-cii; R. SCHNACKENBURG, The Gospel According to St John, vol. 1 (London 1968) 100–104

www.malankaralibrary.com

തിനു തക്ക കാരണമൊന്നുമില്ല. എന്നാൽ സുവിശേഷകനായ മർക്കോസ് നടപടിയിൽ പറയുന്ന (നട 12:12, 25; 13:5, 13; 15:37, 39) മർക്കോസ് എന്ന ഉപനാമമുള്ള യോഹന്നാൻ ആയിരിക്കണമെന്നു നിർബ്ബന്ധമില്ല. പൗലോസിന്റെ ലേഖനങ്ങളിലും (കൊളോ 4:10; ഫിലമോൻ 2:4; 2 തിമോ 4:11) പത്രോസിന്റെ ഒന്നാം ലേഖനത്തിലും (5:13) പ്രസ്താവിച്ചിരിക്കുന്ന മർക്കോസും ആയിരിക്കണമെന്നില്ല. റോമാസാമ്രാജ്യത്തിൽ സർവ്വസാധാരണമായിരുന്നു മർക്കോസ് എന്ന ലത്തീൻ നാമം. ആദിമ സഭയിൽ മർക്കോസ് നാമധാരികൾ അനവധി ഉണ്ടായിരുന്നിരിക്കണം. [24] അതുകൊണ്ട് നടപടിയിൽ കാണുന്ന യോഹന്നാൻ എന്ന പരനാമമുള്ള മർക്കോസ്, ലേഖനങ്ങളിൽ കാണുന്നയാൾ തന്നെയെന്നു തീർച്ചപ്പെടുത്താനാവില്ല. ഇവരിലാരെങ്കിലുമാണ് സുവിശേഷത്തിന്റെ കർത്താവെന്നും പറയുകവയ്യ.

പാരമ്പര്യത്തിൽ കാണുന്നതുപോലെ മർക്കോസ് പത്രോസുമായി ബന്ധപ്പെട്ടിരുന്നു എന്നതു് അംഗീകരിക്കാവുന്നതാണ്. എന്നാൽ സുവിശേഷം പത്രോസ് നല്കിയ ഉദ്ബോധനങ്ങളുടെ കേവലം പകർത്തിയെഴുത്തല്ല. ടെയ്‌ലർ മർക്കോസിന്റെ സുവിശേഷത്തിന്റെ മൂന്നിലൊരു ഭാഗം (ആകെയുള്ള 661 വാക്യങ്ങളിൽ 200 എണ്ണം) പത്രോസിൽ നിന്നു വന്നതാണെന്നു സ്ഥാപിക്കുന്നു. [25] പത്രോസിൽ നിന്നുള്ളതെന്നും അല്ലാത്തതെന്നുമുള്ള ഈ വിവേചനം ഇന്നു പലരും നിഷേധിക്കുകയാണ്. ഒരു സമൂഹപാരമ്പര്യത്തിന്റെ ലക്ഷണങ്ങളാണ് അതിൽ മുഴവൻ കാണുന്നതെന്ന് അവർ കരുതുന്നു. [26] മർക്കോസ് പത്രോസിന്റെ സഹപ്രവർത്തകനായിരുന്നെങ്കിൽ ദ്ദേഹത്തിന്റെ സുവിശേഷം വെളിച്ചത്തുകൊണ്ടുവരുന്നതു് പത്രോസിന്റെ സാക്ഷ്യമല്ല, പത്രോസ് സ്ഥാപിച്ച സഭയിൽ നിലവിലിരുന്ന പാരമ്പര്യമാണ്.

## എന്താണു സുവിശേഷം?

സൂക്ഷ്മപരിശോധന സുവിശേഷകനെ പിന്നിട്ട് ആദിമസഭയിലെ പാരമ്പര്യത്തിലേക്കു നമ്മെ നയിക്കുന്നു. ഇതാണ് അവയുടെ മൂലവും പ്രഭവ സ്ഥാനവും. ദൃക്‌സാക്ഷികളെഴുതിയ ഓർമ്മക്കുറിപ്പുകളല്ല സുവിശേഷങ്ങൾ. യേശുവിന്റെ മരണം മുതൽ (ക്രി. വ. 33) ആദ്യ സുവിശേഷത്തിന്റെ

24. D. E. NINEHAM, The Gospel of St Mark (London 1963) 39
25. V. TAYLOR, The Gospel According to Mark (London 1963) P. 102.
26. NINEHAM, Mark 26–27.

www.malankaralibrary.com

ഉത്ഭവം (ക്രി. വ. 60–65) വരെയുള്ള കാലത്തു് വിവിധ ക്രൈസ്തവസമൂഹങ്ങളിൽ പ്രചരിച്ചിരുന്ന യേശുവിനെ സംബന്ധിച്ച പാരമ്പര്യങ്ങളുടെ സമാഹാരമാണവ. സുവിശേഷങ്ങൾ ആരെഴുതി എന്ന ചോദ്യം തന്നെ അപ്രസക്തമാകുകയാണു്. അവ ഓരോ ഗ്രന്ഥ കർത്താവിന്റെയും സാക്ഷ്യമല്ല; അപ്പസ്തോല സഭയിലെ പൊതുസ്മരണയുടെ പ്രകടനമാണു്.

ഈ ഓർമ്മകൾ ജീവചരിത്രപരമായിരുന്നില്ല; ഉപാഖ്യാനപരമായിരുന്നു (anecdotal). പീഡാനുഭവ വിവരണമൊഴികെയുള്ള യേശുവിന്റെ വാക്കുകളും പ്രവൃത്തികളും ഇടമുറിയാതെയുള്ള വിവരണമായിട്ടല്ല ആദിമ സഭ അനുസ്മരിച്ചിരുന്നതു്. സ്ഥലകാലങ്ങളുടെ ചട്ടക്കൂട്ടിൽ അടുക്കോടും ചിട്ടയോടും കൂടി ചുരുൾ നിവരുന്ന ഒരു ജീവചരിത്രമായിരുന്നില്ല അതു്. പ്രത്യുത കൊച്ചു കൊച്ചു കഥകളും ദിവ്യവചനങ്ങളുമായിട്ടാണു് ആദിമ സഭ അവ അനുസ്മരിച്ചതു്. ഇവ ഒററപ്പെട്ട ഘടകങ്ങളായി പ്രചരിച്ചിരുന്നു. സുവിശേഷകന്മാർ ഇവയെ സമാഹരിച്ചു. ഒരാൾ വിവിധ നിറങ്ങളുള്ള മുത്തുകൾ ഒരു ചരടിൽ കൊരുക്കുന്നതുപോലെ സുവിശേഷകന്മാർ ഇവയെ സുവിശേഷങ്ങളായി ക്രോഡീകരിച്ചു. ഒരുപക്ഷേ കേവലം രേഖാരൂപമൊഴികെ (outline) സമാന്തര സുവിശേഷങ്ങളുടെ ചട്ടക്കൂട്ടു് കൃത്രിമമാണു്. ഈ രേഖാരൂപത്തിൽ അനുസ്മരണയിൽ നിന്നു വരുന്ന തുടർച്ചയാകാം ദൃശ്യമാകുന്നതു്.[27] ചട്ടക്കൂട്ടു് രചനാകർത്താവിന്റെ ക്രമീകരണമാണു്. ഇതു ചരിത്രപരമെന്നതിനേക്കാൾ ദൈവശാസ്ത്രപരമാണു്[28]

സമാന്തര സുവിശേഷങ്ങൾ ശ്രദ്ധിച്ചു വായിച്ചാൽ ഇക്കാര്യം വ്യക്തമാകും. ഇവയിൽ കഥകൾ ഒന്നിന്റെ പുറകെ ഒന്നായി വരുന്നു. ഓരോന്നും അതിൽതന്നെ പൂർണ്ണമാണു്. മുൻപു പറഞ്ഞവയോടോ, പിന്നാലേ വരുന്നവയോടോ കാര്യമായ ബന്ധമില്ലാതെ അവ നിൽക്കുന്നു. എന്നാൽ ബാഹ്യബന്ധം സ്ഥാപിക്കുന്നതിനു് പററിയ കണ്ണികൾ ഇല്ലാതെയുമില്ല. മർക്കോസിന്റെ സുവിശേഷത്തിൽ 'ഉം'. (kai) (മർക്കോസ് 1:12, 16, 21, 29, 35 etc) മത്തായിയുടെ സുവിശേഷത്തിൽ 'അപ്പോൾ' (Tote) (മത്തായി 3:12; 4:1; 9:14; 11:20) തുടങ്ങിയ വാക്കുകൾ ബാഹ്യബന്ധം കാണിക്കുന്ന

27 C. H. DODD, "The Framework of the Gospel Tradition", Expository Times 43 (1931/32) 396–40. D. E. NINEHAM, "The Order of Events in St. Mark's Gospel. An Examination of Dr. Dodd's Hypothesis", in Studies in the Gospels (Essays in honour of R. H. Lighttfoot) (Oxford 1955) 223–39.

28. K. L. SCHMIDT, Der Rahmen der Geschichte Jesu (Brlin 1919)

www.malankaralibrary.com

തിനു സഹായകമാണ്. യേശുവിന്റെ വചനങ്ങൾ അവയുടെ പൊതുവായ വിഷയത്തിന്റെയോ അവയിലെ ഏതെങ്കിലും പ്രത്യേക വാക്കിന്റെയോ അടിസ്ഥാനത്തിൽ കൃത്രിമ വിഭാഗങ്ങളായി തരംതിരിച്ചിരിക്കുകയാണ്. (മത്തായിയുടെ അഞ്ചു നീണ്ട പ്രഭാഷണങ്ങൾ കാണുക). മത്തായിയുടെ സുവിശേഷത്തിലെ ഗിരിപ്രഭാഷണം തന്നെ ലൂക്കാ 6:20–28–നോടടുത്തുവരുന്ന ഒരു ചെറിയ പ്രഭാഷണത്തെ, മത്തായിക്കു പ്രത്യേകമായ പാരമ്പര്യത്തിൽനിന്നുള്ള ഉക്തികളുടെയും, 'ക്യൂ'വിൽ നിന്നുള്ള വളരെയധികം വാക്യങ്ങളുടെയും സഹായത്തോടെ വികസിപ്പിച്ചെടുത്തതാണ്. ഇതിനു സമാന്തരമായ വാക്യങ്ങൾ ലൂക്കായുടെ സുവിശേഷത്തിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്നു. (മത്താ 6:9–15=ലൂക്കാ 11:2–4; മത്താ 6:19–21=ലൂക്കാ 12:33, 34; മത്താ 6:22–23=ലൂക്കാ 11:34–36). തികച്ചും കൃത്രിമമായ ഒരു പ്രഭാഷണമാണിത്. നമുക്കു ലഭ്യമായിരിക്കുന്ന വിധത്തിൽ യേശു അതു പറഞ്ഞിട്ടുണ്ടാവില്ല.[29] അതുപോലെ ലൂക്കാ 16:9–13 വാക്യങ്ങൾ സമ്പത്തിനെക്കുറിച്ച് മത്തായിയുടെ സുവിശേഷത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണുന്ന പ്രസ്താവനകൾ ഒന്നിച്ചു ചേർന്നതാണ്. അവിശ്വസ്തനായ കാര്യസ്ഥന്റെ ഉപമയിലൂടെ ചില പാഠങ്ങൾ പഠിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു ഇവ കൂട്ടിച്ചേർത്തത്.[30] മർക്കോസ് 9:49–50 വാക്യങ്ങളിൽ മൂന്നു പ്രതിപാദനങ്ങൾ ഉണ്ട്. അവ 'ഉപ്പിനെപ്പററി'യാകയാൽ ഒന്നിച്ചു ചേർന്നതാണ്. ഈ സമാഹരണം മർക്കോസിനു മുമ്പുതന്നെ നടന്നിട്ടുണ്ടാവണം. രേഖപ്പെടുത്തുന്ന കഥകളുടെയും പ്രതിപാദനങ്ങളുടെയും ചരിത്രസാഹചര്യത്തിൽ, അതായതു് അവ നടന്ന സ്ഥലം. സമയം തുടങ്ങിയവയിൽ, സുവിശേഷങ്ങൾ താല്പര്യം കാണിക്കുന്നില്ല. പലപ്പോഴും അവ അജ്ഞാതവുമാണ്.

അതിനാലാണ് സുവിശേഷങ്ങളിൽ സ്ഥലകാലസൂചനകൾ അപൂർവ്വമായി മാത്രം കാണുന്നത്. ഉള്ളവതന്നെ അവ്യക്തവും പലപ്പോഴും പരസ്പരവിരുദ്ധവുമാണ്. തത്ഫലമായി പരസ്പരാനുയുക്തമായ കാലഗണനയും സംഭവങ്ങളുടെ തുടർച്ച കണ്ടെത്താനുള്ള ശ്രമവും പരാജയപ്പെടുകയാണ്. യോഹന്നാന്റെ വിവരണപ്രകാരം യേശുവിന്റെ പരസ്യജീവിതം മൂന്നു വർഷത്തോളം ദീർഘിക്കുന്നുണ്ട്. സമാന്തരസുവിശേഷങ്ങൾ ഒരു കൊല്ലം കൊണ്ട് തൃപ്തിയടയുകയാണ്. ഗിരിപ്രഭാഷണം കഴിഞ്ഞയുടനെ കൊടുങ്കാററു ശാന്തമാക്കുന്ന ഭാഗമാ

---

29. J. DUPONT, Les Beatitudes, vol. 1 (Paris 1969) I29–87.
30. J. A. FITZMVER, "The Story of the Dishonest Manager", Theological Studies 25 (1964) 23–58.

www.malankaralibrary.com

ണ്ട് മത്തായി വിവരിക്കുന്നത് (8:23_27). ഈ സംഭവത്തിൽ യേശുവിന്റെ മെസയാനിക പ്രവർത്തനങ്ങൾ ആഘോഷമായി സമാരംഭിക്കുകയാണ്. മർക്കോസ് ഇതു വിവരിക്കുന്നത് വളരെക്കഴിഞ്ഞ് ഉപമകളുടെ പ്രതിപാദനത്തിനു ശേഷമാണ് (4:36_41). ലൂക്കായുടെ സുവിശേഷത്തിൽ നസ്രത്തിൽ യേശുവിനെ നിരസിക്കുന്ന രംഗമാണ് അദ്ദേഹത്തിന്റെ പ്രേഷിത ജീവിതത്തിന്റെ ആരംഭം കുറിക്കുന്നത് (ലൂക്കാ 4:16_30). ഇതേ സംഭവം മത്തായിയുടെ സുവിശേഷത്തിലും (13:54_58) മർക്കോസിന്റെ സുവിശേഷത്തിലും (6:1_6) യേശുവിന്റെ ജീവിതത്തിലെ ആദ്യഭാഗത്തിന്റെ പരിസമാപ്തിയെയാണ് കുറിക്കുന്നത്. ദേവാലയ ശുദ്ധീകരണം പ്രേഷിതജീവിതത്തിന്റെ അവസാന ആഴ്ചയിൽ നടക്കുന്നതായിട്ടാണ് സമാന്തരസുവിശേഷങ്ങളിൽ കാണുന്നത് (മത്താ 21:12_17). യോഹന്നാൻ അതു് ആരംഭത്തിൽ നടക്കുന്നതായിട്ടും (യോഹ 2:13_22). മർക്കോസിന്റെ വിവരണപ്രകാരം യേശു ആറു മണിക്കൂർ കുരിശിൽ തൂങ്ങിക്കിടന്നു; ഒൻപതു മണിക്കായിരുന്നു ക്രൂശിക്കൽ (15:25). മദ്ധ്യാഹ്നത്തിൽ ആകാശം ഇരുണ്ടു, (15:33) മൂന്നു മണിയായപ്പോൾ യേശു മരിച്ചു (15:34). എന്നാൽ യോഹന്നാന്റെ വിവരണത്തിൽ ക്രൂശിൽ കിടന്ന സമയം മൂന്നു മണിക്കൂറിൽ കുറവാണ്, ഉച്ചയോടുകൂടി വിധിക്കപ്പെടുകയും മൂന്നു മണിക്കു മരിക്കുകയും ചെയ്യുന്നു(19:14). ലൂക്കായുടെസുവിശേഷത്തിൽ ഉത്ഥാനത്തിനു ശേഷമുള്ള പ്രത്യക്ഷീകരണങ്ങളെല്ലാം ഉത്ഥാനദിവസം തന്നെ സംഭവിക്കുന്നു. മദ്ധ്യാഹ്നത്തിനു ശേഷം എമ്മാവൂസിലേക്കുള്ള വഴിയിൽവച്ചു രണ്ടു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു (24:1). അവർ 'അതേ ദിവസം' തന്നെ ഓർശ്ലേമിലേക്കു മടങ്ങുകയും സായാഹ്നത്തിൽ മററു ശിഷ്യന്മാരുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ യേശു പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു (24:36). ഉടൻതന്നെ അദ്ദേഹം സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുന്നു (24:50). എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ ഈ സംഭവങ്ങൾ ഒരാഴ്ച നീണ്ടുനിൽക്കുന്നു. ഈസ്റ്റർ സായാഹ്നത്തിൽ തോമസൊഴികെയുള്ള അപ്പസ്തോലന്മാർക്കും ഒരാഴ്ചയ്ക്കുശേഷം എല്ലാവരും ഉള്ളപ്പോഴും പ്രത്യക്ഷപ്പെടുന്നു (20:26). (യോഹന്നാന്റെ സുവിശേഷം 21_ാം അദ്ധ്യായം പിന്നീടു കൂട്ടിച്ചേർക്കപ്പെട്ടതായതിനാൽ അതു് ഇവിടെ കണക്കിലെടുക്കുന്നില്ല). നടപടിയിൽ (ലൂക്കാ എഴുതിയതു്!) നാല്പതു ദിവസം വ്യാപിച്ചു കിടക്കുന്നതാണ് ഉത്ഥാനാനന്തര ജീവിതം. മത്തായിയുടെ സുവിശേഷത്തിൽ യേശു പന്ത്രണ്ടു പേർക്കും പ്രത്യക്ഷപ്പെടുന്നതു് ഗലീലിയിൽവച്ചു മാത്രമാണ്— (28:16_20). കല്ലറയുടെ സമീപത്തു നിന്നിരുന്ന മാലാഖ നൽകുന്ന സന്ദേശം ഓർശ്ലേത്തുവച്ചു നേരത്തെയുള്ള പ്രത്യക്ഷീകരണങ്ങൾ നിഷേധിക്കുകയാണ്. ലൂക്കായുടെ സുവിശേഷ

www.malankaralibrary.com

പ്രകാരം യേശു പന്ത്രണ്ടു പേർക്ക് പ്രത്യക്ഷപ്പെടുന്നത് ഓർശ്ലേത്തുവച്ചു മാത്രമാണ്(24:36–49). അപ്പോൾ തന്നെയുള്ള സ്വർഗ്ഗാരോഹണം (24:50–53) പിന്നീടു ഗലീലിയിൽ വച്ചുള്ള പ്രത്യക്ഷീകരണം അസാദ്ധ്യമാക്കിത്തീർക്കുന്നു.

ഇവയും ഇവയ്ക്കു പുറമെ മററനേകം വസ്തുതകളും മനസ്സിലാകണമെങ്കിൽ സുവിശേഷങ്ങൾ സഭയുടെ ആദ്യകാല വാചിക പാരമ്പര്യത്തിൽ പരസ്പര ബന്ധിതമല്ലാതെ ഒററപ്പെട്ടു പ്രചരിച്ചിരുന്ന യേശുവിന്റെ വചനങ്ങളും, അദ്ദേഹത്തെപ്പററിയുള്ള വിവരണങ്ങളും ഒന്നുചേർത്തതാണെന്നു സമ്മതിക്കാതെ തരമില്ല. സുവിശേഷകന്മാർ ചരിത്രത്തിനെന്നതിനേക്കാൾ തങ്ങളുടെ ദൈവശാസ്ത്രപരമായ വീക്ഷണത്തിനു പ്രാധാന്യം നൽകി അവയെ ക്രമപ്പെടുത്തി. മത്തായി, കടലിനെ ശാന്തമാക്കുന്ന അത്ഭുതം, മർക്കോസ് ചെയ്യുന്നതുപോലെ യേശുവിന്റെ പ്രേഷിതപ്രവർത്തനത്തിന്റെ അന്ത്യത്തിൽ കൊടുക്കാതെ ആരംഭത്തിൽ കൊടുക്കുന്നെങ്കിൽ അതദ്ദേഹം നിശ്ചിത ലക്ഷ്യത്തോടുകൂടി ചെയ്യുന്നതാണ്. അതായത് ഈ അത്ഭുതം ഗിരിപ്രഭാഷണത്തിനുശേഷം വിവരിക്കുന്ന പത്ത് അത്ഭുതങ്ങൾ ചേർന്ന പരമ്പരയിൽ പെടുത്തണം എന്ന ഉദ്ദേശ്യത്തോടെ. ഈ പത്തത്ഭുതങ്ങൾ ചിലരുടെ നോട്ടത്തിൽ ഈജിപ്തിലെ പത്ത് അത്ഭുതങ്ങൾക്കു സദൃശമാണ്. ആരംഭത്തിലും (മത്താ 4:23) അവസാനത്തിലുമുള്ള (മത്താ 9:35) യേശുവിന്റെ പ്രവർത്തനത്തിന്റെ സംഗ്രഹങ്ങളാൽ ഒന്നിച്ചു ചേർക്കപ്പെടുന്ന ഈ സമാഹാരങ്ങൾ യേശു അവിടത്തെ പ്രബോധനങ്ങളിലും (ഗിരിപ്രഭാഷണം 5–7) പ്രവൃത്തികളിലും (അത്ഭുതപരമ്പര 8–9) മെസയാ ആണെന്നു കാണിക്കുന്നതിനാണ്. ലൂക്കാ, യേശുവിന്റെ പരസ്യജീവിതാരംഭത്തിൽതന്നെ സ്വജനങ്ങൾ അദ്ദേഹത്തെ തിരസ്കരിക്കുന്ന രംഗം വിവരിക്കുന്നത് യേശുവിന്റെ പ്രേഷിതജീവിതം രണ്ട് പരസ്പര വിരുദ്ധങ്ങളായ രംഗങ്ങൾ കൊണ്ടാരംഭിക്കുന്നതിനാണ്. നസ്രസിൽ സ്വന്തം ജനങ്ങളുടെയിടയിൽ ഫലമണിയാതെ കടന്നുപോയ ദിവസത്തിനുശേഷം (ലൂക്കാ 4:16–30) കഫർനാഹോമിൽ ''മററുള്ളവരുടെ''യിടയിൽ വിജയം വരിക്കുന്ന ദിവസമാണ് (4:31–41) വരുന്നത്. യഹൂദന്മാർ തിരസ്കരിക്കുകയും വിജാതീയർ സ്വാഗതം ചെയ്യുകയും ചെയ്ത സഭയുടെ ദൗത്യത്തിന്റെ പ്രതീകാത്മകചിത്രീകരണമാണിത്. പെസഹാതിരുനാളിന്റെ തലേദിവസം മദ്ധ്യാഹ്നത്തിൽ യേശു മരണത്തിനു വിധിക്കപ്പെട്ടു എന്ന പ്രൗഢമായ പ്രസ്താവന വഴി നമ്മുടെ പാപങ്ങൾ നീക്കുന്ന യഥാർത്ഥ പെസഹാക്കുഞ്ഞാടായി യോഹന്നാൻ യേശുവിനെ ചിത്രീകരിക്കുകയാണ് (യോഹ 19:14). പെസഹാ ഭക്ഷണത്തിനുള്ള കുഞ്ഞാടുകളെ ദേവാലയത്തിൽവച്ചു കൊല്ലുന്നതിന് ആരംഭിക്കുന്ന

www.malankaralibrary.com

സമയമായിരുന്നു അതു്. തന്റെ സഭയിൽ നിലവിലിരുന്ന ദുഃഖവെള്ളിയാഴ്ച ആചരണത്തിന്റെ സ്വാധീനത്തിലായിരിക്കാം മർക്കോസ് മൂന്നു്, ആറു്, ഒൻപതു് ഈ മണിക്കൂറുകൾ തിരിച്ചു തിരിച്ചു് ആറു മണിക്കൂർ നീണ്ടുനിൽക്കുന്ന കുരിശുമരണം നൽകുന്നതു്. ഇപ്രകാരം വസ്തുതകളുടെ തെരഞ്ഞെടുപ്പിലും, ക്രമീകരണത്തിലും, പ്രതിപാദനരീതിയിലും ചരിത്രപരമെന്നതിനേക്കാൾ ദൈവശാസ്ത്രപരമായ പരിഗണനയാണു് സുവിശേഷങ്ങളിൽ ഉടനീളം കാണുന്നതു്.

സുവിശേഷങ്ങൾ ഓർമ്മക്കുറിപ്പുകളോ, സംഭവങ്ങൾ ക്രമാനുഗതമായി അനുസ്മരിച്ചെഴുതിയ ദൃക്സാക്ഷിജീവചരിത്രങ്ങളോ അല്ല. വിവിധ നിറത്തിലുള്ള കല്ലുകൾ ചേർത്തു നിർമ്മിച്ച മൊസെയ്ക് ചിത്രങ്ങൾക്കു സദൃശമാണവ. ക്രിസ്തുസംഭവത്തിന്റെ ആന്തരികാർത്ഥം വെളിപ്പെടുത്താൻ യേശുവിനെക്കുറിച്ചുള്ള പാരമ്പര്യങ്ങൾ ദൈവശാസ്ത്രാധിഷ്ഠിതമായി രൂപം കൊണ്ട ശേഖരങ്ങളാണവ. അവയുടെ താല്പര്യം സംഭവങ്ങളുടെ ബാഹ്യഗതിയിലല്ല, അതായതു് എന്തു സംഭവിച്ചു എന്നതിലല്ല, സംഭവിച്ചവ എന്തുകൊണ്ടാണങ്ങനെ സംഭവിച്ചതു്, അതിന്റെ അർത്ഥമെന്താണു് എന്നതിലാണു്.[31] ജർമ്മൻ ഭാഷയിൽ പ്രയോഗത്തിലിരിക്കുന്ന ഒരു വിവേചനമുപയോഗിച്ചാൽ സുവിശേഷങ്ങൾ ''ഹിസ്റ്റോറിയെ'' (Historie) അല്ല, ''ഗെഷീഹ്റെറ'' (Geschichte) ആണു്. 'ഹിസ്റ്റോറിയെ' വസ്തുനിഷ്ഠമായചരിത്രം, അഥവാ സംഭവങ്ങളുടെ വസ്തുനിഷ്ഠമായ വിവരണവും, ഗെഷീഹ്റെറ,ചരിത്രം എന്നെ ബാധിക്കുന്നതുപോലെ, അഥവാ വിവരിക്കുന്ന സംഭവങ്ങളിൽ വായനക്കാരനെ പങ്കാളിയാക്കുന്ന വിവരണവും ആണു്. സുവിശേഷങ്ങൾ വിശ്വാസത്തിൽനിന്നു്, വിശ്വാസത്തിലേക്കു് എഴുതപ്പെട്ട വിശ്വാസത്തിന്റെ രേഖകളാണു്. വിശ്വാസാനുഭവം മററുള്ളവരിൽകൂടി ഉണർത്തുവാൻവേണ്ടി എഴുതപ്പെട്ടവയാണവ. വിശ്വാസത്തിലൂടെ വ്യാഖ്യാനിക്കപ്പെട്ട ചരിത്രമാണവ.

## സുവിശേഷങ്ങളുടെ രൂപീകരണം

സുവിശേഷങ്ങൾ എങ്ങനെ രൂപം കൊണ്ടു എന്നു പരിശോധിച്ചാൽ അവയുടെ ചരിത്ര വ്യാഖ്യാനം വ്യക്തമാകുന്നതാണു്. ഈ ദീർഘവും സങ്കീർണ്ണവുമായ പ്രക്രിയയ്ക്കു മൂന്നു ഘട്ടങ്ങൾ ഉണ്ടു്.[32]

### a) യേശു

നസ്രത്തിലെ യേശു എന്ന ചരിത്രപുരുഷനാണു് സുവിശേഷ പാരമ്പര്യത്തിന്റെ ആരംഭം. അദ്ദേഹത്തിന്റെ

31. J. MARSH, The Gospel of St. John (London 1968) 18.
32. Cf. Sancta Mater Ecclesia (Instruction of the Biblica Commission of 21 April 1964) no 6–10.

www.malankaralibrary.com

വാക്കുകളും പ്രവൃത്തികളും ശിഷ്യന്മാർ കേൾക്കുകയും കാണുകയും ചെയ്തു. അവർ അവയുടെ ദൃക്സാക്ഷികളായിരുന്നു. യഹൂദാചാര്യന്മാർ ചെയ്തിരുന്നതുപോലെ തന്റെ പ്രബോധനങ്ങൾ മനഃപാഠമാക്കണമെന്ന് യേശു ശിഷ്യന്മാരോട് ആവശ്യപ്പെട്ടിരുന്നു എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. 'ഒരു തുള്ളി വെള്ളം പോലും നഷ്ടപ്പെടുത്താത്ത പാത്രം പോലെ' അവർ ഇതു മനസ്സിൽ സൂക്ഷിക്കുകയും തികഞ്ഞ വിശ്വസ്തതയോടെ കൈമാറുകയും ചെയ്തു.[33] ക്രിസ്തുവിന്റെ വാക്കുകൾ രേഖപ്പെടുത്തുന്നതിൽ സുവിശേഷകന്മാർ കാണിക്കുന്ന സ്വാതന്ത്ര്യം ഈ അഭിപ്രായത്തിനെതിരായി നിൽക്കുന്നു. മത്തായിയുടെ സുവിശേഷത്തിലും ലൂക്കായുടെ സുവിശേഷത്തിലും കർത്തൃപ്രാർത്ഥനയുടെ രണ്ടു വ്യത്യസ്ത രൂപങ്ങളാണ് കാണുന്നതു്. കുർബാനസ്ഥാപനത്തിന്റെ നാലു വ്യത്യസ്ത വിവരണങ്ങളാണ് സമാന്തര സുവിശേഷങ്ങളിലും കൊറീന്ത്യക്കുള്ള ഒന്നാം ലേഖനത്തിലും കാണുന്നതു്. ആദിമസഭ, ക്രിസ്തുവിന്റെ ഉദ്ബോധനങ്ങൾ യാന്ത്രികമായി, വാക്കുകൾ പോലും അതേപടി കൈമാറുകയല്ലായിരുന്നു. പ്രഭാഷണങ്ങളുടെയും പ്രവർത്തനങ്ങളുടെയും അതേ പകർപ്പ് രൂപീകരിക്കുന്നതിലായിരുന്നില്ല, സഭയുടെ ശ്രദ്ധ മുഴുവൻ. അവയുടെ ആശയം ഉൾക്കൊള്ളുക എന്നതായിരുന്നു പ്രധാനം. അതുകൊണ്ട് യേശുവിന്റെ ഉദ്ബോധനങ്ങൾ വികസിപ്പിക്കുന്നതിന് സഭയ്ക്കു മടിയില്ലായിരുന്നു. (മത്തായിയുടെ നീണ്ട കർത്തൃപ്രാർത്ഥന ലൂക്കായുടെ ചെറുതുമായി താരതമ്യപ്പെടുത്തുക). യേശുവിനെപ്പററിയുള്ള കഥകളിൽ ചില മിനുക്കുപണികൾ നടത്തുന്നതിനും അവർ മടിക്കുന്നില്ല. (മത്തായിയുടെ ശതാധിപന്റെ മകനെ സുഖപ്പെടുത്തുന്നതു ലൂക്കായുടെ സുവിശേഷത്തിലെ വിവരണവുമായി താരതമ്യപ്പെടുത്തുക). ഈ മാററം വരുത്തുന്നതു് അതിന്റെ ''ശരിയായ'' അർത്ഥം വ്യക്തമാക്കുന്നതിനാണ്. അക്ഷരങ്ങൾ കൊല്ലുകയും, സഭയിൽ ജീവിക്കുകയും നിശ്വസിക്കുകയും ചെയ്യുന്ന അരൂപി ജീവൻ നൽകുകയും ചെയ്യുന്നു എന്ന് പൗലോസിനെപ്പോലെ തന്നെ മററു സുവിശേഷവാഹകരും ബോധവാന്മാരായിരുന്നു.

## b) വാചിക പാരമ്പര്യം (Oral Tradition)

ക്രിസ്തുവിനെ കാണുകയും അവിടത്തെ വാക്കുകൾ കേൾക്കുകയും ചെയ്ത ശിഷ്യന്മാർ ക്രിസ്തുവിന്റെ മരണത്തിനും

---

33. H. RIESENFELD, "The Gospel Tradition and its Beginnings", in Studia Evangelica (Berlin 1959) 43–65; B. GERHARDSSON Memory and Manuscript. Oral and Written Transmission in Rabbinic Judaism and Early Christianity (Lund 1961).

www.malankaralibrary.com

ഉത്ഥാനത്തിനും ശേഷം അവിടത്തെ വചനങ്ങളുടെയും പ്രവൃത്തികളുടെയും ഓർമ്മ കഥകളായും ചൊല്ലുകളായും കൈമാറുകയും അവ ആദിമസഭയുടെ പ്രസംഗത്തിലൂടെയും പ്രബോധനത്തിലൂടെയും ആരാധനയിലൂടെയും പ്രചരിക്കുകയും ചെയ്തു. ക്രിസ്തുവിൻെറ ഉത്ഥാനത്തിൻെറ വെളിച്ചത്തിലായിരുന്നു ഈ കഥകൾ രൂപം കൊണ്ടതു്. ശിഷ്യന്മാരിൽ വലിയ ആഘാതമേല്പിച്ച അനുഭവമായിരുന്നു ഉത്ഥാനം. ഇതിൻെറ സ്വാധീനം ഊഹാതീതമായിരുന്നു. അതുവഴിയായിരുന്നു യഥാർത്ഥത്തിൽ ക്രിസ്തു ആരാണെന്നു് ശിഷ്യന്മാർ മനസ്സിലാക്കിയതു്. അദ്ദേഹത്തിൻെറ വാക്കുകളും പ്രവൃത്തികളും സംബന്ധിച്ച അവരുടെ അനുസ്മരണങ്ങൾക്കു് ഈ പുതിയ അറിവു് നിറം ചാർത്തിയിരുന്നു.

സഭയുടെ ഉത്ഥാനാനന്തരസ്മരണകൾ രൂപാന്തരപ്പെട്ട അനുസ്മരണങ്ങളായിരുന്നു. അതുകൊണ്ടു് ആദിമ ക്രൈസ്തവർ ക്രിസ്തുവിനെപ്പററി പ്രസംഗിച്ചപ്പോൾ തങ്ങൾ യഥാർത്ഥത്തിൽ കണ്ടതും കേട്ടതും അപ്പാടെ പ്രസംഗിക്കുകയായിരുന്നില്ല, ഉത്ഥാനാനന്തരം അവർ അവ മനസ്സിലാക്കിയ രീതിയിലായിരുന്നു. ആ വാക്കുകളും പ്രവൃത്തികളും ഉൾക്കൊള്ളുന്ന അർത്ഥം പിന്നീടു് അവർ മനസ്സിലാക്കിയതുപോലെ വെളിപ്പെടുത്തുന്ന തരത്തിലായിരുന്നു അവർ അവയ്ക്കു രൂപം കൊടുത്തതു്. അതിശയോക്തി ലേശമില്ലാത്ത, ഒഴുക്കനായ മരണവിവരണത്തിൽ മർക്കോസ് രണ്ടു വിശദീകരണങ്ങൾകൂടി കൂട്ടിച്ചേർക്കുന്നു. ദേവാലയത്തിലെ തിരശ്ശീല അടിമുതൽ മുകൾ വരെ രണ്ടായി പിളർന്നു എന്നും (15:38), യേശു ദൈവപുത്രനാണെന്നു് ശതാധിപൻ പ്രഖ്യാപിച്ചു എന്നും (15:39). കാൽവരിയിൽ യഥാർത്ഥത്തിൽ സംഭവിച്ചവയുടെ വിവരണമല്ല ഇതു്. ഉത്ഥാനം ക്രിസ്തുവിൻെറ മരണത്തിനു നൽകിയ അർത്ഥം വ്യക്തമാക്കുന്നതിനു് മർക്കോസ് സ്വീകരിക്കുന്ന മാർഗ്ഗമാണിതു്. പഴയ വ്യവസ്ഥിതിയുടെ പരിസമാപ്തിയായിരുന്നു യേശുവിൻെറ മരണം. മനുഷ്യനെ ദൈവത്തിൽ നിന്നകററിയ എല്ലാ മതിലുകളും തകർന്നു; കുരിശിൽ മരിക്കുന്ന യേശു നിന്ദ്യതയുടെ ഈ നിമിഷത്തിലും യഥാർത്ഥ ദൈവപുത്രനാണു്.

ഇത്തരത്തിലുള്ള വ്യാഖ്യാനങ്ങൾ മത്തായിയുടെ സുവിശേഷത്തിൽ ഒരു പടി കൂടി പുരോഗമിക്കുന്നു. മർക്കോസിൻെറ വിവരണത്തെ അദ്ദേഹം നാടകീയ സംഭവങ്ങളുടെ ഒരു പരമ്പര തന്നെ കൂട്ടിച്ചേർത്തു് വികസിപ്പിക്കുന്നു....ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, ശവകുടീരങ്ങൾ തുറക്കപ്പെട്ടു, മരിച്ചവർ ഉയത്തെഴുന്നേററു.... യേശുവിൻെറ മരണസമയത്തു് ഇവയെല്ലാം നടന്നതായി അദ്ദേഹം വിവരിക്കുന്നു (27:51_53).

www.malankaralibrary.com

അന്നു പ്രചാരത്തിലിരുന്ന വെളിപാടു ഗ്രന്ഥങ്ങളിൽ (Apocalyptical books) ലോകാവസാനം കുറിക്കുന്നതിനുപയോഗിച്ചിരിക്കുന്ന പ്രതീകങ്ങളാണിവ. ലോകാവസാനത്തിൽ ഇന്നത്തെ യുഗം നശിപ്പിച്ചിട്ട് നീതിയും സമാധാനവുമുള്ള പുതിയ യുഗം സ്ഥാപിക്കുന്നതിനു ദൈവം ഇടപെടും. മത്തായിയുടെ വിവരണത്തിലും യഥാർത്ഥത്തിൽ സംഭവിച്ചവയെ കേവലരൂപത്തിൽ വിവരിക്കുകയല്ല. രക്ഷയുടെയും കൃപാവരത്തിന്റെയും നൂതനയുഗത്തെ ആനയിക്കുന്ന ദൈവത്തിന്റെ നിർണ്ണായക ഇടപെടലാണു് യേശുവിന്റെ മരണമെന്നു് പറയുകയത്രെ മത്തായി ചെയ്യുന്നതു്.

യേശുവിന്റെ വാക്കുകളുടെയും പ്രവർത്തനങ്ങളുടെയും ഈ രൂപാന്തരപ്പെട്ട ഓർമ്മകൾ ആദിമസഭ കൈമാറിയതു് 'കർത്തവ്യനിർവ്വഹണോദ്ദേശ്യം' മുൻനിർത്തിയായിരുന്നു. അവളെ സംബന്ധിച്ചടത്തോളം വാക്കുകളും പ്രവൃത്തികളും നിഷ്പക്ഷമായ വെറും ഭൂതകാല സംഭവങ്ങളായിരുന്നില്ല. വർത്തമാനകാലത്തിനു രക്ഷയുടെ സന്ദേശം നൽകുന്ന യുഗാന്തസംഭവങ്ങളായിരുന്നു അവ. ആദിമ ക്രൈസ്തവർ ക്രിസ്തുവിന്റെ വാക്കുകളും പ്രവൃത്തികളും അനുസ്മരിച്ചതു്, ജിജ്ഞാസയുടെ ഫലമായിട്ടോ ചരിത്രകാരന്റെ ഭൂതകാലത്തെക്കുറിച്ചുള്ള അടങ്ങാത്ത താത്പര്യം കൊണ്ടോ ആയിരുന്നില്ല. വിശ്വാസി സമൂഹത്തിന്റെ ഉൽക്കടമായ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുക എന്നതായിരുന്നു ലക്ഷ്യം. അതുകൊണ്ടു് ''ധർമ്മനിർവ്വഹണസാഹചര്യത്തിലാണു്'' (Functional Situation) യേശുവിനെ സംബന്ധിച്ച പാരമ്പര്യങ്ങൾ അവർ കൈമാറിയതു്. പഠിപ്പിക്കുക, പ്രസംഗിക്കുക ആരാധിക്കുക എന്നിവയായിരുന്നു സഭയുടെമുഖ്യ ധർമ്മങ്ങൾ. ഈ ചുററുപാടുകളിൽ വാചികപാരമ്പര്യങ്ങൾ സഹചര്യങ്ങൾക്കനുയോജ്യമായ നിയതരൂപങ്ങൾ കൈക്കൊള്ളുകയും ചെയ്തു.[34] മർക്കോസ് 12:12–37–ൽ യഹൂദ എതിരാളികളുമായി യേശു നടത്തിയ നാലു വാദപ്രതിവാദങ്ങളാണു് കൊടുത്തിരിക്കുന്നതു്. അവയെല്ലാം ഒരേ രീതിയിലാണു് അവതരിപ്പിച്ചിരിക്കുന്നതു്. എന്നാൽ ഇതുകൊണ്ടു് ചർച്ചകൾ യഥാർത്ഥത്തിൽ നടന്നതെങ്ങനെയെന്നു പറയുവാനല്ല മർക്കോസ് ഉദ്ദേശിക്കുന്നതു്. യഥാർത്ഥചർച്ച കുറെക്കൂടി സജീവമായിരുന്നിരിക്കണം. പ്രതീക്ഷിക്കാത്ത ചോദ്യോത്തരങ്ങൾ കൈമാറിയിട്ടുണ്ടാകണം. കുറെക്കൂടി വൈവിധ്യവും അവയ്ക്കുണ്ടായിരുന്നിരിക്കണം. വിശ്വാസികളുടെ സമൂഹം അവക്കുപകാരമുള്ള ഭാഗങ്ങൾ മാത്രം സ്വീകരിച്ചു. ഉന്നയിച്ച പ്രശ്നത്തിനു് യേശു നൽകുന്ന ഉത്തരവും ചർച്ചയുടെ വിഷ

34. G. SOARES-PRABHU, "The Word of God and the Froms of Literature", Jeevadhara 1 (1971) 107–23.

www.malankaralibrary.com

യവും (....'സീസറിനു കൊടുക്കുക'....) നൽകി അവ വാദപ്രതിവാദരീതിയിൽ ആവിഷ്കരിച്ചു.

സുവിശേഷകഥകൾ മിക്കവയും സ്വന്തമായ ലക്ഷണങ്ങൾ നഷ്ടപ്പെട്ടവയാണ്. വാചികപാരമ്പര്യത്തിലൂടെ അവയെല്ലാം സമീകൃതരീതി (Standardized) യിലാവുകയും ചെയ്തിരിക്കുന്നു. അക്കാലത്ത് യവനരുടെയും യഹൂദരുടെയുമിടയിൽ പ്രചാരത്തിലിരുന്ന സാഹിത്യകൃതികളിലെ സാഹിത്യരൂപങ്ങളോട് സദൃശ്യമായ നിയതരൂപങ്ങളിൽ അവ കൈമാററപ്പെട്ടു. ഈ സാഹിത്യങ്ങളുടെ സഹായത്തോടെ രൂപനിരൂപണം (Form criticism) വഴി സുവിശേഷ പാരമ്പര്യത്തിന്റെ പല രൂപങ്ങളും തിരിച്ചറിയുന്നതിനും അവയുടെ ചരിത്രം കണ്ടുപിടിക്കുന്നതിനും (കൈമാററമനുസരിച്ച് ചില ഭാഗങ്ങൾ മാറുകയും വികസിക്കുകയും നശിക്കുകയും ചെയ്യുന്നു) അവ ഉണ്ടായ ''കർത്തവ്യനിർവ്വഹണസാഹചര്യങ്ങൾ'', സാങ്കേതിക ഭാഷയിൽ പറഞ്ഞാൽ ''Sitz im Leben'', നിശ്ചയിക്കുന്നതിനും സാധിക്കുന്നു. ഒരു കഥ അഥവാ ചൊല്ല് പ്രചരിച്ചിരുന്ന ആദിമ രൂപം വരെ ചെന്നെത്തുന്നതിന് രൂപവിമർശം വിജയകരമാകുന്ന അവസരത്തിൽ സാധിക്കുന്നു. യേശു പറഞ്ഞ കാര്യങ്ങളിൽ നിന്ന് സമൂഹം സംഭാവനചെയ്തവയെ വേർതിരിച്ചറിയുന്നതിനും സാധിക്കുന്നു.[35]

## c) സുവിശേഷങ്ങൾ

'ധർമ്മനിർവ്വഹണ' ലക്ഷ്യത്തോടെ ആദിമ സമൂഹത്തിൽ രൂപം കൊണ്ടതും നിയതരൂപത്തിൽ പ്രചരിച്ചതുമായ യേശുവിനെ സംബന്ധിച്ച കഥകളും യേശുവിന്റെ വചനങ്ങളും സുവിശേഷകന്മാർ സുവിശേഷങ്ങളായി ക്രോഡീകരിച്ചു. സമാഹരണം നേരിട്ടോ, പരോക്ഷമായോ ആകാം. സുവിശേഷങ്ങൾക്കു മുമ്പുതന്നെ കഥകളുടെയും വചനങ്ങളുടെ സമാഹാരങ്ങൾ ഉണ്ടായിരുന്നു.[36] ഇവ പാരമ്പര്യങ്ങളുടെ യാദൃച്ഛികമായുണ്ടായ അടുക്കും ചിട്ടയുമില്ലാത്ത ശേഖരങ്ങളായിരുന്നില്ല. സമർത്ഥമായി നിർമ്മിച്ച സമാഹാരങ്ങളാണ്. ഓരോ സുവിശേഷകനും തനിക്കാവശ്യമായ വസ്തുതകൾ തെരഞ്ഞെടുക്കുകയും പ്രത്യേക രീതിയിൽ ക്രമപ്പെടുത്തുകയും ചെയ്യുന്നു, ആവശ്യമെങ്കിൽ അവയെ മിനുക്കി മോടി പിടിപ്പിക്കുന്നു.

35 E. V. MCKNIGHT, What is Form Criticism (Philadelphia 1969); R. Bultmann and K. Kundsin, Form Criticism (New York 1962); V. Taylor, The Formation of the Gospel Tradition (London 1945).

36. H. W. KUHN, Aeltere Sammlungen in Markusevangelium (Goettingen 1971).

www.malankaralibrary.com

ഇങ്ങനെ അദ്ദേഹം തനിക്കു ലഭിച്ച പാരമ്പര്യത്തെ വ്യാഖ്യാനിക്കുകയും സ്വന്തമായി അടുക്കും ചിട്ടയും കൊടുക്കുകയും ചെയ്യുന്നു. ഒരു പ്രത്യേക വീക്ഷണം പ്രതിഫലിപ്പിക്കുന്ന ക്രമവത്കൃതമായ ഒരു സമാഹാരമാണ് സുവിശേഷം. അതു യേശുവിനെപ്പററിയുള്ള ഒരു സവിശേഷകാഴ്ചപ്പാടിനെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. അതിനു സ്വന്തമായ ദൈവശാസ്ത്രമുണ്ട്. മർക്കോസ് 'രഹസ്യപ്രത്യക്ഷീകരണങ്ങളുടെ' സുവിശേഷമാണ്. അതു 'ദൈവപുത്രന്റെ' ഗോപനം ചെയ്യപ്പെട്ട പ്രത്യക്ഷീകരണങ്ങളായി യേശുവിന്റെ വാക്കുകളേയും പ്രവൃത്തികളേയും ചിത്രീകരിക്കുന്നു. മത്തായിയുടേതു ഒരു സഭാസുവിശേഷമാണ്. യഥാർത്ഥ ഇസ്രായേലെന്ന് അതു സഭയെ നിർവ്വചിക്കുന്നു. മെസയായെ നിരസിച്ചതിന്റെ ഫലമായി അവകാശങ്ങൾ നഷ്ടപ്പെട്ട യഹൂദജനത്തിന്റെ സ്ഥാനത്താണതു നില്ക്കുന്നതു്. മത്തായിയുടെ സുവിശേഷത്തിലെ അഞ്ചു വലിയ പ്രഭാഷണങ്ങളിലൂടെ യേശു പഠിപ്പിച്ച നീതിമാർഗ്ഗത്തിൽ സഞ്ചരിക്കുന്ന ഉത്ഥാനം ചെയ്ത നാഥന്റെ ശിഷ്യന്മാർ ആണു സഭയുടെ അംഗങ്ങൾ. ലൂക്കായുടെ സുവിശേഷം രക്ഷാചരിത്രത്തിന്റെ ദൈവശാസ്ത്രമാണ്. യേശുവിന്റെ ജീവിതം രക്ഷയുടെ ചരിത്രമായി ചിത്രീകരിച്ചിരിക്കുന്നു. തയ്യാറെടുപ്പിന്റേതായ പഴയ നിയമകാലത്തിനും പിന്നീടുവരുന്ന സഭയുടെ ദൗത്യനിർവ്വഹണ കാലത്തിനും അർത്ഥം നൽകുന്ന ഒരു 'മദ്ധ്യമകാലമാണ്' ഈ രക്ഷയുടെ കാലം.37

തനിക്കു ലഭിക്കുന്ന പാരമ്പര്യത്തിനു കാര്യമായ വ്യതിയാനങ്ങൾ വരുത്തുന്നതിനു സുവിശേഷകന്റെ ദൈവശാസ്ത്ര ദർശനം വഴിതെളിക്കുന്നുണ്ട്. നഷ്ടപ്പെട്ട ആടിന്റെ ഉപമ മത്തായിയുടെ സുവിശേഷത്തിലും (18:10–14) ലൂക്കായുടെ സുവിശേഷത്തിലും (15:1–7) ഒന്നുതന്നെയാണ്. കാര്യമായ വ്യത്യാസങ്ങളില്ല. പക്ഷേ വ്യത്യസ്തമായ വ്യാഖ്യാനങ്ങളാണ് ഓരോരുത്തരും കൊടുക്കുന്നതു്. ചുങ്കക്കാരും പാപികളുമായി പന്തിഭോജനം നടത്തുന്ന തന്റെ പ്രവൃത്തിയെഎതിർത്ത ഫ്രീശന്മാർക്കെതിരെ യേശു നടത്തിയ ആത്മസാധൂകരണമാണ് ലൂക്കായുടെ സുവിശേഷത്തിൽ (15:1). ശ്രോതാക്കളെ ഞെട്ടി

37. J. ROHDE, Rediscovering the Teaching of the Evangelists (London 1968); R. H. FULLER, The New Testament in Current Study (London 1964); P. FANNON, "Matthew Revisted", Scripture 17 (1965) 97–103; R. S. BARBOUR "Recent Studyof the Gospel according to St. Mark", Expository Times 79 (1968) 324–29; I. H. MARSHALL, "Recent Study of the Gospel according to St. Luke", Expository Times 80 (1968/69) 4–8.

www.malankaralibrary.com

പ്പിക്കുന്നതിനും അങ്ങനെ അവരുടെ ശ്രദ്ധയാകർഷിക്കുന്നതിനുമായി അമിതാതിശയോക്തി കലർന്ന ഈ ഉപമയുടെ വ്യക്തമായ പാഠമിതാണ്: ''മനസ്താപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരെക്കുറിച്ചുള്ളതിനേക്കാൾ മനസ്തപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടായിരിക്കും'' (15:7). പാപിയുടെ മാനസാന്തരത്തിൽ ദൈവത്തിനനുഭവപ്പെടുന്ന സന്തോഷം നഷ്ടപ്പെട്ട ആടിനെ കണ്ടെത്തുന്ന ഇടയനുണ്ടാകുന്ന സന്തോഷവുമായി താരതമ്യപ്പെടുത്തിക്കൊണ്ട് ഉപമ ദൈവത്തിന്റെ ഹൃദയവികാരത്തിന്റെ ഒരു ദർശനം നമുക്കു നല്കുന്നു. അതേ ഉപമയ്ക്കു മത്തായിയുടെ സുവിശേഷത്തിൽ മറ്റൊരു വ്യാഖ്യാനമാണ് കാണുന്നത്. ശിഷ്യന്മാരെ അഭിസംബോധന ചെയ്തുകൊണ്ട് നടത്തുന്ന സമൂഹ പ്രഭാഷണത്തിൽ (18:1–34) അവരെ സഭാനേതാക്കളായി ചിത്രീകരിക്കുകയാണ്. ''ഈ ചെറിയവരിൽ ഒരുത്തനെപ്പോലും നിന്ദിക്കരുതെന്ന്'' (18:10) നേതാക്കന്മാരെ ഉപദേശിക്കുകയാണ്. പാപിയുടെ മാനസാന്തരത്തിൽ ദൈവം സന്തോഷിക്കുന്നു എന്നതല്ല അതിന്റെ പാഠം. ''ഈ ചെറിയവരിൽ ഒരുത്തൻപോലും നഷ്ടപ്പെടരുതെ''ന്നാണു ദൈവതിരുമനസ്സ് എന്നു പഠിപ്പിക്കുകയാണ് ഇവിടത്തെ ലക്ഷ്യം (18: 14). സമൂഹത്തിലെ മുതിർന്നവരുടെ കടമകളാണ് അതാവിഷ്ക്കരിക്കുന്നത്. നഷ്ടപ്പെട്ട ആടിനെ അന്വേഷിക്കുന്ന ഇടയനെപ്പോലെ ഇവർ വഴിതെറ്റിപ്പോയ ''ചെറിയവരെ'' തിരിച്ചു കൊണ്ടുവരുന്നതിന് അക്ഷീണമായ ക്ഷമ കാണിക്കണം.[38]

സുവിശേഷകന്മാർ (അവർക്കു മുൻപേ ഉണ്ടായിരുന്ന സമൂഹവും) യേശുവിന്റെ പാരമ്പര്യം വ്യാഖ്യാനിക്കുന്നതിലും വായനക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ച് അനുരൂപപ്പെടുത്തുന്നതിലും വളരെ സ്വാതന്ത്ര്യം കാണിച്ചിരുന്നു എന്നു വ്യക്തമാകുന്നു. തങ്ങൾ അരൂപിയെ ഉൾക്കൊണ്ടിരുന്നുവെന്നും തങ്ങളുടെ മദ്ധ്യത്തിൽ ഉത്ഥാനം ചെയ്ത നാഥൻ സന്നിഹിതനായിരുന്നുവെന്നും അവർക്കു ബോദ്ധ്യമുണ്ടായിരുന്നു. യേശുവിന്റെ ഉത്ബോധനങ്ങളിൽനിന്ന് അവർ മനസ്സിലാക്കിയ പാഠങ്ങൾപോലും പലപ്പോഴും അവർ അദ്ദേഹത്തിൽ ആരോപിച്ചിരുന്നു.

ഓരോ സുവിശേഷകനും പാരമ്പര്യത്തിനു ചെയ്ത സംഭാവനകൾ രചനാചരിത്രം (Redaction criticism) പഠനവിഷയമാക്കുന്നു. രചനാചരിത്രം സുവിശേഷകന്റെ പ്രത്യേക ദൈവശാസ്ത്രം മനസ്സിലാക്കുന്നതിനും അദ്ദേഹത്തിന്റെ നിർമ്മാ

38. J. JEREMIAS, Rediscovering the Parables (London 1966) 105–108.

www.malankaralibrary.com

ണപ്രവൃത്തിയെ (രചനാകർത്താവെന്ന നിലയിൽ അദ്ദേഹം നടത്തുന്ന പരാമർശങ്ങളും തിരുത്തലുകളും) പാരമ്പര്യത്തിൽനിന്നു വേർതിരിക്കുന്നതിനും ശ്രമിക്കുന്നു.[39]

## സുവിശേഷങ്ങളുടെ ചരിത്രപരത

പരമ്പരാഗതമായ വിശ്വാസസംരക്ഷണശാസ്ത്രം (apologetics) കരുതിയിരുന്നതിനേക്കാൾ സങ്കീർണ്ണമാണ സുവിശേഷങ്ങളുടെ ചരിത്രപരത. ഇന്നു് ഇതേപ്പററി പൊതുവായ ഒരുത്തരം നൽകുക എളുപ്പമല്ല. അതായതു് അവയിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാത്തിനേയും, ഓരോന്നിനേയും ഉൾപ്പെടുത്തിക്കൊണ്ടു് ഒരുത്തരം നൽകുക എളുപ്പമല്ല. ഖണ്ഡാത്മകവും (fragmentary) ചലനാത്മകവുമായ (dynamic) പാരമ്പര്യത്തിന്റെ ഘനീഭാവമാണ സുവിശേഷങ്ങൾ എന്നു നമുക്കറിയാം. ഈ പാരമ്പര്യം ഖണ്ഡാത്മകമാണു്. അതായതു് വിഘടിതഖണ്ഡങ്ങളായി കൈമാറപ്പെട്ടതാണു്; ചലനാത്മകവുമാണു്. അതായതു് അതു പ്രചാരത്തിലിരുന്ന ക്രിസ്തീയ സമൂഹങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി അനുരൂപണം നടത്തിയതും, പിന്നീടു സുവിശേഷകന്റെ ദൈവശാസ്ത്രമനുസരിച്ചു് ക്രമീകരണം ചെയ്യപ്പെട്ടവയുമാണു്. ചിന്നിച്ചിതറിക്കിടക്കുന്ന പാരമ്പര്യം പ്രതിപാദിക്കുന്നതുകൊണ്ടു് സുവിശേഷത്തിന്റെ ചരിത്രപരത ഒന്നാകെ ചർച്ച ചെയ്യുക പ്രയാസമാണു്. ഓരോ കഥയുടെയും പ്രതിപാദനത്തിന്റെയും കാര്യം പ്രത്യേകമെടുക്കേണ്ടതുണ്ടു്. ഒന്നിന്റെ കർതൃത്വം തെളിയിക്കപ്പെട്ടതുകൊണ്ടു് അടുത്തതിന്റെ കർതൃത്വവും വ്യക്തമാണെന്നു വരുന്നില്ല. അതു് ആദ്യത്തേതുമായി ബന്ധമൊന്നുമില്ലാതെയായിരിക്കാം രൂപം കൊണ്ടതു്. ചലനാത്മകമായ പാരമ്പര്യം പ്രതിപാദിക്കുന്നതുകൊണ്ടു് ചരിത്രപരത സ്ഥാപിക്കുന്നതിനു് ആരംഭത്തിലെ രൂപം കണ്ടുപിടിക്കേണ്ടതുണ്ടു് ആദ്യമായി രചനാചരിത്രവിമർശനത്തിലൂടെ സുവിശേഷകൻ കൂട്ടിച്ചേർത്തവ നീക്കം ചെയ്യണം. പിന്നീടു് രൂപനിരൂപണത്തിലൂടെ ആദിമസഭയിൽ കൈമാററത്തിനിടയ്ക്കു കൂട്ടിച്ചേർക്കപ്പെട്ടവയും നീക്കം ചെയ്യണം.[40]

---

39. N. PERRIN. What is Redaction Criticism (Philadelphia 1969); R. H. STEIN, "What is Redaktionsgeschichte?" Journal of Biblical Studies 87 (1969) 49–56.
'സുവിശേഷങ്ങളുടെ രചനാചരിത്ര നിരൂപണം' എന്നലേഖനം കാണുക.

40. X. LEON-DUFOUR, The Gospels and the Jesus of History (London 1968); I. de la Potterie, "Come impostare oggi il problema del Gesu Storico?", Civilta Cattolica 120/2 (1969) 447–63.

www.malankaralibrary.com

ഇതു വളരെ നീണ്ടതും വിഷമമുള്ളതുമായ പ്രക്രിയയാണ്. വിജയമുണ്ടാകുമെന്നു തീർച്ചയില്ല. പലപ്പോഴും ഫലങ്ങൾ അനിശ്ചിതവും നിഗമനമെടുക്കാൻ സഹായിക്കാത്തതുമാണ്. സുവിശേഷങ്ങളിലെ പല സംഭവങ്ങളെക്കുറിച്ചും ചരിത്രകാരന്മാർ എന്ന നിലയിൽ നമുക്ക പറയുവാൻ സാധിക്കുന്നതു് നമുക്കു് അറിഞ്ഞുകൂടാ എന്നു മാത്രമാണ്. (ഉദാ: രാജാക്കന്മാർ ബെത്ലഹത്തു വന്നിരുന്നോ? യേശു കടലിനുമീതെ നടന്നോ? യേശുവിന്റെ വിസ്താരവേളയിൽ യഥാർത്ഥത്തിൽ സംഭവിച്ചതു് എന്തായിരുന്നു?)

എന്നാൽ ഇതു് തികഞ്ഞ അവിശ്വാസ (scepticism) ത്തിലേക്കല്ല നയിക്കുന്നതു്. പലതും ചരിത്രകാരനു മനസ്സിലാക്കാൻ സാധിക്കയില്ലെങ്കിലും സുവിശേഷപാരമ്പര്യം ചരിത്രപരമാണെന്നു വിശ്വസിക്കുന്നതിനു് ന്യായമുണ്ട്. നിരുത്തരവാദിയും പേരില്ലാത്തതുമായ ഒരു സമൂഹത്തിന്റെ ദാക്ഷിണ്യത്തെ ആശ്രയിച്ചുനിന്ന കേവലം ഒരു യാദൃശ്ചിക സംഭവമല്ലായിരുന്നു യേശുവിനെക്കുറിച്ചുള്ള പാരമ്പര്യത്തിന്റെ കൈമാറൽ. അതു് നിയന്ത്രിതമായ ഒന്നായിരുന്നു. യേശുവിനോടുകൂടി വസിക്കുകയും അവിടത്തെ വാക്കുകൾക്കും പ്രവൃത്തികൾക്കും സാക്ഷ്യം നിൽക്കുകയും ചെയ്ത അധികാരമുള്ള നേതാക്കളുടെ സാന്നിദ്ധ്യം അതിന്റെ വിശ്വസ്തത ഉറപ്പു വരുത്തി (നടപടി 1:21). ആത്യന്തികമായി സുവിശേഷങ്ങളുടെ അടിസ്ഥാനം ദൃക്സാക്ഷ്യമാണ്. സാക്ഷ്യം വഹിക്കലിനു് പുതിയനിയമം നൽകുന്നപ്രാധാന്യവും (യോഹ 15:27; 21:24; നട 1:8, 22; 2:32; 3:15; 5;32) പാരമ്പര്യത്തിനു് പൗലോസ് കല്പിച്ച സ്ഥാനവും(1 കൊറ 15:1–3) ആദിമസഭ യേശുവിനെ സംബന്ധിച്ച പാരമ്പര്യത്തിന്റെ കൃത്യമായ കൈമാൽ ഉറപ്പു വരുത്തിയെന്നാണ് കാണിക്കുന്നതു്.

സുവിശേഷങ്ങളിലെ പ്രബോധനങ്ങളുടെയും സംഭവങ്ങളുടെയും ചരിത്രപരത ചരിത്രപരമായ വിമർശനരീതികളുപയോഗിച്ചു് സ്ഥാപിക്കാവുന്നതാണ്.[41] ഇതിനുപകാരപ്രദമായ മൂന്നു മാനദണ്ഡങ്ങളുണ്ട്.

### 1. സംയുക്തസാക്ഷ്യം (multiple attestation)

സുവിശേഷപാരമ്പര്യത്തിന്റെ രണ്ടോ അതിലധികമോ സ്വതന്ത്ര സ്രോതസ്സുകളിൽ(മർക്കോസ്, Q എന്നിവയിൽ;അല്ലെ

41. N. PERRIN, Rediscovering the Teaching of Jesus (London 1970) sp. chs 1 and 5; H. K. MCARTHUR, "Basic Issues: A Survey of Recent Gospel Research", in New Theology, ed. M. MARTY and D.PEERMAN vol. 2, 201-21 J. JEREMIAS "The Present Position in the Controversy concerning the Problem of the Historical Jesus", Expository Times 69 (1957/58)333-39.

www.malankaralibrary.com

കിൽ സമാന്തരസുവിശേഷങ്ങൾ, യോഹന്നാൻ എന്നിവ യിൽ) ഒരേ പ്രതിപാദനം കാണുകയാണെങ്കിൽ അതു് ചരിത്ര പരമെന്നു് വിധിക്കാവുന്നതാണു്. മത്തായിയും ലൂക്കായും തന്മൂലം അവയുടെ പൊതുസ്രോതസ്സായ 'Q'–വും നൽകുന്ന ബീത്സബൂബിനെക്കുറിച്ചുള്ള ഭാഗം (മത്താ 12:25–29; ലൂക്കാ 11:17–23) അല്പ വ്യത്യാസങ്ങളോടെ മർക്കോസിലും കാണാവുന്നതാണു് (മർക്കോസ് 3:23–27).

'പല സ്രോതസ്സുകളിൽ നിന്നുള്ള സാക്ഷ്യം (multiple attestation theory) അനുസരിച്ചു'' ഈ പ്രതിപാദനം പ്രാമാണികമാണു് (authentic) പിശാചുക്കളെ പുറത്താക്കിയെന്നു് യേശു അവകാശപ്പെട്ടു. അവയെ പുറത്താക്കിയിരുന്നില്ലെ ങ്കിൽ ജനതാമദ്ധ്യത്തിൽ ഇപ്രകാരം അവകാശവാദം ഉന്നയി ക്കുന്നതിനു് അദ്ദേഹത്തിനു സാധിക്കുമായിരുന്നില്ല. പിശാചു ബാധയൊഴിച്ചു (സുഖപ്പെടുത്തുകയും ചെയ്തു) എന്നതു് ഇന്നൊരു വസ്തുതയായി അംഗീകരിക്കപ്പെട്ടിരിക്കയാണു്. അവയുടെ വ്യാഖ്യാനം സംബന്ധിച്ചു് അഭിപ്രായ വ്യത്യാസമുണ്ടാകുമെ ങ്കിലും, അവയിൽ ചിലതിന്റെ ചരിത്രപരത തെളിയി ക്കാൻ പ്രയാസമാണെങ്കിലും, യേശു ബാധയൊഴിച്ചുവെന്നതു് ഒരു അസന്നിഗ്ദ്ധ വസ്തുതയായി ഇന്നംഗീകരിക്കപ്പെടുന്നു.[42]

## 2. വൈപരീത്യം (discrepancy)

ഈ മാനദണ്ഡമനുസരിച്ചു് അന്നത്തെ യഹൂദ–ഗ്രീക്കു ചി ന്താഗതികളുമായോ, ആദിമസഭയുടെ ദൈവശാസ്ത്രവുമായോ ചേർന്നുപോകാത്ത കഥകളും പ്രതിപാദനങ്ങളും പ്രാമാണിക മെന്നു കരുതണം. തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂ ടെയും ദൈവത്തിന്റെ ഭരണം ഇപ്പോൾ ആരംഭിക്കുന്നു എന്ന അവബോധം പ്രതിഫലിപ്പിക്കുന്ന യേശുവിന്റെ നിരവധി വചനങ്ങളും (ലൂക്കാ 6:20–21; 7:22–23; 10:23–24) സ്വന്തം ജനത്തിന്റെ അടിസ്ഥാനപരമായ ചട്ടങ്ങളെ (ഉദാ: നിയമം, സാബത്താചരണം) പാടെ ചോദ്യം ചെയ്യുന്ന പ്രസ്താവനകളും (മത്താ 5:21–47; മർക്കോ 2:27) സർവ്വമാനുഷിക ബന്ധങ്ങൾ ക്കതീതമായി പൂർണ്ണവിശ്വസ്തത ആവശ്യപ്പെടുന്ന (മത്താ 8:21; 10:37) ഞെട്ടിപ്പിക്കുന്ന കല്പനകളുമെല്ലാം നിശ്ചയമായും പ്രാമാണികമാണു്. കാരണം അവ യേശുവിന്റെ ദൗത്യ ത്തിന്റേയും ലക്ഷ്യത്തിന്റേയും സവിശേഷാവബോധം പ്രക ടിപ്പിക്കുന്നു. കുരിശുമരണം, യോഹന്നാനിൽ നിന്നു സ്വീക രിച്ച ജ്ഞാനസ്നാനം, കുഷ്ഠരോഗിയെ സ്പർശിക്കുന്ന കഥകൾ,

---

42. R. H. FULLER, Interpreting the Miracles (London 1963) 18–45.

www.malankaralibrary.com

ചുങ്കക്കാരോടും പാപികളോടുംകൂടി ഭക്ഷണം കഴിക്കുന്നതു തുടങ്ങിയവയും ആധികാരികമായിരിക്കണം. കാരണം, വിശ്വാസികളുടെ സമൂഹം ഇത്തരംസംഭവങ്ങൾ ക്രിസ്തുവിൽ ആരോപിക്കുന്നതിനു സ്വപ്നത്തിൽപോലും വിചാരിച്ചിരിക്കയില്ല.

## 3. അനുയോജ്യത (Coherence)

ആദ്യനൂററാണ്ടിലെ പലസ്തീനിയൻ ജീവിതപശ്ചാത്തലവുമായി ചേർന്നുപോവുകയും യേശുവിന്റെ ജീവിതത്തിന്റേയും ഉദ്ബോധനങ്ങളുടേയും സവിശേഷ ലക്ഷണങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന സംഭവങ്ങളും വചനങ്ങളും ചരിത്രപരമാകുന്നതിനുള്ള സാദ്ധ്യത വളരെയേറെയുണ്ട്. സുവിശേഷത്തിലെ ഉപമകൾ ഇതു വിശദമാക്കുന്നു. അവയുടെ ചിത്രീകരണത്തിനുപയോഗിക്കുന്ന പ്രതിരൂപങ്ങൾ അക്കാലത്തെ പലസ്തീനയിലെ അനുദിന ജീവിതത്തിൽനിന്നെടുത്തിട്ടുള്ളതാണ്. സമകാലീന യഹൂദസാഹിത്യത്തിലെ ഉപമകളിൽ കാണാത്ത വിധത്തിലുള്ള അവയുടെ സ്ഫുടതയും ലാളിത്യവും യാഥാർത്ഥ്യബോധവും വ്യക്തിത്വമുള്ള യേശുവിനു തനതായ ഒരു ഭാഷാശൈലിയാണ് ദ്യോതിപ്പിക്കുന്നതു്. ഇവിടെ സംശയാതീതമാംവിധം പ്രാമാണികമായ ഒരു പാരമ്പര്യമാണ് നാം കാണുക. ''ഉപമകൾ വായിക്കുമ്പോൾ നാം യേശുവിന്റെ നേരെ മുമ്പിലാണ് നിൽക്കുന്നതു്.''[43]

സുവിശേഷത്തിന്റെ നല്ല പങ്കും ചരിത്രപരമാണെന്നു തെളിയിക്കാൻ സാധിക്കും. യേശുവിന്റെ വചനങ്ങളെ സംബന്ധിച്ച് ഇതു പ്രത്യേകിച്ചും ശരിയാണ്. അവയിലെ ഭാഷയുടെയും ശൈലിയുടെയും വ്യക്തിത്വം വളരെ ശക്തമാണ്. അതുകൊണ്ടു് ജെറെമിയാസിന്റെ (J. Jeremias) അഭിപ്രായത്തിൽ ''സമാന്തര പാരമ്പര്യത്തിലെ യേശുവിന്റെ വചനങ്ങളുടെ ആധികാരികതയല്ല അനാധികാരികതയാണ് തെളിയിക്കേണ്ടതു്.''[44] സുവിശേഷ വിവരണങ്ങൾ കൂടുതൽ പ്രശ്നസങ്കീർണ്ണമാണ്. അവ പല വ്യാഖ്യാനങ്ങൾക്കും വിധേയമായതുകൊണ്ടു് വ്യാഖ്യാനം അവസാനിക്കുന്നതെവിടെ ചരിത്രമാരംഭിക്കുന്നതെവിടെ എന്നു മനസ്സിലാക്കാൻ പ്രയാസമാണ്. ഇക്കാര്യത്തിലും, യേശുവിന്റെ പൂർണ്ണമായ ജീവചരിത്രം കണ്ടെടുക്കുവാൻ സാധിക്കുകയില്ലെങ്കിലും പ്രധാന സംഭവങ്ങൾ ഏവയെന്നു് സംശയരഹിതമായി കാണാവുന്നതാണ്. ബെത്ലഹേമിലെ ജനനം, നസ്രത്തിലെ വളർച്ച, ഗലീലിയിലെ പ്രേഷിത ജീവിതം, ജനനേതാക്കളുമായി നടത്തിയ

43. JEREMIAS, Parables 10.
44. J. JEREMIAS, New Testament Theology, vol. 1 (London 1971) 37.

www.malankaralibrary.com

വാദപ്രതിവാദങ്ങൾ, നിയമത്തിൻെറ നേക്കുണ്ടായിരുന്ന പാടെ വ്യത്യസ്തമായ മനോഭാവം, ദൈവരാജ്യം സമീപസ്ഥമാണെന്ന അവബോധം, പിതാവുമായി പാലിച്ച അന്യാദൃശമായ സൗഹൃദം, കുരിശിലെ മരണം ഇവയാണ് ആ പ്രധാന സംഭവങ്ങൾ. യേശുവിൻെറ ഉത്ഥാനത്തിന് അതിൻെറതായ പ്രശ്നങ്ങളുണ്ടെങ്കിലും അതും ഇക്കൂട്ടത്തിൽപെടുന്നു.[45]

എങ്കിലും ഇവയൊന്നും സുവിശേഷത്തിൻെറ യഥാർത്ഥമായ അർത്ഥത്തിൽ നിന്നും സന്ദേശത്തിൽനിന്നും നമ്മുടെ ശ്രദ്ധയെ വ്യതിചലിപ്പിക്കരുത്. സുവിശേഷങ്ങൾ യേശുവിൻെറ ജീവചരിത്രങ്ങളായിരിക്കണമെന്ന ഉദ്ദേശത്തോടെയല്ല എഴുതപ്പെട്ടത്. എന്തു സംഭവിച്ചു എന്നു പറയുന്നതിനെഴുതപ്പെട്ടവയുമായിരുന്നില്ല അവ. 'സംഭവിച്ചവയിൽ എന്തുണ്ടായി' എന്നതായിരുന്നു അവയുടെ ചർച്ചാവിഷയം. അതിനാലാണു കേവലം ചരിത്രപരമായ ചോദ്യങ്ങൾക്കു തൃപ്തികരമായ ഉത്തരങ്ങൾ കിട്ടാത്തത്. ഈ പ്രശ്നങ്ങൾക്കുത്തരം നൽകുന്നതിനായിരുന്നില്ല അവ എഴുതപ്പെട്ടത്.

സുവിശേഷങ്ങൾ രചിക്കപ്പെട്ടതു ചരിത്രത്തിൽ വേരൂന്നിയിരുന്ന, എന്നാൽ ചരിത്രത്തിന് അതീതമായ ഒരു സന്ദേശം പ്രഖ്യാപിക്കുന്നതിനായിരുന്നു. ''ലോകത്തെ തന്നോടു രമ്യപ്പെടുത്തിക്കൊണ്ടു ദൈവം ക്രിസ്തുവിൽ വസിച്ചു'', ''യേശു യഥാർത്ഥ ദൈവപുത്രനാണ്'' എന്നീ അവകാശവാദങ്ങൾ അതിൻെറ ഓരോ പേജിലും മുഴങ്ങുന്നുണ്ട്, ഇതാണ് സുവിശേഷങ്ങളുടെ സത്യം. ഇതിൻെറ അടിസ്ഥാനത്തിൽ അവ നിലനിൽക്കുകയോ തകരുകയോ ചെയ്യുന്നു.

സുവിശേഷ സന്ദേശം ഇപ്രകാരം ഒരു ചരിത്രാതീത സന്ദേശമാണ്. അതു വിശ്വാസത്തിൽ മാത്രം സ്വീകരിക്കാവുന്ന ഒരു വിശ്വാസാനുഭവത്തിൻെറ പ്രഖ്യാപനമാണ്. ചരിത്ര വിമർശനം സുവിശേഷങ്ങൾ ആവശ്യപ്പെടുന്ന മാനസികാംഗീകാരത്തിലേയ്ക്ക് (assent) നയിക്കുകയില്ല. അതു സുവിശേഷത്തിൻെറ സത്യം ''തെളിയിക്കു''കയുമില്ല. ''തെളിയിക്ക''പ്പെടാവുന്ന വിശ്വാസം വിശ്വാസമല്ല. വിശ്വാസത്തിന് ഒരുക്കുകയും തുണ നിൽക്കുകയും ചെയ്യുകയെന്ന പരിമിതമായ ധർമ്മം മാത്രമാണു സുവിശേഷങ്ങളുടെ ചരിത്രപഠനത്തിനു നിർവ്വഹിക്കാനുള്ളത്. നാം വിശ്വസിക്കുന്ന യേശുവിനെ അഭിമുഖം ദർശിക്കുന്നതിന് അതു നമ്മെ

---

45. X. LEON-DUFOUR, Resurrection de Jesus et message pascal (Paris 1971); C. F. EVANS, Resurrection and the New Testament (London 1970); W. PANNENBERG, "Did Jesus Really Rise from the Dead?", in New Testament Issues, ed. R. BATEY (London 1970) 102–17.

www.malankaralibrary.com

പ്രാപ്തരാക്കുന്നു. വിശ്വാസംവഴി നാം അബദ്ധധാരണകളിലും കാല്പനിക കഥകളിലും ജീവിതം പണയപ്പെടുത്തുകയല്ല എന്നു ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു.

സുവിശേഷങ്ങൾ യേശുവിന്റെ ജീവചരിത്രം പ്രദാനം ചെയ്യുന്നില്ലെങ്കിലും അവിടുത്തെ അഭിമുഖം ദർശിക്കുന്നതിനു നമ്മെ അനുവദിക്കുന്നുണ്ട്. ആദ്യശ്രോതാക്കൾ നല്കിയ പുതുമയോടുകൂടി സുവിശേഷങ്ങൾ നിരൂപണബുദ്ധ്യാ വായിക്കുന്ന മനുഷ്യനു് യേശുവിനെ തന്റെ ആകർഷണീയതയോടും അപൂർവ്വതയോടുംകൂടെ കാണാൻ സാധിക്കും.46 അയാൾ യേശുവിനെ മുഖാഭിമുഖം ദർശിക്കുന്നു. യേശുവിനെ ഒരു പ്രത്യേക വിഭാഗത്തിലും പെടുത്താവുന്നതല്ല. എന്നാൽ എല്ലാ വിഭാഗങ്ങളിലുംപെടുന്നു. സൗമ്യനെങ്കിലും കരുത്തനാണു്, ക്ഷമാശീലനെങ്കിലും കർക്കശനാണു്, സ്വാധികാരത്തെപ്പററി ബോധവാനെങ്കിലും സേവനത്തിനായി സ്വയം ത്യജിക്കുന്നവനാണു് പാപികളോടു് സഹിഷ്ണുത കാട്ടിയെങ്കിലും പാപത്തോടു് വിട്ടുവീഴ്ചയില്ലാത്തവനാണു്. സംശയത്തിലും സഹനത്തിലും വേദനയിലും നമ്മെപ്പോലെ തന്നെയുള്ള യേശുവിനെ അയാൾ കാണുന്നു. എന്നാൽ തന്റെ ദൗത്യത്തെ സംബന്ധിച്ച അവബോധത്തിൽ അദ്ദേഹം നമ്മിൽനിന്നു വിദൂരസ്ഥനാണു്. (തന്റെ വാക്കിലും പ്രവൃത്തിയിലും കൂടെയാണു് ദൈവഭരണം വരുന്നതെന്നു് അദ്ദേഹത്തിനറിയാമായിരുന്നു.) പിതാവുമായുള്ള ബന്ധത്തിലും അവിടുന്നു് നമ്മിൽ നിന്നു് വ്യത്യസ്തനാണു്. (യേശു ദൈവത്തെ 'പ്രിയ പിതാവേ'എന്നു വിളിച്ചു. അങ്ങനെ വിളിക്കാൻ യഹൂദർ ധൈര്യപ്പെടുമായിരുന്നില്ല.) പരിപൂർണ്ണ സമർപ്പണം ആവശ്യപ്പെട്ടുകൊണ്ടുള്ള കല്പനയിലും അവിടുന്നു് വ്യത്യസ്തനാണു്. (''എന്നെക്കാൾ അധികമായി അപ്പനേയോ അമ്മയേയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല'' എന്നു യേശുവിനോടു കൂടെ പറയുവാൻ ആർക്കു സാധിക്കും?) അദ്ദേഹം നമ്മിൽ നിന്നകന്നു നിന്നു. യേശു കുരിശിൽ മരിക്കുന്നതു് അയാൾ കാണുന്നു. എന്നാൽ അതു് ഉയിർത്തെഴുന്നേൽക്കുന്നതിനാണു്. മരണത്തിന്റെ നിരന്തരഭീഷണിയിൽ ജീവനെ സ്വീകരിക്കുന്നതിനും, ജീവിക്കുന്നതിനുള്ള ധൈര്യം കണ്ടെത്തുന്നതിനും കുരിശിൽനിന്നു് അയാൾ പഠിക്കുന്നു.

ദി നോബിലി കോളേജ്, ജോർജ്ജ് സ്വാരസ്-പ്രഭു S. J.
പൂന 411014 (വിവ: തോമസ് കൊച്ചുതറ)

46. E. SCHWEIZER, Jesus (London 1971); C. H. DODD, The Founder of Christianity (London 1971); G. BORNKAMM, Jesus of Nazareth (London 1960).

www.malankaralibrary.com

# സുവിശേഷ പാരമ്പര്യങ്ങൾ

സുവിശേഷങ്ങളുടെ ഉറവിടമായ യേശുവിന്റെ കാലത്തിനും അവ ലിഖിതരൂപം പ്രാപിക്കുന്ന കാലത്തിനുമിടയ്ക്കു് ആദിമ ക്രൈസ്തവ സമൂഹത്തിൽ അവ രൂപം കൊള്ളുന്നതിന്റെ ചരിത്രമാണു് ഈ ലേഖനത്തിന്റെ പ്രതിപാദ്യം. തുടർച്ചയായ ഒരാഖ്യാനമെന്നതിനേക്കാൾ ഒററപ്പെട്ട അനേകം സംഭവങ്ങളായിട്ടും, പ്രഘോഷണവചനങ്ങളായിട്ടുമാണു് സുവിശേഷത്തിന്റെ ഉള്ളടക്കം പ്രചരിച്ചതെന്നും, വിവിധ ഖണ്ഡങ്ങളുടെ രൂപീകരണത്തിൽ സഭയുടെ ആവശ്യങ്ങൾ സുപ്രധാന പങ്കു വഹിച്ചെന്നും രൂപചരിത്ര പരിശോധന വ്യക്തമാക്കുന്നു.

യേശുവിന്റെ പ്രബോധനങ്ങളും പ്രവർത്തനങ്ങളുമാണു് സുവിശേഷഗ്രന്ഥങ്ങളുടെ പ്രതിപാദ്യവിഷയം. യേശു ഒന്നും എഴുതിയില്ല; എഴുതാൻ ആരെയും ചുമതലപ്പെടുത്തിയുമില്ല. അദ്ദേഹം തന്റെ പ്രബോധനങ്ങൾ നൽകിയതു് സജീവമായ സംഭാഷണങ്ങളിലൂടെയാണു്. യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചു, പീഡകളനുഭവിച്ചു, പക്ഷേ അവയെപ്പററി ഒരു വിവരണം നൽകിയിട്ടില്ല. ആദിമസഭ — യേശുവിന്റെ ശിഷ്യന്മാർ — ആണു് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും പ്രബോധനങ്ങളെയും നമുക്കു വിവരിച്ചുതരുന്നതു്.

യേശുവിന്റെ മരണാനന്തരം നാലു ദശകങ്ങൾക്കു ശേഷമാണു് — ക്രിസ്തീയവിശ്വാസികളുടെ രണ്ടാമത്തെ തലമുറയി

---

Bibliography: BARCLAY W., The First Three Gospels, SCM, London, 1966, pp. 13-115; BEA A., The Study of the Synoptic Gospels, Chapman, London–Dublin 1966; BULTMANN R., The History of the Synoptic Tradition, Blackwell, Oxford, 1963; IDEM, The Study of the Synoptic Gospels, in: Form Criticism, by IDEM and K KUNDSIN, Harper, New York, 1962, pp. 4-76; DIBELIUS M., Die Formgeschichte des Evangeliums, JCB Mohr,Tuebingen, 1966; HARRINGTON W. J; Record of Fulfillment, Chapmann, London, 1968, pp. 68–100; SOARES–PRABHU G. M, ദൈവവചനവും സാഹിത്യ രൂപങ്ങളും, in ജീവധാര, വാ.1, ല. 2, pp 126-144; TAYLOR VINCENT, The Formation of the Gospel Tradition, Macmillan, London, 1968; WICKENHAUSER A., New Testament Introduction, Herder, Freiburg, 1956, pp. 253-276; ZIMMERMANN H., Neutestamentliche Methodenlehre, Kath. Bibelwerk, Stuttgart, 1968, pp. 129-213.

www.malankaralibrary.com

ലാണ് — സുവിശേഷഗ്രന്ഥമെന്ന വിപ്ലവകരമായ ആശയവുമായി വി. മർക്കോസ് രംഗപ്രവേശം ചെയ്തത്. പിന്നീട് മത്തായി, ലൂക്കാ സുവിശേഷകന്മാർ അദ്ദേഹത്തെ കൂടുതൽ വിപുലമായ രീതിയിൽ അനുകരിച്ചു. വ്യക്തിപരമായ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ, തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളുടെ ഓർമ്മക്കുറിപ്പുകൾ എഴുതുകയായിരുന്നില്ല സുവിശേഷകന്മാർ. ക്രിസ്തീയ സമൂഹങ്ങളിൽ യേശുവിനെ സംബന്ധിച്ച് വാമൊഴിയായും വരമൊഴിയായും നിലവിലിരുന്ന പാരമ്പര്യങ്ങളെയും പാരമ്പര്യസമാഹാരങ്ങളെയും ദൈവശാസ്ത്രപരമായ ഉദ്ദേശ്യത്തോടെ രൂപപ്പെടുത്തിയ യേശുവിന്റെ ജീവചരിത്രചട്ടക്കൂട്ടിലുൾപ്പെടുത്തി ആവിഷ്കരിക്കുകയാണ് അവർ ചെയ്തത്. യേശുവിന്റെ ആദ്യശിഷ്യന്മാരുടെ സാക്ഷ്യവും സുവിശേഷപ്രസംഗങ്ങളുമാണ് ഈ പാരമ്പര്യങ്ങളുടെ അടിസ്ഥാനം, യേശുവിനെപ്പററിയുള്ള തങ്ങളുടെ അനുഭവങ്ങളെ അദ്ദേഹത്തിന്റെ ഉത്ഥാനത്തിലുള്ള വിശ്വാസത്തിന്റെ വെളിച്ചത്തിൽ പുനർവ്യാഖ്യാനം ചെയ്ത് യേശുവിന്റെ ജീവിതത്തിന്റെയും പ്രബോധനങ്ങളുടെയും രക്ഷാകരമായ അർത്ഥവും ആഴവും പ്രഖ്യാപിക്കുകയാണ് ആദ്യശിഷ്യന്മാർ ചെയ്തത്. ആദിമസഭയിൽ സുവിശേഷം കുടികൊള്ളുന്നത് ഈ അപ്പസ്തോലപ്രഘോഷണങ്ങളിൽ നിന്നുരുത്തിരിഞ്ഞ പാരമ്പര്യങ്ങളിലാണ്.

ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കപ്പെടുന്നതു വരെയുള്ള സുവിശേഷപാരമ്പര്യങ്ങളുടെ സാമാന്യം ദീർഘമായ ചരിത്രത്തെ പഠിക്കുന്ന രീതി ''രൂപനിരൂപണം'' (Form criticism) എന്ന പേരിലറിയപ്പെടുന്നു. സാഹിത്യരൂപങ്ങളെ ആസ്പദമാക്കി സുവിശേഷപാരമ്പര്യങ്ങളെ തരംതിരിക്കുകയും ഓരോ രൂപത്തിന്റെയും ഘടനയുടെയും പ്രത്യേകതകളെ നിർണ്ണയിക്കുകയും അവയ്ക്കു വന്നിരിക്കാവുന്ന രൂപഭേദങ്ങളെയും വ്യതിയാനങ്ങളെയും കണ്ടുപിടിച്ച് ഏററവും പുരാതനമായ അവസ്ഥയെ കണ്ടെത്തുകയുമാണ് രൂപനിരൂപണത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ. ഏററവും പുരാതനമായ പാരമ്പര്യമാണല്ലോ യേശുവിന്റെ ജീവിതത്തോട് കൂടുതൽ അടുത്തു വരുന്നത്. ഓരോ പാരമ്പര്യവും സഭയിൽ ഉടലെടുക്കുന്നതിനു പ്രചോദനം നൽകിയ സാഹചര്യങ്ങളും പ്രത്യേകസന്ദർഭങ്ങളും കണ്ടുപിടിച്ച് സഭയ്ക്ക് അതിന്റെ രൂപീകരണത്തിലുള്ള പങ്കു നിശ്ചയിക്കാനും ഈ രീതി ശ്രമിക്കുന്നു. ചുരുക്കത്തിൽ, സുവിശേഷങ്ങളിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിരിക്കുന്ന പാരമ്പര്യങ്ങളുടെ ചരിത്രത്തെ സമഗ്രമായി പഠിക്കുന്ന ഒരു രീതിയാണ് രൂപനിരൂപണം. ഈ രീതി സുവിശേഷപഠനത്തിൽ പ്രയോഗത്തിൽ വന്നിട്ട് അരശതാബ്ദമേ ആയിട്ടുള്ളൂ. 1919–ൽ K. L. Schmidt ''യേശു ചരി

www.malankaralibrary.com

ത്രത്തിന്റെ രൂപരേഖ''യെപ്പറ്റിയുള്ള ഒരു പഠനം പ്രസിദ്ധപ്പെടുത്തി. യേശുവിനെപ്പററിയുള്ള വിവിധ പാരമ്പര്യഘടകങ്ങളുടെ സമാഹാരമാണു സുവിശേഷങ്ങൾ. പൊതുവെ പറഞ്ഞാൽ കൃത്രിമമായ ഒരു ജീവചരിത്രചട്ടക്കൂട്ടിലാണു സുവിശേഷകന്മാർ അവയെ കൂട്ടിയിണക്കി ഗ്രന്ഥരൂപത്തിലാക്കിയതു്. ദുർബലമായ സന്ധികൾകൊണ്ടു ബന്ധിച്ചു നിരത്തിവച്ചിരിക്കുന്ന പാരമ്പര്യശകലങ്ങൾ ആദിയിൽ സ്വയം പൂർണ്ണങ്ങളും വ്യതിരിക്തങ്ങളും സ്വതന്ത്രങ്ങളും ആയിരുന്നു. സുവിശേഷഖണ്ഡികകളുടെ വിശദമായ പഠനത്തിൽ നിന്നു ലഭിച്ച K. L. SCHMIDT–ന്റെ ഈ നിഗമനങ്ങൾ സുവിശേഷപാരമ്പര്യങ്ങളെപ്പററിയുള്ള പഠനത്തിനു് ഒരു പുതിയ വഴിത്താര തുറന്നുകൊടുത്തു. താമസിയാതെ M. DIBELIUS-ന്റെ''സുവിശേഷത്തിന്റെ സാഹിത്യരൂപനിരൂപണ''വും (1919) R. BULTMANN–ന്റെ ''സമാന്തരപാരമ്പര്യത്തിന്റെ ചരിത്ര''വും (1921) പ്രസിദ്ധീകരിക്കപ്പെട്ടു. ആദിമസഭയിൽ നിലവിലിരുന്ന മതജീവിതസാഹചര്യങ്ങളെയും ആദ്ധ്യാത്മികാവശ്യങ്ങളെയും നിർണ്ണയിച്ചുകൊണ്ടു് അവ രൂപം നൽകിയ പാരമ്പര്യങ്ങളുടെ സ്വഭാവത്തിലേയ്ക്കും ഘടനയിലേയ്ക്കും വെളിച്ചം വീശാനാണു DIBELIUS–ശ്രമിക്കുന്നതു്. ആദിമസഭയുടെ പ്രഥമമായപ്രവർത്തനമണ്ഡലമായിരുന്ന സുവിശേഷപ്രസംഗത്തിന്റെയും മതബോധനത്തിന്റെയും ജീവിതപശ്ചാത്തലത്തിൽ സുവിശേഷപാരമ്പര്യങ്ങൾ രൂപംകൊണ്ടു എന്നു DIBELIUS സ്ഥാപിക്കുന്നു. R. BULTMANN ആകട്ടെ വിശ്ലേഷണപരമായ ഒരു രീതിയാണു് അവലംബിക്കുന്നതു്. സുവിശേഷത്തിൽ സ്വീകരിച്ചിരിക്കുന്ന പാരമ്പര്യഘടകങ്ങളെ ഓരോന്നായി വേർതിരിച്ചു പഠിച്ചു് അവയുടെ സാഹിത്യരൂപങ്ങൾ നിർണ്ണയിക്കുക, ഈ രൂപങ്ങളെ ആധാരമാക്കി അവയെ ഗണം തിരിച്ചു കാണിക്കുക, തുടർച്ചയായുള്ള കൈമാററത്തിൽ അവയ്ക്കു വന്നുകൂടിയ രൂപഭേദങ്ങളെ കണ്ടുപിടിച്ചു മൂലരൂപത്തെ സ്ഥാപിക്കുക ഇവയെല്ലാമാണു് അദ്ദേഹത്തിന്റെ രീതി. യഹൂദ–യവന സാഹിത്യരൂപങ്ങളുമായി സുവിശേഷങ്ങളിലെ സാഹിത്യരൂപങ്ങളെ താരതമ്യപ്പെടുത്തി അവയുടെ സ്വാധീനം എത്രയെന്നു കണ്ടെത്താനും അദ്ദേഹം ശ്രമിക്കുന്നുണ്ടു്.

രൂപനിരൂപണ രീതിക്കു് ഇതിനകം ബൈബിൾ വിജ്ഞാനീയത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചു കഴിഞ്ഞിട്ടുണ്ടു്. സുവിശേഷപാരമ്പര്യങ്ങളെപ്പററി ഈ രീതിയിലുള്ള വിശദമായ പഠനങ്ങൾ പുതിയ അറിവുകളും ധാരണകളും നൽകുന്നുണ്ടു്.

www.malankaralibrary.com

# I

## സുവിശേഷപാരമ്പര്യങ്ങളുടെ സാഹിത്യരൂപങ്ങൾ

സുവിശേഷപാരമ്പര്യങ്ങളെ പ്രബോധനപാരമ്പര്യങ്ങറം (Discourse Traditions, Sayings) എന്നും ആഖ്യാനപാരമ്പര്യങ്ങറം (Narrative Traditions) എന്നും പൊതുവെ രണ്ടായി തരംതിരിക്കാം. യേശുവിന്റെ വചനങ്ങളും പ്രഭാഷണങ്ങളുമാണ് ആദ്യത്തെ ഗണത്തിൽപെടുന്നതു്. രണ്ടാമത്തെതു യേശുവിന്റെ ജീവിതത്തെയും പ്രവൃത്തികളെയുംപററിയുള്ള വിവരണങ്ങളാണ്. ഇവയെ സാഹിത്യരൂപത്തിന്റെയും ഉള്ളടക്കത്തിന്റെയും അടിസ്ഥാനത്തിൽ പല ഉപഗണങ്ങളായി തരംതിരിക്കാൻ കഴിയും.

### A. പ്രബോധന പാരമ്പര്യങ്ങൾ

### 1. പ്രഘോഷണ വചനങ്ങൾ

ദൈവരാജ്യത്തിന്റെ സാമീപ്യത്തെയും വരവിനെയും പ്രഖ്യാപിക്കുകയും പശ്ചാത്തപിക്കുന്നവക്കു രക്ഷവാഗ്ദാനം ചെയ്യുകയും പശ്ചാത്താപരഹിതക്കു ദൈവവിധിയെപ്പററി മുന്നറിയിപ്പു നൽകുകയും ചെയ്യുന്ന പ്രഘോഷണവചനങ്ങറം യേശുവിന്റെ രക്ഷാകരദൗത്യത്തെ നന്നായി വെളിപ്പെടുത്തുന്നവയാണ്.

ഉദാഹരണങ്ങറം:

മക്കോ 1:15 ''ദൈവരാജ്യം സമീപിച്ചിരിക്കുന്നു പശ്ചാത്തപിക്കുവിൻ'' എന്ന ഉൽഘാടന പ്രഖ്യാപനം യേശുവിന്റെ പ്രഘോഷണത്തിന്റെ രത്നച്ചുരുക്കമാണ്.

മത്താ 11:5–6/ലൂക്കാ 7:22–23 രക്ഷാകാലം യേശുവിന്റെ പ്രവർത്തനങ്ങളിൽ സാക്ഷാത്കരിക്കപ്പെടുന്നു.

മത്താ 13:16–17/ലൂക്കാ 10:23–24 പഴയ നിയമത്തിലെ വിശുദ്ധർ കാണാനും കേറക്കാനും കൊതിച്ചിരുന്ന രക്ഷാകര സംഭവങ്ങറം നിങ്ങറം കാണുകയും കേറക്കുകയും ചെയ്യുന്നു.

മത്താ 5:3–10/ലൂക്കാ 6:20–23. ദൈവത്തിന്റെ രക്ഷ ആഗ്രഹിച്ചു പ്രതീക്ഷിച്ചു കഴിയുന്നവർക്കു ദൈവം തന്റെ രക്ഷ ഉദാരമായി നൽകുമെന്ന പ്രഖ്യാപനം.

ലൂക്കാ 6:24–26; മത്താ 11:21–24; 33 പശ്ചാത്തപിക്കാത്തവക്കു ശാപം.

www.malankaralibrary.com

യേശുവിന്റെ പ്രബോധനത്തിന്റെ കേന്ദ്രമായ ഈ പ്രഘോഷണ വചനങ്ങൾ ഏകവും മൗലികവും യേശുവിന്റെ അഗാധമായ ദൗത്യബോധത്തെ വെളിവാക്കുന്നവയുമാണ്.

## 2. ഉത്തമപുരുഷ വചനങ്ങൾ:–

തന്റെ വരവിനെയും ദൗത്യത്തെയുംപററി ഉത്തമപുരുഷ രൂപത്തിലോ തത്തുല്യമായ മറേറതെങ്കിലും രീതിയിലോ (ഉദാ: ''മനുഷ്യപുത്രൻ'' ''എന്റെ നാമത്തിൽ'') യേശു പറയുന്ന വചനങ്ങളാണിവ. രക്ഷാചരിത്രത്തിന്റെ നിർണ്ണായക ഘട്ടത്തിൽ ദൈവത്താൽ അയയ്ക്കപ്പെട്ട മിശിഹായും രക്ഷകനുമാണു താനെന്ന യേശുവിന്റെ ബോദ്ധ്യം ഈ വചനങ്ങളിൽ പ്രകടമാകുന്നു.

മർക്കോ 2:17 ''ഞാൻ വന്നിരിക്കുന്നതു പാപികളെ വിളിക്കാനാണ്''.

10:45 ''മനുഷ്യപുത്രൻ ശുശ്രൂഷിക്കപ്പെടാനല്ല പ്രത്യുത, ശുശ്രൂഷിക്കാനും അനേകരുടെ മോചനമൂല്യമായിതന്റെ ജീവൻ നല്കാനുമത്രെ വന്നിരിക്കുന്നതു.''

മത്താ 10:34 ലോകത്തിൽ സമാധാനം സ്ഥാപിക്കാൻ ഞാൻ വന്നിരിക്കുന്നെന്നു കരുതേണ്ട; സമാധാനമല്ല വാളത്രെ ഞാൻ കൊണ്ടുവന്നിരിക്കുന്നതു്.

11:27 സമസ്തവും എന്റെ പിതാവു് എന്നെ ഏല്പിച്ചിരിക്കുന്നു.

19:29 എന്റെ നാമത്തെ പ്രതി വീടിനെയോ........ പരിത്യജിക്കുന്ന ഏവനും നൂറിരട്ടി ലഭിക്കും.

ലൂക്കാ 12: 49 ഞാൻ ഭൂമിയിൽ തീയിടാനാണു വന്നിരിക്കുന്നതു്.

ചില ഉദാഹരണങ്ങൾ മാത്രമാണിവ. R. BULTMANN ന്റെ അഭിപ്രായത്തിൽ ഇവയിൽ പലതും യേശു പറഞ്ഞ വചനങ്ങളെന്നതിനേക്കാൾ യേശുവിനെപ്പററിയും അവിടത്തെ ദൗത്യത്തെപ്പററിയുമുള്ള തങ്ങളുടെ അനുഭവവും വിശ്വാസവും ആദിമസഭ ഈ രീതിയിൽ അവതരിപ്പിക്കുന്നതാകാം.

## 3. നിയമസംബന്ധിയായ വചനങ്ങൾ

ആദിമസഭ വ്യവസ്ഥാപിതമായ ഒരു സമൂഹമായി വികസിച്ചപ്പോൾ അതിന്റെ പ്രത്യേകമായ ഘടനയും ആചാരാനുഷ്ഠാനങ്ങളും കൃത്യമായി നിർണ്ണയിക്കേണ്ടതു് ആവശ്യമായി വന്നു. ഈ പശ്ചാത്തലത്തിൽ ക്രിസ്തീയ ജീവിതരീതി യഹൂദരുടേതിൽനിന്നു് എങ്ങനെ വ്യത്യസ്ഥമാണെന്നു

www.malankaralibrary.com

കാണിക്കുക, ക്രിസ്തീയ സമൂഹത്തെ നയിക്കേണ്ട മൗലികമായ നിയമങ്ങൾ നിശ്ചയിക്കുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടിയ യേശുവചനങ്ങൾ പ്രചാരത്തിൽ വന്നു.

1. യഹൂദ നിയമാനുസാരിത്വത്തോടുള്ള (Legalism) യേശുവിന്റെ എതിർപ്പു വ്യക്തമാക്കുന്ന വചനങ്ങൾ (മർക്കോ 7:6–23; മത്താ 23).

2. ക്രിസ്തീയ സന്മാർഗ്ഗനിയമങ്ങൾക്കു യഹൂദരുടേതിൽ നിന്നുള്ള അന്തരം കാണിച്ച് അവയുടെ അതുല്യതയെ വ്യക്തമാക്കുന്ന വിശദീകരണങ്ങൾ (മത്താ 5:21–48).

3. യേശു സ്വശിഷ്യന്മാർക്കു നൽകുന്ന ഭക്താനുഷ്ഠാന സംബന്ധമായ നിയമങ്ങൾ (മത്താ 6:2–18)

4. സഭയിൽ ശിഷ്യന്മാരുടെ ജീവിതക്രമത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾ (മത്താ 18; മർക്കോ 10:40–45).

സഭയുടെ പിൽക്കാലങ്ങളിലെ സാഹചര്യങ്ങളെദ്യോതിപ്പിക്കുന്ന ഈ ഗണത്തിലെ പല വചനങ്ങളും ആദിമസഭയുടെ ജീവിതത്തെ പ്രതിഫലിപ്പിക്കുന്നവയാണ്.

## 4. വിജ്ഞാനവചനങ്ങൾ, ആപ്തവാക്യങ്ങൾ

യഹൂദ വിജ്ഞാനസാഹിത്യത്തിലെ ചൊല്ലുകളെ അനുസ്മരിപ്പിക്കുന്ന സ്മരണീയങ്ങളും ആകർഷകങ്ങളുമായ ഹ്രസ്വസൂക്തങ്ങൾ യേശുവിന്റെ വചനങ്ങളിൽ ദുർല്ലഭമല്ല.

മത്താ 5:14 മലമുകളിൽ സ്ഥാപിതമായ പട്ടണം ഗോപനം ചെയ്യപ്പെടുക സാദ്ധ്യമല്ല.

6:24 ഒരാൾക്കു രണ്ടു യജമാനന്മാരെ സേവിക്കുക സാദ്ധ്യമല്ല.

7:12 അന്യർ നിങ്ങളോട് എപ്രകാരം വർത്തിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നോ, അപ്രകാരം നിങ്ങളും അന്യരോടു പ്രവർത്തിക്കുവിൻ.

ലൂക്കാ 6:43 നല്ല വൃക്ഷം ചീത്തഫലം പുറപ്പെടുവിക്കയില്ല ചീത്തവൃക്ഷം നല്ല ഫലവും പുറപ്പെടുവിക്കയില്ല.

6:39 കുരുടനു കുരുടനെ വഴികാണിക്കാൻ കഴിയുമോ?

10:7 വേലക്കാരൻ വേതനത്തിനർഹനാണ്.

മർക്കോ 8:36 ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനു് അതുകൊണ്ട് എന്തു് പ്രയോജനം?

www.malankaralibrary.com

R. BULTMANN–ന്റെ അഭിപ്രായത്തിൽ ഈ വചനങ്ങൾ യേശുവിന്റെ സന്ദേശത്തിന്റെ സവിശേഷതകളോ ആഴമോ പ്രകാശിപ്പിക്കുന്നില്ല. ചിലതു യേശു സ്വന്തമായി സൃഷ്ടിച്ചവയാകാം. പലതും യഹൂദ വിജ്ഞാനശേഖരത്തിൽനിന്ന് അദ്ദേഹം സ്വീകരിച്ചിരിക്കണം. മററു ചിലതു് ആദിമസഭ യഹൂദ വിജ്ഞാനത്തിന്റെ മാതൃകയിൽ രൂപീകരിച്ച യേശുവിന്റെ വചനങ്ങളുടെ കൂട്ടത്തിൽ ചേർത്തതാകാനും സാദ്ധ്യതയുണ്ടു്.

## 5. സാരോപദേശകഥകൾ

സാദൃശ്യങ്ങൾ, രൂപകാലങ്കാരങ്ങൾ, ഉദാഹരണചിത്രീകരണങ്ങൾ, ദൃഷ്ടാന്തങ്ങൾ, ഉപമകൾ ഇവ ഈ ഗ്രൂപ്പിൽപെടുത്താം. ഈ രൂപങ്ങളെല്ലാം യഹൂദസാഹിത്യത്തിൽ സാധാരണങ്ങളാണു്. യേശുവിന്റെ പ്രബോധനശൈലി കാവ്യാത്മകവും സ്ഥൂലചിത്രങ്ങൾ കൊണ്ടു നെയ്തെടുത്തതുമായിരുന്നു. തന്റെ ഉപദേശങ്ങളെ ഉദാഹരണങ്ങൾ വഴി വിശദീകരിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. (ഉദാ. മത്താ 6:25–31) ഈ ഗ്രൂപ്പിലെ രണ്ടു പ്രധാന രീതികളാണു സാദൃശ്യവും (Similitude) സാരോപദേശകഥയും (parable). വിശദാംശങ്ങൾ ചേർത്തു ചിത്രരൂപത്തിലാക്കിയ താരതമ്യമാണു സാദൃശ്യം (ഉദാ. ലൂക്കാ 15:3–6; 17:7–10). മനുഷ്യന്റെയും പ്രപഞ്ചവസ്തുക്കളുടെയും സ്വാഭാവികമായ പ്രവർത്തനരീതികളെ ചിത്രീകരിച്ച ദൈവത്തെയും ദൈവരാജ്യത്തെയും വെളിപ്പെടുത്തുകയാണു യേശു ഇവയിലൂടെ ചെയ്യുന്നതു്. താരതമ്യം വിപുലീകരിച്ച കഥാരൂപത്തിലാക്കുന്നതാണു സാരോപദേശ കഥകൾ. യഥാർത്ഥമോ, സാങ്കല്പികമോ ആയ ഒരു പ്രത്യേക സന്ദർഭത്തിൽ നടന്ന അർത്ഥവത്തായ സംഭവവിവരണമാണിവിടെ. (ഉദാ. ലൂക്കാ 15:11–32; മർക്കോ 4:3–9).

യേശുവിന്റെ ഉപദേശങ്ങളിൽ മൂന്നിലൊന്നു് ഈ രീതിയിലുള്ള അറുപതോളം സാരോപദേശകഥകളിലായി സുവിശേഷങ്ങളുടെ പേജുകളിൽ ചിതറിക്കിടക്കുന്നു. ഇവയെല്ലാം കേൾവിക്കാരുടെ ശ്രദ്ധയെ പിടിച്ചുനിർത്തുകയും യേശുവിന്റെ സന്ദേശത്തിനു പ്രത്യുത്തരം നൽകി ജീവിതനവീകരണം കൈവരുത്താൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

## 6. പ്രഖ്യാപനോന്മുഖമായ കഥ

സംഭവവിവരണത്തിന്റെ പശ്ചാത്തലത്തിൽ യേശുവിന്റെ സുപ്രധാനമായ ഒരു വചനത്തെ അവതരിപ്പിക്കുന്ന സാഹിത്യരൂപമാണിതു്. വിവരണത്തിന്റെ മകുടമായി വചനം നിലകൊള്ളുന്നു. കഥയുടെ ഉദ്ദേശ്യം വചനത്തെ

www.malankaralibrary.com

സുഗ്രാഹ്യമാക്കുക മാത്രമായതിനാൽ വിവരണത്തിനു് അതിൽതന്നെ വലിയ പ്രാധാന്യമില്ല. ശ്രുഷ്കവും വിശദാംശവിരളവുമാണതു പലപ്പോഴും. യേശുവിന്റെ വചനത്തിലേക്കു വിരൽ ചൂണ്ടുക മാത്രമാണു കഥയുടെ ഏക ധർമ്മം. ഉദാഹരണമായി മർക്കോ 2:16_17 കാണുക.

വാ 16: യേശു പാപികളോടും ചുങ്കക്കാരോടുംകൂടെ ഭക്ഷണത്തിനിരിക്കുന്നതു കണ്ടപ്പോൾ, ''നിങ്ങളുടെ ഗുരു പാപികളോടും ചുങ്കക്കാരോടുംകൂടെ ഭക്ഷിക്കുന്നതെന്തുകൊണ്ടാണു്? എന്നു് നിയമജ്ഞരും ഫരിസേയരും അവിടത്തെ ശിഷ്യന്മാരോടു ചോദിച്ചു.

വാ 17: ഇതുകേട്ടു് യേശു അവരോടരുൾ ചെയ്തു. ''ആരോഗ്യവാന്മാർക്കല്ല രോഗികൾക്കാണു വൈദ്യനെക്കൊണ്ടാവശ്യം. ഞാൻ നീതിമാന്മാരെയല്ല, പാപികളെയത്രെ വിളിക്കാൻ വന്നിരിക്കുന്നതു്.''

17_ാം വാക്യമാണു് ഈ ഭാഗത്തിന്റെ ഹൃദയം. യേശു പാപികളോടുകൂടെ ഭക്ഷണത്തിനിരിക്കുന്നതും പ്രീശർ അതിനെ ചോദ്യം ചെയ്യുന്നതുമെല്ലാം മർമ്മപ്രധാനമായ 17_ാം വാക്യത്തിനു പശ്ചാത്തലമൊരുക്കുക മാത്രമാണു ചെയ്യുന്നതു്.

ഈ സാഹിത്യരൂപം പ്രധാനമായി മൂന്നു രീതിയിലാകാം. 1) എതിരാളികളുമായുള്ള വാദപ്രതിവാദങ്ങൾ. (ഉദാ. മർക്കോ 2:1_3:6; 12:13_37). 2) ശിഷ്യന്മാരോടുള്ള പ്രബോധനപരമായ സംഭാഷണങ്ങൾ. (ഉദാ. മർക്കോ 3:38_40; 10:35_45). 3) ജീവചരിത്രപരമായ കഥകൾ (മർക്കോ 3:31_35; 10:13_16; ലൂക്കാ 9:57_62).

## B. ആഖ്യാന പാരമ്പര്യങ്ങൾ:

### 1. അത്ഭുത വിവരണങ്ങൾ

യേശു പ്രവർത്തിച്ച രോഗശാന്തി, ഭൂതോച്ചാടനം, പുനരുജ്ജീവനം മുതലായ അത്ഭുതങ്ങളെപ്പററിയുള്ള വിവരണങ്ങളാണിവ. ഇവയ്ക്കു സാധാരണയായി മൂന്നു ഘടകങ്ങളാണുള്ളതു്. രോഗിയുടെ സ്ഥിതിയെപ്പററിയുള്ള വിവരണമാണു് ഒന്നു്. (ഉദാ. മർക്കോ 9:18) രോഗത്തിന്റെ ഗൗരവത്തെയും (മർക്കോ 5:3_5) ദൈർഘ്യത്തെയും (മർക്കോ 5:25_26; 9:12; ലൂക്കാ 13:11) വൈദ്യന്മാരുടെ വിഫലശ്രമത്തെയും (മർക്കോ 5:26) അത്ഭുതപ്രവർത്തകന്റെ കഴിവിനെപ്പററി കാഴ്ചക്കാർക്കുള്ള അവിശ്വാസത്തെയും (മർക്കോ 5:40) സംബന്ധിച്ച പരാമർശങ്ങൾ ഇവിടെ കാണാം. യവനസാഹിത്യത്തിലെ അത്ഭുതകഥകളിൽ ഇവയ്ക്കു സദൃശമായ വിവരണങ്ങളുണ്ടു്. താര

www.malankaralibrary.com

തന്മ്യേന ലളിതമായ രോഗശമനവിവരണമാണ് രണ്ടാമത്തെ ഘടകം. ചിലപ്പോൾ അത്ഭുതനിർവ്വഹണത്തിനുള്ള ആംഗ്യങ്ങളെയും (രോഗിയുടെ കൈയ്ക്ക പിടിക്കുക മുതലായവ_ ഉദാ: മർക്കോ 1:31_41; 5:41) വചനങ്ങളെയും (മക്കോ 5:41; 7:31) പററിയുള്ള പ്രസ്താവനകളുമുണ്ട്. മൂന്നാമത്തെ ഭാഗത്ത് അത്ഭുതപ്രവർത്തനത്തിന്റെ അസാധാരണമായ വിജയം ചിത്രീകരിക്കപ്പെടുന്നു. മുടന്തൻ കിടക്കയുമെടുത്തു നടന്നുപോകുന്നു (മക്കോ 2:12). ജായിറൂസിന്റെ മകൾക്ക ഭക്ഷണം നൽകുന്നു (5:43). പുറത്താക്കപ്പെട്ട ഭൂതങ്ങൾ പന്നികളിൽ പ്രവേശിച്ച് അവയെ കടലിൽ ചാടിക്കുന്നു (5:13). ജനങ്ങളുടെ ആശ്ചര്യപ്രകടനങ്ങളും പലപ്പോഴും കാണാം (മക്കോ. 1:27_28; 2:12; 5:42; മത്താ 5:8_33; ലൂക്കാ 4:36_37; 11:14).

## 2. ചരിത്ര കഥകൾ

അത്ഭുത വിവരണങ്ങൾക്ക പുറമെ, യേശുവിന്റെ ശൈശവം, ജ്ഞാനസ്നാനം, പ്രലോഭനങ്ങൾ, രൂപാന്തരീകരണം, ജറുസലേം പ്രവേശനം, പീഡാനുഭവചരിത്രം മുതലായി യേശുവിന്റെ വ്യക്തിത്വവും ദൗത്യവും രക്ഷാകരമായ അർത്ഥവും വെളിപ്പെടുത്തുന്ന മതാത്മകവും സഭയുടെ വിശ്വാസത്തെ ഉദ്ബുദ്ധമാക്കുന്നവയുമായ സ്മരണകളും വിവരണങ്ങളും ഉപാഖ്യാനങ്ങളും ഈ ഗണത്തിൽപ്പെടും. നാലു സുവിശേഷങ്ങളിലും ശ്രദ്ധാർഹമായ ഐകരൂപ്യത്തോടെ വിവരിച്ചിരിക്കുന്ന പീഡാനുഭവചരിത്രമാണ് ഇവയിലേററം പുരാതനം. ആദിയിൽ ലളിതവും ഹ്രസ്വവുമായിരുന്ന ഈ വിവരണം കാലക്രമത്തിൽ വിശദാംശങ്ങൾ ചേർന്നു വികസിച്ച് സുവിശേഷത്തിൽ കാണുന്ന രൂപത്തിലായി. ക്രമേണ ഈ ഗണത്തിലുള്ള മററു വിവരണങ്ങളും രൂപം കൊണ്ടു. യേശുവിനെപ്പററി അറിയാനുള്ള വിശ്വാസികളുടെ ജിജ്ഞാസ ഇതിനു കാരണമായെന്നു കരുതാം. ശൈശവ വിവരണങ്ങൾ ഒടുവിലാണ് ഉടലെടുത്തത്.

ഈ പാരമ്പര്യങ്ങൾക്ക പൊതുവായ ഘടനയോ നിഷ്കൃഷ്ടമായ സാഹിത്യരൂപമോ കാണുന്നില്ല. പല സാഹചര്യങ്ങളിൽ പലവിധ ആവശ്യങ്ങൾക്ക പരിഹാരമായി ഉളവായ വിവരണങ്ങൾ ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ ഈയൊരു ഗ്രൂപ്പിൽ ചേർക്കപ്പെട്ടിരിക്കുന്നു.

## II

## പാരമ്പര്യങ്ങളുടെ രൂപാന്തരീകരണചരിത്രം

രൂപനിരൂപണരീതിയുടെ രണ്ടാമത്തെ ലക്ഷ്യം ഓരോ പാരമ്പര്യഘടകത്തിന്റേയും ഉത്ഭവം മുതൽ സുവിശേഷത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിക്കുന്നതുവരെയുള്ളചരിത്രം കണ്ടു

www.malankaralibrary.com

പിടിക്കുകയാണ്. ഏതാനും ദശാബ്ദങ്ങൾ വാമൊഴിയായി വിവിധ സാഹചര്യങ്ങളിൽ കൈമാററം ചെയ്യപ്പെട്ടിരുന്ന ഈ പാരമ്പര്യങ്ങൾക്ക ചില വ്യതിയാനങ്ങളും വികസനങ്ങളും പുനർവ്യാഖ്യാനങ്ങളും സംഭവിക്കുക സ്വാഭാവികമാണല്ലോ. ഒരേ പാരമ്പര്യത്തിന്റെ വിവിധ സുവിശേഷങ്ങളിൽ കാണുന്ന വിവിധ രൂപങ്ങളെ താരതമ്യപ്പെടുത്തി വ്യതിയാനങ്ങളെ നിയന്ത്രിക്കുന്ന പൊതുനിയമങ്ങളുടെ അടിസ്ഥാനത്തിൽ അവയ്ക്ക കാലക്രമേണ ഉണ്ടായിട്ടുള്ള മാററങ്ങളെ ഏറെക്കുറെ നിർണ്ണയിക്കാൻ കഴിയും. ഈ രീതിയിലുള്ള പഠനം ദുഷ്കരമാണ്. പാരമ്പര്യത്തിന്റെ മൗലികരൂപങ്ങളെപ്പററി സംശയാതീതമായി തീർപ്പുകല്പിക്കുക എളുപ്പമല്ല. കൂടാതെ, സുവിശേഷങ്ങളിൽ നാമിപ്പോൾ കാണുന്ന പല വ്യത്യാസങ്ങളുടേയും കർത്താക്കൾ സുവിശേഷകന്മാർതന്നെ ആയിരിക്കാം. ഏതായാലും കൈമാററത്തിനിടയിൽ പാരമ്പര്യങ്ങളിൽ ചെറുതും വലുതുമായ വ്യതിയാനങ്ങൾ ഉണ്ടായിയെന്നതു നിസ്സക്കമാണ്. ശ്രദ്ധേയമായ ഒരുദാഹരണമാണ കർത്തൃപ്രാർത്ഥന. രണ്ടു വ്യത്യസ്തരൂപങ്ങളിൽ കർത്തൃപ്രാർത്ഥന സുവിശേഷങ്ങളിൽ നാം വായിക്കുന്നു:

| മത്താ 6:9–13 | ലൂക്കാ 11:2–4 |
|---|---|
| സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടണം | പിതാവേ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടണം. |
| നിന്റെ രാജ്യം വരണം നിന്റെ ചിത്തം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണം | നിന്റെ രാജ്യം വരണം |
| അന്നന്നയപ്പം ഇന്നു് ഞങ്ങൾക്കു് തരണം | അന്നന്നയപ്പം ഓരോ ദിവസവും ഞങ്ങൾക്ക തന്നു കൊണ്ടിരിക്കണം |
| ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണം | ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണം. ഞങ്ങളോടു കടപ്പെട്ടിരിക്കുന്ന ഓരോരുത്തരോടും ഞങ്ങളും ക്ഷമിക്കുന്നു. |
| ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതു് ദുഷ്ടനിൽനിന്നു് ഞങ്ങളെ രക്ഷിക്കണം | ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതു്. |

www.malankaralibrary.com

ലൂക്കായുടെ സുവിശേഷത്തിൽ സംബോധന വിശേഷണ രഹിതമാണു് ('പിതാവേ' എന്നുമാത്രം). മത്തായിയുടെ സുവിശേഷത്തിലെ പ്രസക്തഭാഗത്തിൽ കാണുന്ന മൂന്നാമത്തെയും ഏഴാമത്തെയും യാചനകൾ ലൂക്കായിലില്ല. ലൂക്കായിൽ കാണുന്ന ഹ്രസ്വമായ രൂപം മത്തായിയുടേതിനേക്കാൾ പുരാതനമാണു്. കാരണം അതു മുഴുവനായും മത്തായിയുടേതിൽ ആവർത്തിച്ചിട്ടുണ്ടു്. ആരാധനാക്രമത്തിലുപയോഗിക്കുന്ന പ്രാർത്ഥനകൾ ക്രമേണ വികസിക്കുക സാധാരണമായതുകൊണ്ടു മത്തായിയിൽ കൂടുതലായി കാണുന്ന ഭാഗങ്ങൾ ആദ്യരൂപത്തിന്റെ വിപുലീകരണങ്ങളാണെന്നു കരുതാം. ആദ്യരൂപത്തിൽ മൂന്നാമത്തെയും ഏഴാമത്തെയും യാചനകൾ ഉണ്ടായിരുന്നെങ്കിൽ ലൂക്കാ അവയെ വിട്ടുകളയുമെന്നു കരുതാനാവില്ല. മത്തായിയുടെ സുവിശേഷത്തിൽ പ്രാർത്ഥനയുടെ രണ്ടു ഭാഗങ്ങളുടെയും അവസാനത്തിൽ കാണുന്ന വികാസങ്ങൾ പ്രാർത്ഥനയുടെ ഘടനയെ മെച്ചപ്പെടുത്തുകയും അതിന്റെ കാവ്യാത്മകതയെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ലൂക്കായുടെ രൂപം ഘടനയിൽ കൂടുതൽ പുരാതനമാണെന്നു് അനുമാനിക്കാം.

പ്രാർത്ഥനയുടെ ഭാഷയെ സംബന്ധിച്ചിടത്തോളം മത്തായിയുടേതാണു് കൂടുതൽ പുരാതനം. 'ഇന്നു തരണം' എന്നു മത്തായി പ്രാർത്ഥിക്കുമ്പോൾ 'ഓരോ ദിവസവും തന്നുകൊണ്ടിരിക്കണമെ' എന്നു ലൂക്കാ പ്രാർത്ഥിക്കുന്നു. ആദിമ വിശ്വാസികളുടെ ദൈനംദിനാവശ്യങ്ങളെ മുന്നിൽക്കാണുന്ന പൊതുവായ രൂപം മത്തായിയിലെ അന്ത്യോന്മുഖമായ യാചനയുടെ ഒരു പുനർവ്യാഖ്യാനം ഉൾക്കൊള്ളുന്നു. മത്തായിയിലെ അഞ്ചാമത്തെ യാചനയിൽ 'കടങ്ങൾ' എന്നു പറഞ്ഞിരിക്കുന്നതു 'പാപങ്ങൾ' എന്നു ഗ്രീക്കു ശൈലിയിലേക്കു ലൂക്കാ വിവർത്തനം ചെയ്യുന്നു. ഇതു യവനസഭകൾക്കു വേണ്ടിയുള്ള ഒരനുരൂപണമാണു്.

ഈ രീതിയിലുള്ള പരിചിന്തനംവഴി പാരമ്പര്യത്തിന്റെ ഏററവും പുരാതനമായ രൂപം ഏകദേശമായി വീണ്ടെടുക്കാൻ കഴിയും.

പിതാവേ,
നിന്റെ നാമം വിശുദ്ധീകരിക്കപ്പെടണം;
നിന്റെ രാജ്യം വരണം
അന്നന്നയപ്പം ഇന്നു ഞങ്ങൾക്കു തരണം
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ
ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കണം
ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതു്.

www.malankaralibrary.com

# III
## ജീവിത പശ്ചാത്തലം

രൂപനിരൂപണരീതിയുടെ മൂന്നാമത്തെ ലക്ഷ്യം പാരമ്പര്യഘടകങ്ങൾ ആദിമസഭയുടെ ഏതു സാഹചര്യങ്ങളിൽ, ഏതു പ്രശ്നങ്ങൾക്ക് ഉത്തരമായി, ഏതവശ്യങ്ങൾക്ക പരിഹാരമായി രൂപം കൊണ്ടു എന്നു കണ്ടുപിടിക്കുകയാണ്. ആദിമസഭയിലെ പാരമ്പര്യരൂപീകരണത്തിൽ ഏററംവലിയ പങ്കുവഹിച്ചതു സുവിശേഷപ്രഘോഷമാണ്. സഭ ഉത്ഭവിച്ചതും വളർന്നതും അപ്പസ്തോല പ്രസംഗത്തിലൂടെയാണ്. യേശുവിൻെറ കുരിശുമരണവും ഉത്ഥാനവും അവയിലൂടെ സകലക്കും നൽകപ്പെട്ടിരിക്കുന്ന രക്ഷയും പ്രഖ്യാപനം ചെയ്തുകൊണ്ടാണു സുവിശേഷപ്രസംഗം ആരംഭിച്ചതു്. ആദിമസഭയിലെ വിശ്വാസികളുടെ മതബോധനാവശ്യങ്ങൾക്കായി യേശുവിൻെറ ജീവിതത്തെയും പ്രവൃത്തികളെയും ഉപദേശങ്ങളെയും പററിയുള്ള പാരമ്പര്യങ്ങൾ വെളിച്ചം കണ്ടു. ദൈവാരാധനക്കായി ഒന്നിച്ചുകൂടിയിരുന്ന ക്രിസ്തീയ സമൂഹങ്ങളുടെ ആവശ്യത്തിലേയ്ക്കായും പാരമ്പര്യങ്ങൾ രൂപീകരിക്കപ്പെട്ടു. പീഡാനുഭവ ചരിത്രം ആദിമസഭയുടെ വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങളെ ഉദ്ദേശിച്ചായിരിക്കണം സൃഷ്ടിക്കപ്പെട്ടതു്. യഹൂദരിൽനിന്നും വിജാതീയരിൽനിന്നുമുള്ള എതിർവാദങ്ങൾക്കുത്തരമായി നൽകപ്പെട്ട ന്യായീകരണങ്ങളും വിശദീകരണങ്ങളും പാരമ്പര്യങ്ങളായി നിലനിന്നുപോന്നു. ക്രിസ്തീയസമൂഹങ്ങളിൽ ആന്തരികമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുപയുക്തമായ യേശുവചനങ്ങൾ ആന്തരികപ്രശ്നങ്ങൾക്ക മറുപടിയായി പാരമ്പര്യസമാഹാരത്തിൽ സ്ഥിരപ്രതിഷ്ഠ പ്രാപിച്ചു.

സങ്കീർണ്ണമായ സഭാജീവിതപശ്ചാത്തലത്തെയും സാഹചര്യങ്ങളെയും വിശകലനം ചെയ്യുക ശ്രമകരമെങ്കിലും ഓരോ പാരമ്പര്യത്തെയും അതിൻെറ പ്രത്യേക ജീവിത പശ്ചാത്തലത്തിൽ വീക്ഷിച്ചു് വ്യാഖ്യാനിച്ചെങ്കിലേ അതിൻെറ യഥാർത്ഥ സന്ദേശം പൂർണ്ണമായി പ്രാപ്യമാകൂ.

സുവിശേഷങ്ങൾ പാരമ്പര്യസമാഹാരങ്ങളാണെന്ന രൂപനിരൂപകന്മാരുടെ അനുമാനം പൊതുവെ ശരിയാണ്. ഇവയെ കോർത്തിണക്കിയിരിക്കുന്ന ക്രമവും പ്ലാനും സുവിശേഷകന്മാർ ദൈവശാസ്ത്രപരമായ ഉദ്ദേശങ്ങളോടെ വിഭാവനം

www.malankaralibrary.com

ചെയ്തതാണ്. ഓരോ പാരമ്പര്യത്തിനും സുവിശേഷത്തിൽ നൽകപ്പെട്ടിരിക്കുന്ന സ്ഥലകാല സന്ദർഭം യേശുവിന്റെ ജീവിതത്തിലേതുതന്നെയായിരിക്കണമെന്നില്ല. സുവിശേഷകന്മാർ സ്വന്തമായി പാരമ്പര്യങ്ങളെ ക്രമീകരിച്ചിരിക്കുന്നു. ഒരേ സംഭവങ്ങൾ വിവിധ സുവിശേഷങ്ങളിൽ വിവിധ സന്ദർഭങ്ങളിലാണു പ്രതിഷ്ഠിച്ചിരിക്കുന്നത്. (ഉദാ: കർത്തൃപ്രാർത്ഥന, മത്താ 6:9–13/ലൂക്കാ 11:2–4) പലപ്പോഴും പാരമ്പര്യങ്ങൾ ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ കോർത്തിണക്കാറുണ്ട്. (ഉദാ: ലൂക്കായുടെ സുവിശേഷത്തിൽ പലയിടത്തായി ചിന്നിച്ചിതറിക്കിടക്കുന്ന വചനങ്ങൾ മത്തായിസുവിശേഷത്തിലെ ഗിരിപ്രഭാഷണത്തിൽ ശേഖരിച്ചിരിക്കുന്നു.) രൂപനിരൂപണ പഠനങ്ങളുടെ വെളിച്ചത്തിൽ സുവിശേഷപാരമ്പര്യങ്ങളിൽ നിന്നു യേശുവിന്റെ ജീവിതത്തെയും അതിന്റെ അർത്ഥത്തെയും അദ്ദേഹത്തിന്റെ പ്രബോധനങ്ങളെയുംപററി സാരാംശത്തിൽ കൃത്യമായ അറിവുകൾ സുവിശേഷങ്ങളിൽ നിന്നു നമുക്കു ലഭിക്കുന്നുണ്ട്. ആദിമസഭയുടെ ജീവനായിരുന്ന യേശുവിനെയും അവിടത്തെ സദ്വാർത്തയെയുമാണ് സുവിശേഷപാരമ്പര്യങ്ങളിൽ നാം കണ്ടെത്തുന്നതെന്ന ബോദ്ധ്യം അവയെ കൂടുതൽ വിശദമായി പഠിക്കുന്നതിനു നമ്മെ ആഹ്വാനം ചെയ്യുന്നു.

സുവിശേഷപാരമ്പര്യങ്ങളെ സാഹിത്യരൂപങ്ങളുടെ അടിസ്ഥാനത്തിൽ വിഭജിക്കുക എളുപ്പമല്ല. രൂപനിരൂപകന്മാർ അക്കാര്യത്തിൽ വലിയ വിജയം പ്രാപിച്ചിട്ടില്ലെന്ന് അവർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ തെളിയിക്കുന്നു. വിഭജനങ്ങൾ പലപ്പോഴും കൃത്രിമങ്ങളാണ്. എങ്കിലും ഇപ്രകാരമുള്ള പഠനങ്ങൾ സുവിശേഷപാരമ്പര്യങ്ങളെ അതതിന്റേതായ രൂപത്തിലും ഭാവത്തിലും കണ്ട് അവയുടെ പ്രത്യേകമായ സന്ദേശം ശ്രവിക്കാൻ നമ്മെ സഹായിക്കുന്നു.

ആദിമസഭയ്ക്കു പാരമ്പര്യരൂപീകരണത്തിൽ സാരമായ പങ്കുണ്ടായിരുന്നു എന്ന രൂപനിരൂപകന്മാരുടെ വാദം ശരിയാണ്. പക്ഷേ അതു സ്വതന്ത്രമായ ഒരു ഭാവനാസൃഷ്ടികർമ്മമായിരുന്നില്ല. ആദിമസഭയെ നയിച്ചിരുന്ന അപ്പസ്തോലന്മാരുടെ ദൃക്സാക്ഷിവിവരണങ്ങളും സുവിശേഷപ്രഘോഷണങ്ങളുമാണു സുവിശേഷപാരമ്പര്യങ്ങളുടെ അടിസ്ഥാനം. രണ്ടാം തലമുറയിലെ ക്രിസ്തീയ പ്രഘോഷകന്മാർ പാരമ്പര്യ

www.malankaralibrary.com

ങ്ങളെ സഭയുടെ പ്രത്യേക ആവശ്യങ്ങൾക്കും സാഹചര്യങ്ങൾക്കും അനുയോജ്യമായി പുനർവ്യാഖ്യാനിക്കുകയും പുന:സംവിധാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. പക്ഷേ അതു സ്വേച്ഛാനുസാരമുള്ള ഒരു പ്രവൃത്തിയായിരുന്നില്ല; പ്രത്യുത സുവിശേഷ പ്രഘോഷണത്തിന്റെ ആവശ്യങ്ങളനുസരിച്ച പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൽ നടന്ന കാലോചിതമായ ഒരു പുനരാവിഷ്കരണം മാത്രമത്രെ.

തക്ക പരിധികൾക്കുള്ളിൽ നിന്നുകൊണ്ട് സുവിശേഷ പാരമ്പര്യങ്ങളെ ഈ രീതിയിൽ വിശകലനം ചെയ്യുന്നതു സുവിശേഷസന്ദേശത്തെ സുഗ്രാഹ്യമാക്കിത്തീർക്കുമെന്നതിൽ സംശയമില്ല.

സെൻറു് തോമസ് സെമിനാരി ഡോ. ജോർജ്ജ് മങ്ങാട്ടു്
വടവാതൂർ.

www.malankaralibrary.com

# സുവിശേഷങ്ങളുടെ രചനാചരിത്രനിരൂപണം*

സുവിശേഷങ്ങൾ അത്ഭുതങ്ങൾ, ഉപമകൾ, ദിവ്യവചസ്സുകൾ തുടങ്ങിയ പരശതം വിഘടിത ഖണ്ഡങ്ങളുടെ അടുക്കും ചിട്ടയുമില്ലാത്ത ഒരു സമാഹാരമല്ല. സുവിശേഷകന്മാർ വെറും സമാഹർത്താക്കളുമല്ല. സഭാപാരമ്പര്യത്തിൽനിന്നു ലഭിക്കുന്ന തുണ്ടുതുണ്ടായ അറിവുകൾ ഒരുമിച്ചുകൂട്ടി അവയ്ക്ക് ഒരു ചട്ടക്കൂട് സമ്മാനിക്കുന്നതുകൊണ്ട് അവസാനിക്കുന്നില്ല അവരുടെ സാഹിത്യപ്രവർത്തനം. സുവിശേഷകന്മാർ യഥാർത്ഥത്തിൽ ഗ്രന്ഥകർത്താക്കന്മാർ തന്നെയാണ്. സഭാസമൂഹത്തിൽനിന്നു തങ്ങൾക്കു ലഭിക്കുന്ന ക്രിസ്തുസംബന്ധിയായ അറിവുകൾ അവർ സ്വന്തമായ വീക്ഷണകോണത്തിലൂടെ നോക്കിക്കാണുകയും സ്വന്തം ദൈവശാസ്ത്രവീക്ഷണവും ലക്ഷ്യവും സഭാസമൂഹത്തിന്റെ ആവശ്യവുമനുസരിച്ചു വ്യാഖ്യാനിക്കയും ചെയ്തുകൊണ്ടു സുവിശേഷങ്ങൾ രചിക്കുന്നു. സുവിശേഷകന്മാരുടെ ഈ 'രചന'യാണ് ഈ ലേഖനവിഷയം.

## I

ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനത്തോടെ ബൈബിൾ വിജ്ഞാനീയത്തിലെ ഒരു പുത്തൻ ചിന്താധാരയുടെ അരങ്ങേററമായി ജർമ്മനിയിലാരംഭിച്ച സുവിശേഷങ്ങ

---

* ജർമ്മനിയിൽ ആദ്യമായി ഉപയോഗിച്ചുതുടങ്ങിയ Formgeschichte, Redaktionsgeschichte എന്നീ വാക്കുകൾക്കു തൽസമമായ മലയാളവാക്കുകൾ ഇല്ലാത്തതുകൊണ്ട് 'രൂപചരിത്രനിരൂപണം', 'രചനാചരിത്രനിരൂപണം' എന്ന രണ്ടു പദങ്ങൾ നിർദ്ദേശിക്കുകയാണ്. ഇംഗ്ലീഷിലും ഈ പാപ്പരത്തം ഉള്ളതുകൊണ്ടു Form Criticism, Redaction Criticism എന്നാണ് ഉപയോഗിക്കുന്നത്, അതേസമയം Geschichte എന്ന ജർമ്മൻ പദത്തിന് Criticism എന്ന തർജ്ജമ ശരിയല്ലത്രെ; അതു തൽസമമായ History എന്നു തർജ്ജമ ചെയ്താൽ മുഴുവൻ ആകുന്നുമില്ല, കാരണം ഇവ രണ്ടും രണ്ടു സിദ്ധാന്തങ്ങളാണ്; സുവിശേഷങ്ങളിലെ 'രൂപ'ങ്ങളുടെയും, അവയുടെ 'രചന'യുടെയും ചരിത്രം നിരൂപണപരമായി പഠിക്കുന്ന രണ്ടു സിദ്ധാന്തങ്ങളാണ്. ഈ അർത്ഥങ്ങളൊക്കെ സംവഹിക്കുന്നതിനു പര്യാപ്തമാണു 'രൂപചരിത്രനിരൂപണ'വും 'രചനാചരിത്രനിരൂപണ'വും എന്നു കരുതുന്നു. നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊള്ളുന്നു.

www.malankaralibrary.com

ളെക്കുറിച്ചുള്ള "രൂപചരിത്രനിരൂപണം"[1] എന്ന സിദ്ധാന്തം വളരെയേറെ ഒച്ചപ്പാടുകളും ചിന്താക്കുഴപ്പങ്ങളും അന്നത്തെ അന്തരീക്ഷത്തിൽ സൃഷ്ടിച്ചുവെങ്കിലും, കാലക്രമത്തിൽ ഈ വിജ്ഞാനശാഖയ്ക്കു ബൈബിൾ പണ്ഡിതന്മാരുടെ ഇടയിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞു എന്നുതന്നെ പറയാം. ഈ ചിന്താഗതിയുടെ ഫലമായി സുവിശേഷങ്ങളിലെ, പ്രത്യേകിച്ച് സമാന്തര സുവിശേഷങ്ങളിലെ, വിവിധ ഘടകങ്ങൾക്കും രൂപങ്ങൾക്കും ഇന്നുള്ള രൂപഭാവങ്ങൾക്കു പിൻപിൽ പ്രവർത്തിച്ച ശക്തികളും ജീവിതപശ്ചാത്തലങ്ങളും ഏതായിരുന്നുവെന്നും, അവയ്ക്ക് ആദിമസഭയുടെ ജീവിതത്തിലുള്ള സ്ഥാനം എന്തായിരുന്നുവെന്നും ഏതാണ്ട വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ആദിമസഭയിൽ പ്രചാരത്തിലിരുന്ന യേശുവിനെ സംബന്ധിച്ച കഥകളും അവിടത്തെ പ്രബോധനങ്ങളും ചേർത്തുണ്ടാക്കിയതാണ സുവിശേഷങ്ങൾ എന്ന നിഗമനത്തിൽ രൂപചരിത്രനിരൂപണം എത്തിച്ചേരുന്നു. അങ്ങനെ സുവിശേഷ രചനയെപ്പറ്റി പരമ്പരാഗതമായിട്ടുണ്ടായിരുന്ന പല ധാരണകളും ഇതോടെ മാറിപ്പോയി. സുവിശേഷത്തിൻെറ പിറകിലുള്ള യേശുവിനെ സംബന്ധിച്ച പാരമ്പര്യങ്ങൾക്ക് അന്തിമ രൂപം നൽകുന്നതിന് ആദിമസഭ വളരെയൊക്കെ സംഭാവന നൽകിയിട്ടുണ്ടെന്നും രൂപചരിത്ര നിരൂപണത്തിലൂടെ വ്യക്തമാക്കപ്പെട്ടു.

അതേസമയം സുവിശേഷകർത്താക്കൾക്കു സുവിശേഷരചനാപ്രക്രിയയിലുള്ള പങ്കു വളരെയധികം കുറയുന്നതിന് ഈ പുതിയ സമീപനം വഴിതെളിച്ചു. 'കർത്താക്കൾ' എന്നതിനേക്കാൾ 'സമ്പാദകർ' എന്ന സ്ഥാനമാണ സുവിശേഷകർക്ക്, പ്രത്യേകിച്ചു സമാന്തരസുവിശേഷകർക്ക്, ലഭിച്ചത്.[2] മാത്രമല്ല, സുവിശേഷഘടകങ്ങളായ കഥാവിവരണങ്ങൾ, സൂക്തങ്ങൾ, ചൊല്ലുകൾ, പീഡാനുഭവചരിത്രവിവരണം എന്നിവയുടെ നിർമ്മാണത്തിൽ ആദിമസഭയ്ക്ക് അതിശയോ

1. 1919 മുതൽ 1921 വരെയുള്ള കാലഘട്ടത്തിലാണ സുവിശേഷങ്ങളുടെ രൂപചരിത്രനിരൂപണം (Form Criticism) സംബന്ധിച്ച പ്രധാനപ്പെട്ട മൂന്നു കൃതികൾ പ്രസിദ്ധമായത്. 1919–ൽ KARL LUDWIG SCHMIDT Der Rahmen der Geschichte Jesu (The Framework of the Story of Jesus) എന്ന പുസ്തകവും; MARTIN DIBELIUS, Die Formgeschichte des Evangeliums (From Tradition to Gospel, E. T. 1934) എന്ന കൃതിയും എഴുതി. RUDOLF BULTMANN, Geschichte der Synoptischen Tradition (History of the Synoptic Tradition E. T; 1963) എന്ന പുസ്തകം 1921–ൽ എഴുതി.

2. M. DIBELIUS, From Tradition to Gospel, P. P. 59, 218–219; R. BULTMANN, History of the Synopitic Tardition P, 337.

www.malankaralibrary.com

ക്തിജനകമായ ഒരു സ്ഥാനമാണ് നൽകപ്പെട്ടത്. ദേവാരാധനാപരവും പ്രബോധനപരവുമായ ആവശ്യങ്ങളെ മുൻനിറുത്തി നിർമ്മിച്ചതും മിഷനറി പ്രവർത്തനങ്ങളുടെ സാഹചര്യങ്ങളിൽ ആവശ്യമായി വന്നതുമായ വിവരണങ്ങളും മൊഴികളും സൂക്തങ്ങളും യേശുവിൻെറതായി ആദിമസഭ സൃഷ്ടിച്ചുവെന്നും അവയൊക്കെ ചേരുംപടിചേർത്തു ഒരുതരം സമാഹാരം നിർമ്മിക്കുക മാത്രമായിരുന്നു സുവിശേഷകന്മാർക്കു ചെയ്യാനുണ്ടായിരുന്നതെന്നും ഡിബേലിയൂസും ബുൾട്ട്മാനും തങ്ങളുടെ വീക്ഷണകോണങ്ങളിലൂടെ സ്ഥാപിക്കുവാൻ ശ്രമിച്ചു. സുവിശേഷങ്ങളിലെ ഓരോ കൊച്ചു ഘടകത്തിനും ആദിമസഭയുടെ അനുദിനജീവിതത്തിൽ അവർ ജീവിതപശ്ചാത്തലം (Sitz im Leben) കാണാൻ പരിശ്രമിക്കുകയുമുണ്ടായി.

ഇക്കാരണങ്ങളാൽ രൂപചരിത്രനിരൂപണത്തോടുള്ള പ്രതികരണം എല്ലായിടത്തും അനുകൂലപരമായിരുന്നില്ല. ബി. എച്ച്. സ്ട്രീറ്റർ (B H. STREETER),[3] എ. സി. ഹെഡ്ലാം (A. C. HEADLAM),[4] സി. എച്ച് ഡോഡ് (C. H. DODD),[5] റ്റി. ഡബ്ളിയു. മാൻസൺ (T. W. MANSON),[6] എന്നിവർ രൂപചരിത്രനിരൂപണത്തിൻെറ അപാകതകളെയും, അതിരുകടന്ന നിഗമനങ്ങളെയും ചോദ്യം ചെയ്തു. യേശുവിൻെറ ജീവിതത്തോടു ബന്ധപ്പെടാതെയുള്ള സുവിശേഷ വിവരണങ്ങൾക്കു സ്ഥായിയായ മൂല്യമില്ലെന്നു അവർ ചൂണ്ടിക്കാട്ടി. അതുകൊണ്ടു വളരെ വിവേകത്തോടും മുൻ കരുതലോടുംകൂടെ ഉപയോഗിക്കേണ്ട ഒരു ചിന്താധാരയായിട്ടത്രേ രൂപചരിത്രനിരൂപണത്തെ പല ആംഗ്ലിക്കൻ ചിന്തകരും കണ്ടതു്. ഇക്കൂട്ടത്തിൽ ബി. എസ്. ഈസ്റ്റൺ (B. S. EASTON),[7] വിൻസെൻറ് റൈലർ (VIMCENT TAYLOR),[8] ആർ. എച്ച്. ലൈററ്ഫുട്ട് (R. H. LIGHT FOOT),[9] എന്നിവർ രൂപചരിത്രനിരൂപണത്തിൻെറ

3. B. H. STREETER. The Four Gospels; A Study of Origins, London 1924.
4. A. C. HEADLAM, The Life and Teachings of Jesus Christ 2nd ed. London 1927.
5. C. H. DODD, "The Framework of the Gospel Narrative" Expoistory Times, 43 (1932) 396–400; New Testament Studies, Manchester 1953, PP. 1–11.
6. T. W. MANSON, The Teachings of Jesus of its Form and Christ, Content, 2nd ed. Cambridge 1935.
7. B. S. EASTON, The Gospel Before the Gospels, Ne York 1928.
8. VINCENT TAYLOR, The Formation of the Gospel Tradition, London 1933.
9. R. H. LIGHTFOOT, History and Interpretation in the Gospels, London 1935.

www.malankaralibrary.com

ആരോഗ്യപരമായ നിഗമനങ്ങളെ സ്വാഗതം ചെയ്തവരാണ്. ഈ അടുത്ത കാലത്തുപോലും ഈ സിദ്ധാന്തത്തിന്റെ വാദമുഖങ്ങളെ ചോദ്യംചെയ്യുന്ന പണ്ഡിതന്മാർ പ്രോട്ടസ്റ്റന്റു മതങ്ങളിലുണ്ട്. അവരിൽ പ്രധാനപ്പെട്ട രണ്ടു സ്കാണ്ടിനേവിയൻ ചിന്തകരാണ ഹെരാൾഡ് റീസെൻഫെൽഡും (HARALD RIESENFELD),[10] ബിർഗർ ഗെരാഡ്സണും (BIRGER GERHARDSSON),[11] ഇവരുടെ അഭിപ്രായമനുസരിച്ച് യേശുതന്നെ തന്റെ ശിഷ്യരെ പഠിപ്പിച്ച വാമൊഴിയായി സ്ഥിരപ്രതിഷ്ഠ ലഭിച്ച വിശുദ്ധ പാരമ്പര്യമാണ സുവിശേഷങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നത്.

## II

സുവിശേഷങ്ങളുടെ രൂപചരിത്രനിരൂപണത്തോടു വളരെയധികം ബന്ധപ്പെട്ടു വളർന്നുവന്ന മറെറാരു ചിന്താധാരയാണ് അവയുടെ 'രചനാചരിത്ര നിരൂപണം' (Redaction Criticism) 1934–ൽ ആർ. എച്ച്. ലൈററ്ഫൂട്ട (R. H. LIGHTFOOT)–ണ് ഈ ചിന്താഗതിക്ക ശരിയായൊരു രൂപരേഖ നല്കിയത്. സുവിശേഷങ്ങൾ ആദിമസഭയിൽ പ്രചാരത്തിലിരുന്ന യേശുവിനെ സംബന്ധിച്ച ചില പാരമ്പര്യങ്ങളുടെ വെറുമൊരു സമാഹാരമല്ലെന്നും അവയുടെ നിർമ്മിതിയിൽ സുവിശേഷകർ യഥാർത്ഥത്തിലുള്ള സാഹിത്യകർത്താക്കളാണെന്നും മർക്കോസിന്റെ സുവിശേഷത്തെ ആസ്പദമാക്കി അദ്ദേഹം സ്ഥാപിച്ചു. അതേസമയം ചരിത്രവിവരണത്തെക്കാൾ ദൈവശാസ്ത്രപരമായൊരു സമീപനമാണ സുവിശേഷങ്ങളിൽ പ്രധാനമായും കണ്ടെത്തേണ്ടത് എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം.[12]

എന്നാൽ രചനാചരിത്ര നിരൂപണത്തിന്റെ സുവർണ്ണകാലം രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനത്തോടെ ജർമ്മനിയിലാണ് ആരംഭിക്കുന്നത്. ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ മൂന്നു ബൈബിൾ പണ്ഡിതന്മാർ രൂപചരിത്രനിരൂപണത്തിനു ജർമ്മനിയിൽ

10. H. RIESENFELD, The Gospel Tradition and its Beginnings; A Study in the Limits of "Formgeschichte", London 1957.

11. B. GFRHARDSSON, Memory and Manuscript; Oral Tradition and Written Tradition in Rabbnic Judaism and Early Christianity, Transl: Eric J. Sharpe, Lund 1961.

12. R. H. LIGHTFOOT, History and Interpretation in the Gospels, PP. 57–98.

www.malankaralibrary.com

ബീജാവാപംചെയ്തതുപോലെ, ഈയവസരത്തിൽ മൂന്നു ജർമ്മൻ പണ്ഡിതന്മാർ അവരുടെ വ്യക്തിഗതമായ പഠനങ്ങളിലൂടെ രചനാചരിത്രനിരൂപണത്തിന്റെ നേതാക്കന്മാരായിത്തീർന്നു. ഗൃന്തെർ ബോൺകാം (GUENTHER BORNKAMM), ഹാൻസ് കോൺസെൽമാൻ (HANS CONZELMANN), വില്ലി മാർക്സെൻ (WILLI MARXSEN)[13] എന്നിവർ യഥാക്രമം മത്തായി, ലൂക്കാ, മർക്കോസ് എന്നീ സുവിശേഷങ്ങളുടെ രചനാചരിത്ര നിരൂപണത്തിന്റെ സ്പെഷ്യലിസ്റ്റുകളായിത്തീർന്നു. സുവിശേഷകന്മാരെല്ലാവരും സുവിശേഷം രചിക്കുന്നതിനു് ആദിമസഭയിൽ പ്രചാരത്തിലിരുന്ന പാരമ്പര്യങ്ങളും സമാഹാരങ്ങളും ഉപയോഗിച്ചപ്പോൾ വെറും സമ്പാദകരല്ലായിരുന്നുവെന്നും, അവരുടേതായ ദൈവശാസ്ത്ര സമീപനം അവയിൽ ഉൾപ്പെടുത്തിയെന്നും, അക്കാരണത്താൽ ഈ സുവിശേഷങ്ങൾ അവയിൽതന്നെ ദൈവശാസ്ത്രപരവും ക്രിസ്തുവിജ്ഞാനീയപരവുമായ ഒട്ടേറെ ഉൾക്കാഴ്ചകളും ആഭിമുഖ്യങ്ങളും സംവഹിക്കുന്നുണ്ടെന്നും, തന്നിമിത്തം, ഇവയിലെ ഓരോഭാഗവും മനസ്സിലാക്കുന്നതിനു് ഓരോ സുവിശേഷകന്റെയും ദൈവശാസ്ത്രസമീപനത്തിന്റെസ്വഭാവവും ചിന്താഗതിയും അറിഞ്ഞിരിക്കേണ്ടതുണ്ടെന്നും ഇവർ സ്ഥാപിക്കുകയുണ്ടായി. യേശുവിന്റെ ജീവചരിത്രം എഴുതുകയായിരുന്നില്ല സുവിശേഷകരുടെ ഉദ്ദേശ്യം. സ്ഥലകാല സാഹചര്യങ്ങളിൽ നിന്നു വിച്ഛേദിക്കപ്പെട്ട യേശുവിന്റെ മൊഴികളും സൂക്തികളും പ്രവർത്തനവിവരണങ്ങളും തങ്ങളുടേതായ ദൈവശാസ്ത്ര ലക്ഷ്യം മുൻനിർത്തി പ്രഘോഷണരൂപത്തിൽ നൽകുകയാണു സുവിശേഷകർ ചെയ്യുന്നതു്. അതേസമയം ഈ മൊഴികളുടെയും സൂക്തികളുടെയും മിക്ക പ്രവർത്തനവിവരണങ്ങളുടെയും ചരിത്രപരതയെ ഇവർ കാര്യമായി ചോദ്യംചെയ്യുന്നുമില്ല. ചുരുക്കിപ്പറഞ്ഞാൽ സുവിശേഷങ്ങൾ ഏകസമയം ചരിത്രാഖ്യാനങ്ങളും സദ്‌വാർത്തയും ദൈവശാസ്ത്രഗ്രന്ഥങ്ങളുമാണു്. ഓരോ സുവിശേഷകനും തന്റേതായിട്ടുള്ള വ്യക്തിമുദ്ര സുവിശേഷരചനയിൽ പതിച്ചിട്ടുമുണ്ടു്.

ഇങ്ങനെ നോക്കുമ്പോൾ ഓരോ സമാന്തര സുവിശേഷത്തിന്റെ പിറകിലും ഓരോ ദൈവശാസ്ത്രജ്ഞനെ കാണാൻ കഴിയും. ആദിമസഭയുടെ ദേവാരാധന, പ്രബോധനം, മതവിവാദം തുടങ്ങിയ ജീവിതപശ്ചാത്തലങ്ങളിലുള്ള ഉപയോഗം

---

13, WILLI MARXSEN, ആണു് Redaktionsgeschichte എന്ന വാക്കു് ആദ്യമായി ഉപയോഗിച്ചതു്; E. HAENCHEN Kompositionsgerchichte (Composition) എന്നാണു് ഉപയോഗിച്ചതു്. രണ്ടിനും രചനാചരിത്രനിരൂപണം എന്ന മലയാളപദം പററിയതാണെന്നു തോന്നുന്നു.

www.malankaralibrary.com

വഴി നിശ്ചിതരൂപഭാവങ്ങൾസ്വീകരിച്ച യേശുവിനെസംബന്ധിച്ച പാരമ്പര്യങ്ങൾ ഓരോ സുവിശേഷകനും തന്റേതായ ദൈവശാസ്ത്രലക്ഷ്യംമുൻനിറുത്തി ഉദ്ഗ്രഥിക്കുകയും വിശദീകരിക്കുകയും ചെയ്തു. ആദിമസഭയുടെ പാരമ്പര്യങ്ങൾ സഭാസമൂഹത്തിന്റെ ആവശ്യങ്ങളും പ്രശ്നങ്ങളും കൺമുൻപിൽ കണ്ടുകൊണ്ടു സഭാപരമായി അവതരിപ്പിക്കുന്ന രീതിയാണു മത്തായി സ്വീകരിച്ചിരിക്കുന്നത്. അഞ്ചു പ്രബോധനങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന യേശുവിന്റെ സൂക്തികളും വാക്കുകളും ഉത്ബോധനങ്ങളും[14] സഭയാകുന്ന പുതിയ സമൂഹത്തിന്റെ വിവിധ ഭാവങ്ങളെ സ്പർശിക്കുന്നവയാണ്.[15] ആദിമസഭയിലെ പ്രസിദ്ധ ചരിത്രകാരൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ലൂക്കാ ഈ പുതിയ സമീപനത്തിലൂടെ നോക്കുമ്പോൾ ഒരു വലിയ ദൈവശാസ്ത്രിയായിട്ടത്രെ പരിഗണിക്കപ്പെടുന്നത്. പരിത്രാണചരിത്രത്തിന്റെ മദ്ധ്യസംഭവമായി ക്രിസ്തുവിനെ അവതരിപ്പിക്കുകയാണു ലൂക്കായുടെ ലക്ഷ്യം.[16] ഓർശ്ലേമിനെ ലക്ഷ്യമാക്കിയുള്ള യേശുവിന്റെ യാത്രാവിവരണവും (ലൂക്കാ 9:51–19:27) അവിടെ നടക്കുന്ന രക്ഷാകരസംഭവവും (ലൂക്കാ 19:28–24:53) ഈ ദൈവശാസ്ത്രവീക്ഷണത്തിലെ സുപ്രധാന ഭാഗങ്ങളാണ്. അതേത്തുടർന്നു യേശുവിൽ നടന്ന പരിത്രാണസംഭവത്തെ ആസ്പദമാക്കിയുള്ള സദ്വാർത്ത ഓർശ്ലേമിൽനിന്നാരംഭിച്ചു ലോകത്തിന്റെ അതിർത്തികൾവരെ ചെന്നെത്തുന്ന ദൃശ്യമാണ് (നട 1:18) അപ്പസ്തോലിക നടപടികളിൽ വിവരിക്കപ്പെടുന്നത്.

യേശുവിനെപ്പററിയുള്ള പാരമ്പര്യത്തിന് ഒരു പുതിയ മുഖച്ഛായ കൊടുത്തുകൊണ്ട് അതിനെ 'സുവിശേഷ'മാക്കി ആവിഷ്കരിക്കുക എന്ന കൃത്യത്തിൽ തികച്ചും വിജയം വരിച്ച ആദ്യത്തെ സുവിശേഷകർത്താവാണു മർക്കോസ് (മർക്കോസ് 1:1). ഇതിൽനിന്നാണു മത്തായിയും, ലൂക്കായും 'സുവിശേഷ'മന്നെ സാഹിത്യരൂപം സ്വീകരിച്ചതും അതിന്റെ ഉള്ളടക്കം തങ്ങളുടേതായ രീതിയിൽ വിപുലീകരിച്ചതും. മർക്കോസിനെ സംബന്ധിച്ച വില്ലിമാർക്സെന്റെ പഠന

---

14. താഴെ പറയുന്ന അദ്ധ്യായങ്ങളാണ് ഈ അഞ്ചു പ്രബോധനങ്ങൾ: 5–7, ഗിരിഗീത; 10, പ്രേഷിത പ്രബോധനം; 13, അന്യാപദേശ സമാഹാരം; 18, സഭാപ്രബോധനം; 24–25, അന്ത്യോന്മുഖ പ്രബോധനം.

15. G. BORNKAMM, G. BARTH, H. J. HELD, Tradition and Interpretation in Matthew, London 1963.

16. H. CONZELMANN, Theology of St. Luke, transl. G. Buswell, New York 1960. (ജർമ്മനിൽ ഈ പുസ്തകത്തിന്റെ പേരു് Die Mitte der Zeit The Centre of Time എന്നാണ്.)

www.malankaralibrary.com

ത്തിൽ[17] സുവിശേഷത്തിലെ ഓരോ ഭാഗവും മനസ്സിലാക്കു ന്നതിനു് അതതിന്റെ ഉത്ഭവചരിത്രത്തിലെ മൂന്നു ജീവിത പശ്ചാത്തലങ്ങരം പഠിക്കേണ്ടതുണ്ടെന്നു സ്ഥാപിച്ചു. യേശുവി ന്റെ ജീവിതത്തിലും, പിന്നീടു് ആദിമസഭാജീവിതത്തി ലും, മൂന്നാമതായി സുവിശേഷകന്റെ രചനാപ്രക്രിയയിലും അതിനുള്ള അർത്ഥം മനസ്സിലാക്കിയിട്ടുവേണം ഓരോ സുവി ശേഷഭാഗത്തിന്റെയും അർത്ഥനിർണ്ണയം നടത്താൻ. ഇതു ശ്രമകരമായ ഒരു കാര്യമാണെങ്കിലും അവശ്യാവശ്യമായ ഒന്നാണു് എന്നദ്ദേഹം വാദിച്ചു.

## III

സുവിശേഷങ്ങളിലെ രൂപചരിത്രനിരൂപണത്തിന്റെ യും രചനാചരിത്രനിരൂപണത്തിന്റെയും ആരോഗ്യപരമായ നിഗമനങ്ങരം കത്തോലിക്കാ ബൈബിരംപണ്ഡിതന്മാരുടെ ഇടയിൽ സ്വാധീനം ചെലുത്തുവാൻ തുടങ്ങിയതോടെ കത്തോ ലിക്കാ ബൈബിരം വിജ്ഞാനീയരംഗത്തു വലിയ ഒച്ച പ്പാടും ബഹളവുമായി. സുവിശേഷങ്ങളെ യേശുവിന്റെ ജീവചരിത്രമായി മാത്രം മനസ്സിലാക്കിയിരുന്ന ഒരു വലിയ വിഭാഗത്തിനു് ഈ സിദ്ധാന്തങ്ങളെയോ, അവയിൽ ഉന്നയി ച്ചിരിക്കുന്ന ചില സുപ്രധാന തത്വങ്ങളെയോ സ്വീകരിക്കു വാൻ ഒട്ടും സന്നദ്ധതയില്ലായിരുന്നു. 1960 മുതൽ ഈ അഭി പ്രായ വ്യത്യാസത്തിന്റെ പേരിലുള്ള സംഘട്ടനങ്ങളും അതി ലൂടെയുണ്ടാകുന്ന ചൂടും യൂറോപ്പിൽ, പ്രത്യേകിച്ചു റോമിൽ, പ്രകടമാകുവാൻ തുടങ്ങി.[18] പരമ്പരാഗതമായി മനസ്സിലാ ക്കിയിരുന്നതിൽനിന്നു വ്യത്യസ്തമായ ഏതു വിശദീകര ണവും അബദ്ധപഠനങ്ങളായും പാഷണ്ഡതയുടെ ആരംഭമായും മുദ്രയടിക്കപ്പെട്ടു. ഇവയുടെയെല്ലാം പ്രത്യാഘാതങ്ങളുടെ ഫല മായി പല കത്തോലിക്കാ ബൈബിരംപണ്ഡിതന്മാരും വിമർശനത്തിനും അന്യായമായ വിധിതീർപ്പുകരംക്കും വിധേ യരാകേണ്ടിവന്നു. സത്യപഠനങ്ങളുടെയും വിശ്വാസതീഷ്ണത യുടെയും പ്രവാചകന്മാരായി ഒട്ടേറെ 'പണ്ഡിതന്മാർ' രംഗ പ്രവേശം ചെയ്തു. എന്നാൽ തെററും ശരിയും വിവേചിച്ചറി യാനുള്ള കഴിവോ, സന്നദ്ധതയോ ഇക്കൂട്ടർക്കു് ഇല്ലായിരുന്നു

---

17. W. MARXSEN, Mark the Evangelist, New York 1969.
18. 1961–ൽ ഹോളി ഓഫീസ് (Holy Office) (ഇന്നു് ഇതിന്റെ പേർ 'വിശ്വാസപഠനത്തിന്റെ കോൺഗ്രിഗേഷൻ' എന്നത്രേ) ബൈബി ളിലെ ചരിത്രവസ്തുതയെ, പ്രത്യേകിച്ചു യേശുവിന്റെ വാക്കുകളുടെ യും പ്രവൃത്തികളുടെയും ചരിത്രവസ്തുതയെ, ചോദ്യം ചെയ്യുന്നവർക്കെ തിരായി ഒരു താക്കീതു നൽകി. (Osservatore Romano, June 22, 1961) അന്നു നിലവിലിരുന്ന അഭിപ്രായ സംഘട്ടനങ്ങളുടെ വെളിച്ചത്തിലത്രേ ഈ താക്കീതു നൽകപ്പെട്ടതു്.

www.malankaralibrary.com

വെന്നതു് ഒരു പരമാർത്ഥം മാത്രമാണു്. മററു വിജ്ഞാനശാഖകളിലും വർത്തനമേഖലകളിലും അഭിപ്രായവ്യത്യാസങ്ങളുണ്ടാകുമ്പോൾ സംഭവിക്കാറുള്ളതുപോലെ ഇവിടെയും ആശയവിനിമയത്തേക്കാൾ ആവേശവിനിമയത്തിനും, തുറന്ന മന:സ്ഥിതിയേക്കാൾ ഒരുതരം മരവിച്ച, കൂമ്പടഞ്ഞ, മന:സ്ഥിതിക്കും പ്രാധാന്യം കൊടുക്കുകയുണ്ടായി. പുതിയ നിയമത്തിന്റെ വിശദീകരണത്തിൽ വന്നുകൊണ്ടിരുന്ന എല്ലാ പുത്തൻ സമീപനങ്ങളും 'വഴിപിഴച്ച' പ്രോട്ടസ്റ്റൻറു വിജ്ഞാനത്തിന്റെ സ്വാധീനം ഉൾക്കൊള്ളുന്നവയാണെന്നു മുദ്രയടിക്കപ്പെട്ടു. എങ്കിലും ആത്മാർത്ഥതയും അതേസമയം ചങ്കുറപ്പുമുള്ള കത്തോലിക്കാ ബൈബിൾപണ്ഡിതന്മാർ തങ്ങളുടെ വിജ്ഞാനദാനം തുടർന്നുകൊണ്ടേയിരുന്നു.

ഇതിന്റെയെല്ലാം ഫലമായി 1964 ഏപ്രിൽ 21–ാംതീയതി ''സുവിശേഷങ്ങളുടെ ചരിത്രസത്യം'' എന്ന പേരിൽ റോമിലെ ബിബ്ളിക്കൽ കമ്മീഷൻ ഒരു പ്രബന്ധം പ്രസിദ്ധീകരിച്ചു.[19] സുവിശേഷപഠനങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന പുരോഗതിക്കു നേതൃത്വം നൽകിയ ബൈബിൾപണ്ഡിതന്മാരെ ഈ പ്രബോധനം അഭിനന്ദിക്കുകയാണു ചെയ്തതു്. ഇവരുടെ പഠനങ്ങളുടെ വെളിച്ചത്തിൽ തിരുസ്സഭ സ്വീകരിച്ചിരിക്കുന്ന സമീപനം എന്താണെന്നു് ഈ പ്രബന്ധം വ്യക്തമാക്കി. രൂപചരിത്രനിരൂപണത്തിന്റെ തെററായ ചില തത്വങ്ങളെ സ്വീകരിക്കാതെ, ഈ സിദ്ധാന്തത്തിൽനിന്നു പ്രകടമായ വാസ്തവികതയുള്ള തത്വങ്ങളെ സ്വാഗതം ചെയ്തുകൊണ്ടുള്ള ഒരു രീതിയാണു് ഈ പ്രബന്ധത്തിൽ ആദ്യന്തം കാണുക. മാത്രമല്ല, സുവിശേഷങ്ങളുടെ രചനാചരിത്രത്തിൽ മൂന്നു പ്രത്യേക കാലഘട്ടങ്ങളുണ്ടായിരുന്നുവെന്നും അവയോരോന്നും കണക്കിലെടുത്തുകൊണ്ടുവേണം സുവിശേഷപണ്ഡിതന്മാർ തങ്ങളുടെ പഠനങ്ങൾ നടത്തേണ്ടതെന്നും ഈ പ്രബോധനം അനുസ്മരിക്കുകയുണ്ടായി. യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ചും വാക്കുകൾ, പ്രവൃത്തികൾ, എന്നിവയെക്കുറിച്ചും പുനരുത്ഥാനത്തിനും പരിശുദ്ധാരൂപിയുടെ ആഗമനത്തിനും ശേഷം തങ്ങൾക്കുണ്ടായ പുതിയ അറിവിന്റെയും അനുഭവജ്ഞാനത്തിന്റെയും വെളിച്ചത്തിലത്രേ അപ്പസ്തോലന്മാർ അവ തങ്ങളുടെ പ്രഘോഷണങ്ങളിൽ ആവിഷ്കരിച്ചതു്. ഈ പുതിയ അറിവിന്റെ മുഖമുദ്ര സ്വീകരിച്ചിട്ടുള്ള

---

19. ''Instructio de Historica Evangelsoruny Veritate', Osservatore Romano, May 14, 1964, P. S. (Instrudtion on the Historical Truth of the Gospels) ഈ പ്രന്ധബത്തിന്റെ ഒരു വിശദീകരണത്തിനു് J. A. FITZMYER, ''The Biblical Commission's Instruction on the Historical Truth of the Gospels'' Theological Studies 25 (1964) 386–408 കാണുക.

www.malankaralibrary.com

പാരമ്പര്യങ്ങളാണു സുവിശേഷകന്മാർ തങ്ങളുടെ സുവിശേഷ രചനാപ്രക്രിയയിൽ ഉപയോഗിച്ചതു്. മാത്രമല്ല, താൻ തെരഞ്ഞെടുത്ത പാരമ്പര്യം കൈകാര്യം ചെയ്യുന്നതിൽ ഓരോ സുവിശേഷകനും സ്വന്തമായ സാഹിത്യഭിരുചി പ്രകടമാക്കിയിട്ടുമുണ്ടു്. യേശുവിന്റെ ജീവിതത്തിലെ ഒരേ ഒരു സംഭവമോ പ്രബോധനമോ വിവിധങ്ങളായ ഉദ്ദേശ്യങ്ങൾക്കുവേണ്ടി വിവിധ സാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന രീതി സുവിശേഷങ്ങളിൽ കണ്ടെത്താൻ കഴിയുമെന്നും അക്കാരണത്താൽ യേശുവിന്റെ വാക്കുകളുടെയോ പ്രവൃത്തികളുടെയോ ചരിത്രപരതയും സന്ദേശശക്തിയും കുറഞ്ഞുപോകുന്നില്ലെന്നും ഈ പ്രബന്ധം എടുത്തുപറയുന്നുണ്ടു്. തന്നിമിത്തം ഈ വസ്തുത കണക്കിലെടുത്തുകൊണ്ടുവേണം ഓരോ സുവിശേഷഭാഗത്തിന്റെയും അർത്ഥം മനസ്സിലാക്കുവാൻ എന്നു് അനുസ്മരിപ്പിക്കുന്നുമുണ്ടു്. ഇക്കാര്യങ്ങളൊക്കെ കണക്കിലെടുക്കാതെ ഒരു കത്തോലിക്കാ ബൈബിൾ പണ്ഡിതൻ തന്റെ കൃത്യം നിർവ്വഹിക്കുക ദുഷ്കരമാണു് എന്നും സൂചിപ്പിക്കുന്നുണ്ടു്.

ബിബ്ളിക്കൽ കമ്മീഷന്റെ ഈ പ്രബോധനത്തിനു ശേഷം ഒരുവർഷം കഴിഞ്ഞപ്പോൾ രണ്ടാം വത്തിക്കാൻ കൗൺസിൽ ദൈവാവിഷ്ക്കരണം സംബന്ധിച്ച പ്രമാണരേഖയിൽ മേല്പറഞ്ഞ പ്രബോധനത്തിലെ ആശയങ്ങൾ തന്നെ സംഗ്രഹിച്ച കുറേക്കൂടി ഔദ്യോഗികമായി പ്രഖ്യാപിക്കുകയുണ്ടായി. അങ്ങനെ സുവിശേഷങ്ങളുടെ ഉത്ഭവം, സ്വഭാവം എന്നിവയെപ്പററി ഇന്നു കത്തോലിക്കർ മനസ്സിലാക്കിയിരിക്കേണ്ടതു് എന്തെന്നു് ഔദ്യോഗികമായി സഭ ഈ കോൺസ്റ്റിററ്യൂഷനിലൂടെ പഠിപ്പിക്കുന്നുണ്ടു്. സുവിശേഷങ്ങളുടെ രചനയെപ്പററി പറയുന്ന ഭാഗം ഇതാണു്: ''വി. ഗ്രന്ഥകാരന്മാർ സുവിശേഷം രചിച്ചപ്പോൾ അന്നു വാമൊഴിയായോ വരമൊഴിയായോ ഏൽപ്പിക്കപ്പെട്ടിരുന്നവയിൽ ചിലതു തെരഞ്ഞെടുക്കുകയും മററു ചിലതു് ഉദ്ഗ്രഥിക്കുകയുമുണ്ടായി. അതുപോലെ, ഓരോ സഭാസമൂഹത്തിന്റെയും പരിത:സ്ഥിതി കണക്കിലെടുത്തുകൊണ്ടു് അവ വിശദീകരിച്ചിട്ടുണ്ടു്; അതോടൊപ്പം അവയുടെ പ്രഘോഷണരൂപം നിലനിറുത്തിയിട്ടുമുണ്ടു്. എന്നിരുന്നാലും ഇവയിലെല്ലാം അവരുടെ ഉദ്ദേശ്യം യേശുവിനെ സംബന്ധിച്ച സത്യസന്ധമായ പരമാർത്ഥം നമുക്കു തരിക എന്നതു മാത്രമായിരുന്നു.''[20]

സുവിശേഷങ്ങളുടെ രചനാചരിത്രത്തെപ്പററി ഇന്നു നാം മനസ്സിലാക്കിയിരിക്കേണ്ട പ്രധാന തത്വങ്ങളാണിവ.

20. ദൈവാവിഷ്ക്കരണം, 19–ാം ഖണ്ഡിക.

www.malankaralibrary.com

പാരമ്പര്യത്തിലൂടെ അവക്കു ലഭിച്ച, യേശുവിനെ സംബന്ധിച്ച വിവിധ വിവരണങ്ങളിൽനിന്നു് അവരുടെ ഉദ്ദേശ്യങ്ങൾക്കും ലക്ഷ്യത്തിനും അനുയുക്തമായവ സുവിശേഷകന്മാർ തെരഞ്ഞെടുക്കുകയാണുണ്ടായതു്. യേശുവിന്റെ വാക്കുകളും പ്രവൃത്തികളും പൂർണ്ണമായി ഉൾക്കൊള്ളുന്ന പാരമ്പര്യങ്ങളെല്ലാം സുവിശേഷങ്ങളിലില്ല. ഈ വസ്തുത യോഹന്നാനും (യോഹ 20: 30_31), ലൂക്കായും (ലൂക്കാ 1: 1_4) തുറന്നു പ്രസ്താവിക്കുന്നുണ്ടു്. അങ്ങനെ തെരഞ്ഞെടുത്ത കാര്യങ്ങൾ ഓരോ സുവിശേഷകനും തന്റേതായ ദൈവശാസ്ത്രാഭിമുഖ്യത്തിന്റെ പശ്ചാത്തലത്തിൽ ഉദ്ഗ്രഥിക്കുകയുണ്ടായി. തെരഞ്ഞെടുത്ത പാരമ്പര്യങ്ങൾക്കു് അവയുടെ സ്ഥാലികവും കാലികവുമായ നിശ്ചിതത്വംകൊടുക്കാതെ, ദൈവശാസ്ത്രപരമായ ക്രമീകരണം കൊടുത്തുകൊണ്ടു് അവയുടെ ഉദ്ഗ്രഥനം സാധിക്കുകയുണ്ടായി. നേരത്തെ സൂചിപ്പിച്ചതുപോലെ, ഈ ദൈവശാസ്ത്ര സമീപനം ഓരോ സുവിശേഷത്തിലും വ്യത്യസ്തമാണു്. മാത്രമല്ല, യേശുവിന്റെ വാക്കുകളും പ്രവൃത്തികളും അവരുടേതായ സ്ഥലകാലസാഹചര്യങ്ങളെ മുൻനിറുത്തി വിശദീകരിക്കാനും, അവ്യക്തങ്ങളായ ആശയങ്ങൾ വ്യക്തമാക്കാനും സുവിശേഷകന്മാർ ശ്രമിച്ചിട്ടുണ്ടു്. ഇതിലൂടെ അവർ യേശുവിന്റെ വാക്കുകളെ വളച്ചൊടിക്കുകയോ, അനധികൃതമായി വ്യാഖ്യാനിക്കുകയോ ആയിരുന്നില്ല. തങ്ങൾക്കു ലഭിച്ച പരിശുദ്ധാത്മാവിയുടെ നിവേശനത്തോടെയും നിയന്ത്രണത്തോടെയും യേശു ആവിഷ്ക്കരിച്ച സത്യത്തിന്റെ ഉള്ളിലേക്കു് അവർ ഇറങ്ങുകയായിരുന്നു ചെയ്തതു് (യോഹ 16:13). ഇക്കാരണത്താൽ യേശു പറഞ്ഞ വാക്കുകൾ മററു രൂപങ്ങളിലോ, വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിലോ സുവിശേഷങ്ങളിൽ സ്ഥലം പിടിച്ചിട്ടുണ്ടു്; അവിടുന്നു പറഞ്ഞ ചില പ്രബോധനങ്ങൾക്കു വിശദീകരണങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ടു്. ഇതിനെല്ലാമുള്ള സ്വാതന്ത്ര്യവും അവകാശവും കടമയും സുവിശേഷകന്മാർക്കു ദൈവം തന്റെ അരൂപിയിലൂടെ നൽകിയിരുന്നു.

സുവിശേഷങ്ങളുടെ രചനാപ്രക്രിയയിൽ സുവിശേഷകർ ഉപയോഗിച്ച വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഉദാഹരണങ്ങൾ സുവിശേഷങ്ങളിൽ ധാരാളം കണ്ടെത്താനാവും. പ്രേഷിതവേലയ്ക്കു പുറപ്പെടുന്നവർ തികച്ചും ദരിദ്രരായിരിക്കണമെന്ന യേശുവിന്റെ നിർദ്ദേശം മത്തായിയും മർക്കോസും രേഖപ്പെടുത്തിയിരിക്കുന്നതു രണ്ടുവിധത്തിലാണു്. മത്തായി പറയുന്നതു യാതൊന്നും അവർക്കുണ്ടാകരുതു് എന്നാണു്; വടിയും ചെരിപ്പും പോലും (മത്താ. 10: 9_10). എന്നാൽ മർക്കോസിന്റെ വിവരണത്തിൽ വടിയും ചെരിപ്പും അനുവദനീയമാണു് (മർക്കോസ് 6: 8_9). രണ്ടിലും ഉള്ള കേന്ദ്രാശയം വ്യക്തമത്രേ. പ്രേഷിതവേലയ്ക്കായി നിയുക്തരാകുന്നവർ ദൈവ

www.malankaralibrary.com

ത്തിൽ ആശ്രയിച്ചുകൊണ്ടു ലൌകികസൗകര്യങ്ങളും കഴിയുന്നത്ര കുറച്ച് ജീവിക്കണം. അന്ധരെ നയിക്കുന്ന അന്ധനെപ്പററിയുള്ള പ്രസ്താവം. പ്രീശരെ സൂചിപ്പിച്ചുകൊണ്ടു പറയുന്നതായിട്ടത്രേ മത്തായി രേഖപ്പെടുത്തിയിരിക്കുന്നത് (മത്തായി 15:12–14). ആ ആശയംതന്നെ സഭയിൽ നേതൃത്വം വഹിക്കുന്നവരെപ്പററി പ്രതിപാദിക്കുന്നതിനു സമതല പ്രസംഗത്തിന്റെ പശ്ചാത്തലത്തിൽ ലൂക്കാ ഉപയോഗിച്ചിരിക്കുന്നു (ലൂക്കാ 6: 39–42). നഷ്ടപ്പെട്ട ആടിന്റെ ഉപമ നോക്കുക. പാപികളോടും ചുങ്കക്കാരോടും താൻ സമ്പർക്കം പുലർത്തുന്നതിനെ പ്രീശർ വിമർശിച്ചപ്പോൾ (ലൂക്കാ 15: 1–3) അവർക്കൊരു മറുപടിയായിട്ടത്രേ ലൂക്കായുടെ സുവിശേഷത്തിൽ നഷ്ടപ്പെട്ട ആടിന്റെ ഉപമ ഉപയോഗിച്ചിരിക്കുന്നത് (15: 4–7). മാത്രമല്ല, പാപിയുടെ മാനസാന്തരത്തിൽ സ്വർഗ്ഗം സന്തോഷിക്കുന്നുവെന്നും യേശു പറയുന്നു (15:7). ഈ ഉപമ തന്നെ മത്തായിയുടെ സുവിശേഷത്തിൽ സ്ഥലം പിടിച്ചിരിക്കുന്നതു സഭാപ്രബോധന സമാഹാരത്തിലാണ് (മത്തായി 18). സഭാനേതാക്കന്മാർ വഴിതെററിപ്പോകുന്ന വിശ്വാസികളെ നേർവഴിക്കു തിരിക്കുവാനുള്ള ഒരുത്ബോധനമാണ് ഈ ഉപമ. നഷ്ടപ്പെട്ടുപോയ ആടിനെ തേടുന്ന ഇടയന്റെ ശുഷ്കാന്തിയും സ്ഥിരോത്സാഹവുമാണ് അവക്കു വേണ്ടതു് (18:12–14). കാരണം, ഈ ചെറിയവരിൽ ഒരുവൻപോലും നശിച്ചുപോകാൻ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു് ആഗ്രഹിക്കുന്നില്ല (18:14).

അതോടൊപ്പം സുവിശേഷങ്ങളുടെ പ്രഘോഷണസ്വഭാവം നിലനിറുത്തുന്നതിൽ സുവിശേഷകന്മാർ അങ്ങേയററം ശ്രദ്ധിച്ചിട്ടുമുണ്ടു്. സുവിശേഷങ്ങളുടെ ഉത്ഭവം യേശുവിനെ സംബന്ധിച്ച അപ്പസ്തോലന്മാരുടെ പ്രഘോഷണത്തിൽ നിന്നാണ്. ആ പ്രഘോഷണസ്വഭാവം കൈവെടിയാതെയുള്ള രചനാരീതിയാണു സുവിശേഷകന്മാർ സ്വീകരിച്ചതു്. ഇതിൽ മുൻകൈ എടുത്തു പ്രവർത്തിച്ചതു മർക്കോസ് ആണെന്നു നേരത്തേ പറഞ്ഞിരുന്നല്ലോ. സാഹിത്യകൃതികളുടെ ഇടയിൽ സാധാരണ കാണാറില്ലാത്ത ഈ സാഹിത്യരൂപം അതിന്റേതായ സന്ദേശമൂല്യം സംവഹിക്കുന്ന ഒന്നത്രേ. യേശുവിന്റെ ജീവചരിത്രത്തിന്റെ പൊതുവായുള്ള ചട്ടക്കൂട്ടിൽ അവിടത്തെ മൊഴികളുടെയും, ഉത്ബോധനങ്ങളുടെയും, പ്രവൎത്തനങ്ങളുടെയും, സർവ്വോപരി പീഡാനുഭവ, പുനരുത്ഥാന സംഭവങ്ങളുടെയും സന്ദേശവും ക്രിസ്തീയജീവിതത്തോടുള്ള ബന്ധവും പ്രഘോഷണരൂപത്തിൽ ആവിഷ്കരിക്കാനാണു സുവിശേഷകർ പരിശ്രമിച്ചിട്ടുള്ളതു്. അവിടത്തെ പ്രബോധനങ്ങളും അവയുടെ ലിഖിതരൂപത്തിലും ഇന്നിന്റെ സാഹചര്യങ്ങളിലും പരിതോവസ്ഥകളിലും ജീവിക്കുന്ന നമ്മോടുള്ള പ്രബോ

www.malankaralibrary.com

ധനങ്ങളാണു്. ക്രിസ്തു കഴിഞ്ഞുപോയ ഒരു സംഭവമല്ല. ലോകാവസാനത്തോളം നമ്മോടുകൂടിയുണ്ടായിരിക്കുമെന്നു വാഗ്ദാനം ചെയ്തിട്ടുള്ള അവിടന്നു (മത്തായി 28:29) നമ്മെ സുവിശേഷങ്ങളിലൂടെ ഇന്നും പഠിപ്പിക്കുന്നുണ്ടു്, ശത്രുവിനെ സ്നേഹിക്കാനും (മത്തായി 5: 43–48), ഭൂമിയുടെ ലവണമായിരിക്കാനും (മത്തായി 5: 13), മററുള്ളവരെ വിധിക്കാതിരിക്കാനും (മത്തായി 7: 1). യേശു അന്നു പറഞ്ഞ വാക്കുകറം അവയുടെ സന്ദേശശക്തി കളയാതെ പരിപൂർണ്ണമായ പ്രബോധന സ്വഭാവത്തോടെയാണു് ഇന്നും നമ്മുടെ ചെവികളിൽ വന്നു പതിയേണ്ടതു്.

എന്നാൽ ഈ ഉദ്ഗ്രഥന വിശദീകരണ പ്രക്രിയയിൽ, സുവിശേഷകന്മാർ യേശുവിനെ സംബന്ധിച്ച ചരിത്രപരവും വസ്തുനിഷ്ഠവും സത്യസന്ധവുമായ അറിവും സത്യവും ഉപേക്ഷിച്ചുകളഞ്ഞിട്ടില്ല. ക്രിസ്തുവിനെ അടുത്തറിഞ്ഞിട്ടുള്ളവരുടെ നിയന്ത്രണത്തിലൂടെ രൂപംകൊണ്ട പാരമ്പര്യങ്ങളത്രേ സുവിശേഷങ്ങളിൽ ഉപയോഗിച്ചിരിക്കുന്നതു്. വി. ലൂക്കാ പറയുന്നതുപോലെ, ലഭ്യമായിരുന്ന പാരമ്പര്യങ്ങളെ സൂക്ഷ്മപഠനം നടത്തി ക്രമീകൃതമായ ഒരു ആഖ്യാനം സൃഷ്ടിക്കുകയായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം (ലൂക്കാ 1: 1–4). മാത്രമല്ല, ചരിത്രം എന്നു പറയുന്നതു് ഒരു ശാസ്ത്രമാണു്; അതു് എഴുതുന്നവരുടെ വ്യക്തിത്വവും ഉദ്ദേശ്യവുമൊക്കെ അതിൽ പ്രകടമാകണം. ചരിത്രസംഭവങ്ങളുടെ ഉള്ളിലുള്ള അർത്ഥവും ഓരോ സംഭവത്തിനും പരസ്പരമുള്ള ബന്ധവും കാട്ടിക്കൊടുക്കേണ്ടതു ചരിത്രകാരൻെറ കടമയാണു്. ചരിത്രാധിഷ്ഠിതം എന്നു പറയുന്നതിൽനിന്നു് അതിൽ വിവരിക്കപ്പെടുന്ന സംഭവങ്ങളെല്ലാം നാളാഗമത്തിൻെറ രീതിയിൽ ഒന്നിനു പിറകെ ഒന്നായി നടന്നതായിരിക്കണമെന്നില്ല. ഇതാണു ചരിത്രത്തെ സംബന്ധിച്ച പുതിയ സമീപനം. ഈ വസ്തുതകളെല്ലാം കണക്കിലെടുത്തുകൊണ്ടുവേണം സുവിശേഷങ്ങളുടെ ചരിത്രപരതയെപ്പററി ആശയം രൂപീകരിക്കാൻ.

## IV

പരമ്പരാഗതമായി മനസ്സിലാക്കിയിരുന്നതിൽനിന്നു വ്യത്യസ്തമായ ഒരു സമീപനമാണു തിരുസ്സഭ തന്നെ ഇക്കാര്യത്തിൽ വിശ്വാസികളിൽനിന്നു് ആവശ്യപ്പെടുന്നതു്. പരിചയിച്ചു ശീലിച്ച ചിന്താരീതിയിൽനിന്നു വ്യതിരിക്തമായ ഏതു് ആശയത്തെയും നിഷേധിച്ചു തള്ളുന്ന രീതി ക്രിസ്തീയമല്ല. ദൈവവചനത്തിൻെറ അർത്ഥസാന്ദ്രതയും സന്ദേശമൂല്യവും തലമുറകളിലൂടെ ജീവിക്കുന്ന തൻെറ മക്കൾക്കു കാലത്തിനനുയോജ്യമായ ഭാഷയിലും ശൈലിയിലും പകർന്നുകൊടു

www.malankaralibrary.com

ക്കുവാൻ സഭ നിയുക്തയാണ്. വളർന്നുകൊണ്ടിരിക്കുന്ന മനുഷ്യവിജ്ഞാനീയത്തിൻെറ ചില മേഖലകൾ ബൈബിൾ വിജ്ഞാനീയത്തിനു നൽകിയ സംഭാവനകളെ നന്ദിപൂർവ്വം സ്വീകരിച്ചുകൊണ്ടു തൻെറ ഔദ്യോഗികചിന്താഗതിയിലും പഠനത്തിലും സാരമായ വ്യതിയാനങ്ങൾ വരുത്തുവാൻ സഭ പലപ്പോഴും സന്നദ്ധയായിട്ടുണ്ട്. മാത്രമല്ല, തൻെറ മക്കളായ ദൈവശാസ്ത്രജ്ഞന്മാർക്കും ബൈബിൾ പണ്ഡിതന്മാർക്കും ആരോഗ്യകരമായ സ്വാതന്ത്ര്യം കൊടുത്തുകൊണ്ട് അവരുടെ ഗവേഷണങ്ങളും പഠനങ്ങളും മുൻപോട്ടു കൊണ്ടു പോകുവാൻ സഭ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. ഇതു സൂചിപ്പിച്ചുകൊണ്ടു ദൈവാവിഷ്കരണം സംബന്ധിച്ച പ്രമാണരേഖയിൽ പറഞ്ഞിരിക്കുന്ന ചില കാര്യങ്ങൾ ശ്രദ്ധേയമാണ്.

''വി. ലിഖിതങ്ങളിൽ ദൈവം മനുഷ്യർവഴി മാനുഷികമായ രീതിയിലാണു സംസാരിച്ചിരിക്കുന്നത്, തന്മൂലം അവയുടെ വ്യാഖ്യാതാവ് ചിലതെല്ലാം ശ്രദ്ധിക്കേണ്ടതുണ്ട്. എന്താണു ദൈവം നമ്മോടു പറയാനുദ്ദേശിക്കുന്നതെന്നു മനസ്സിലാക്കാൻവേണ്ടി, വി. ഗ്രന്ഥകാരന്മാർ ഓരോന്നിനും എന്തർത്ഥമാണു യഥാർത്ഥത്തിൽ കല്പിക്കുന്നതെന്നും അവരുടെ വാക്കുകളിലൂടെ ദൈവം എന്താണു പ്രകാശിപ്പിക്കാൻ മനസ്സാകുന്നതെന്നും പരിശോധിക്കേണ്ടതുണ്ട്. വി. ഗ്രന്ഥകാരന്മാരുടെ ഉദ്ദേശ്യം ആരായുന്നവർ ഇതിനുവേണ്ടി മററു പലതിൻെറയും കൂട്ടത്തിൽ പരിശോധിക്കേണ്ടത് അവരുടെ സാഹിത്യരൂപങ്ങളെയാണ്. കാരണം, വിവിധ രീതികളിലാണു വി. ലിഖിതങ്ങളിൽ സത്യം ആവിഷ്കരിച്ചു പ്രകാശിപ്പിച്ചിട്ടുള്ളത്....വി. ഗ്രന്ഥകാരൻ എന്താണു പ്രകാശിപ്പിക്കാനുദ്ദേശിക്കുന്നതെന്നും, ഒരു നിയത സാഹചര്യത്തിൽ വാസ്തവത്തിൽ എന്താണു വ്യക്തമാക്കുന്നതെന്നും വ്യാഖ്യാതാവു പരിശോധിച്ചറിയണം; കാരണം, വി. ലിഖിത രചയിതാവ് സ്വന്തം കാലത്തെ സാംസ്കാരിക പശ്ചാത്തലത്തിലും അന്നത്തെ സാഹിത്യരൂപങ്ങൾ ഉപയോഗിച്ചുമാണ് എഴുതിയിരിക്കുന്നത്. അദ്ദേഹം രചനാരൂപത്തിൽ പ്രസ്താവിക്കാൻ ഉദ്ദേശിക്കുന്നതു ശരിയായി മനസ്സിലാക്കണമെങ്കിൽ, അദ്ദേഹത്തിൻെറ കാലത്ത് ഒരു പ്രത്യേക സ്ഥലത്തു നിലവിലിരുന്ന ഗ്രഹണരീതി, സംസാരരീതി, വർണ്ണനാസമ്പ്രദായം ഇവ സസൂക്ഷ്മം മനസ്സിലാക്കേണ്ടതുണ്ട്.....വി. ഗ്രന്ഥ വ്യാഖ്യാതാക്കൾ ഈ തത്വങ്ങൾ പാലിച്ചു വി. ലിഖിതങ്ങളുടെ കൂടുതൽ അഗാധമായ അറിവിനും പ്രകാശത്തിനും വേണ്ടി പരിശ്രമിക്കണം. പ്രാഥമികമെന്നു പറയാവുന്ന ഈ പഠനം പരിപക്വമായ ഒരു തീരുമാനത്തിലെത്താൻ സഭയ്ക്കു സഹായകമായിരിക്കും''.[21]

---

21. ദൈവാവിഷ്ക്കരണം, 12–ാം ഖണ്ഡിക.

www.malankaralibrary.com

ഈ തത്വങ്ങൾ മുൻപിൽ വച്ചുകൊണ്ടുവേണം സുവിശേഷങ്ങളുടെ ആന്തരികസ്വഭാവത്തെപ്പററിയും രചനാപ്രക്രിയയെപ്പററിയും സന്ദേശമൂല്യത്തെപ്പററിയുമുള്ള നമ്മുടെ ആശയങ്ങൾക്കു രൂപം കൊടുക്കുവാൻ. അങ്ങനെ നോക്കുമ്പോൾ സുവിശേഷങ്ങൾ അവയിൽതന്നെ സങ്കീർണ്ണത നിറഞ്ഞ സാഹിത്യസൃഷ്ടികളാണെന്നു കാണാൻ കഴിയും. ഒന്നാം നൂററാണ്ടിൽ പാലസ്തീനായുടെ ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ പശ്ചാത്തലത്തിൽ മനുഷ്യപരിത്രാണനത്തോടു ബന്ധപ്പെട്ടു നടന്ന സംഭവങ്ങൾ ഒരു പുതിയ വീശ്വവീക്ഷണത്തിനും ജീവിതദർശനത്തിനും വഴി തെളിച്ചു. തത്ഫലമായുണ്ടായ ക്രൈസ്തവസമൂഹം ഈ സംഭവങ്ങളെ വിശ്വാസത്തിലൂടെ മനസ്സിലാക്കി സാത്മീകരിക്കുകയും വിശദീകരിക്കുകയും ചെയ്തു. ഇവയിൽനിന്നു് ഉരുത്തിരിഞ്ഞ വിശുദ്ധ പാരമ്പര്യങ്ങൾ ഉപയോഗിച്ചുകൊണ്ടു സുവിശേഷകന്മാർ 'സുവിശേഷ''മെന്ന സാഹിത്യരൂപത്തെ മുൻനിറുത്തി തങ്ങളുടെ സാഹിത്യ വാസനകളും ദൈവശാസ്ത്രനിപുണതയും ഒന്നിച്ചു ചേർത്തു സുവിശേഷങ്ങളെഴുതി. അവരുടെ വ്യക്തിത്വം നിറഞ്ഞു തുളുമ്പുന്ന ഈ സാഹിത്യസൃഷ്ടികളെ ഏകസമയം വിശ്വാസഗ്രന്ഥങ്ങളായും ദൈവശാസ്ത്രസമീക്ഷയായും മനസ്സിലാക്കണം. ഇങ്ങനെ ക്രിയാത്മകമായൊരു ചരിത്രത്തിലൂടെ രൂപം പ്രാപിച്ചവയാണു സുവിശേഷങ്ങൾ. രചനാചരിത്രനിരൂപണത്തിലൂടെ അവയുടെ ആന്തരികഭംഗിക്കും, സന്ദേശമൂല്യത്തിനും കൂടുതൽ പ്രാധാന്യം ലഭിച്ചിട്ടുമുണ്ടു്. ഈ തത്വം കൺമുമ്പിൽ വച്ചുകൊണ്ടുവേണം സുവിശേഷങ്ങൾ വായിക്കാനും, പഠിക്കാനും, അപഗ്രഥിക്കാനും. അതിനുള്ളൊരു ആഹ്വാനമാണു് തിരുസ്സഭ ഇന്നു നമ്മുടെ മുമ്പിൽ വയ്ക്കുന്നതു്.

ധർമ്മാരാം കോളേജ് ഡോ. ജെ. പാത്രപാങ്കൽ

ബാംഗളൂർ—560029.

www.malankaralibrary.com

# ക്രിസ്തുവിൻെറ പ്രലോഭനങ്ങൾ-
# അവയുടെ അർത്ഥം

**യേശുവിൻെറ പ്രലോഭനങ്ങൾ മെസയാനിക പ്രലോഭനങ്ങളാണ്. പിൽക്കാലസഭയ്ക്കു നേരിടുന്ന പ്രലോഭനങ്ങളുടെ പ്രതീകങ്ങളുമാണവ.**

യേശു മരുഭൂമിയിൽവെച്ച് നേരിട്ട പരീക്ഷകളെക്കുറിച്ച് എ. എം. ഹണ്ടർ ഇപ്രകാരം അഭിപ്രായപ്പെടുന്നു: ''അവ യേശുവിൻെറ പരീക്ഷകളല്ല, പ്രത്യുത ക്രിസ്തുവിൻേറതാണ്; അവ ഒരു സ്വകാര്യ വ്യക്തിയുടെ പരീക്ഷകളല്ല, പ്രത്യുത ദൈവരാജ്യസ്ഥാപനത്തിൽ ദൈവത്തിൻെറ അഭിഷിക്തനായി (മെസയാ) വർത്തിക്കുവാൻ നിർദ്ദിഷ്ടനായ ഒരു വ്യക്തിയുടേതാണ്.'' 1 ജോൺ എൽ. മെക്കൻസി ഈ വേദപുസ്തകവിവരണത്തിൽ ദർശിക്കുന്നത് മററൊരു കാര്യമാണ്. ''(ഇതു) അഭിഷിക്തനെന്ന നിലയിൽ യേശുവിൻെറ സ്വഭാവവും, പരോക്ഷമായി, പുതിയ ഇസ്രായേലായ സഭാസമൂഹത്തിൻെറ സ്വഭാവവും സൂചിപ്പിക്കുന്നു........തൻെറ സഭയ്ക്കു നേരിടേണ്ടിവരുന്ന പ്രലോഭനങ്ങളെ യേശു മുൻകൂട്ടി തരണം ചെയ്യുന്നു.'' 2

ഈ രണ്ടഭിപ്രായങ്ങളുടെ വെളിച്ചത്തിൽ യേശുവിൻെറ പ്രലോഭനങ്ങൾ നമുക്കു പഠനവിഷയമാക്കാം. ആദ്യമേ അവയുടെ വിവരണങ്ങളിലേയ്ക്കു കടക്കാം; പിന്നീട് അവയുടെ അർത്ഥത്തിലേക്കും. അവസാനമായി സഭയ്ക്കു നേരിടേണ്ടി വന്നേക്കാവുന്ന ചില പ്രലോഭനങ്ങളെപ്പററിയും സൂചിപ്പിക്കാം.

## I

## വിവരണങ്ങൾ

മർക്കോസിൻെറ വിവരണം പരിശോധിക്കേണ്ടതില്ല. അദ്ദേഹം രണ്ടു വാക്യങ്ങൾ മാത്രമേ നൽകുന്നുള്ളു. (1:12-13) അവിടെ മെസയാ ആയ യേശുവും അദ്ദേഹത്തിൻെറ സൈന്യങ്ങളും ഒരുവശത്തും (മാലാഖമാർ) പിശാചും അവൻെറ

1. The Work and Words of Jesus, 1968, P. 38.
2. The Dictionary of the Bible, Art. 'Temptation', P. 879.

www.malankaralibrary.com

സൈന്യങ്ങളും (വന്യമൃഗങ്ങൾ) മറുവശത്തുമായി ഒരു പോരാട്ടം നടന്നതായി അദ്ദേഹം ചിത്രീകരിക്കുന്നതുപോലെ തോന്നുന്നു. മത്തായിയുടെ വിവരണം വിശദമായി പരിശോധിക്കാം. ലൂക്കായുടെ കാഴ്ചപ്പാടിൽ പ്രത്യേകമായിക്കാണുന്ന പ്രധാന കാര്യങ്ങളും സൂചിപ്പിക്കാം.

## a) മത്തായി 4:1–11

വാക്യം 1: ''പരീക്ഷിക്കപ്പെടുവാൻ വേണ്ടി യേശു ആത്മാവിനാൽ മരുഭൂമിയിലേക്ക് ആനയിക്കപ്പെട്ടു..........'' ആവർത്തനം 8:2 ഇതുമായി താരതമ്യം ചെയ്യുക: ''നിങ്ങളെ വിനയമഭ്യസിപ്പിക്കുവാനും പരീക്ഷിക്കുവാനുമായി നിങ്ങളുടെ ദൈവമായ കർത്താവു നിങ്ങളെ മരുഭൂമിയിലേക്കു നയിച്ചു.'' ''മരുഭൂമിയിൽ നിങ്ങളെ നയിച്ച അവിടുന്ന്....'' (വാക്യം 15). ''നിങ്ങളെ വിനയം പഠിപ്പിക്കുവാനും നിങ്ങളെ പരീക്ഷിക്കുവാനും..........മരുഭൂമിയിൽവെച്ച നിങ്ങളെ തീററിപ്പോററിയ അവിടുന്ന്........'' (വാക്യം 16).

''പരീക്ഷിക്കപ്പെടുവാൻ'' യേശുവിനെ മരുഭൂമിയിലേക്കു നയിക്കുന്നതിന്റെ ഉദ്ദേശ്യംതന്നെ അവിടുത്തെ പരീക്ഷിക്കുകയാണ്. മത്തായി മാത്രമേ ഇതെടുത്തു പറയുന്നുള്ളു.

''........പിശാചിനാൽ'': പഴയ നിയമത്തിൽ ദൈവമായിരുന്നു മനുഷ്യനെ പരീക്ഷിച്ചിരുന്നത് (സൃഷ്ടി 22:1; പുറ 20:20; ആവ 8:2; യൂദിത്ത് 2:22; വിജ്ഞാനം 11:9) എന്നാൽ യേശുവിന്റെ പരീക്ഷകൻ പിശാചാണ്. വേദപുസ്തകത്തിലും, ജോബ് 1:6 മുതലുള്ള യഹൂദദൈവശാസ്ത്രത്തിലും പിശാചിന്റെ പ്രധാന ജോലി പരീക്ഷിക്കലത്രേ. [3] പുതിയനിയമത്തിൽ സാത്താൻ അഥവാ പിശാചു പരീക്ഷകനായിട്ടാണു മിക്കവാറും പ്രത്യക്ഷപ്പെടുന്നത് (1 കൊറി 7:5; 2 തെസ 3:5; 1 പത്രോ 5:8 ff). [4] യാക്കോബുശ്ലീഹയുടെ ലേഖനം 1:13–ൽ ''ദൈവം ആരേയും പരീക്ഷിക്കുന്നില്ല'' എന്നു ഖണ്ഡിതമായി പ്രഖ്യാപിച്ചിരിക്കുന്നു.

വാക്യം 2: ''അവിടുന്നു നാല്പതു രാവും നാല്പതു പകലും ഉപവസിച്ചു. ഒടുവിൽ അവിടുത്തേക്കു വിശന്നു'' ആദ്യപരീക്ഷക്കുള്ള പശ്ചാത്തലമാണിത്.

''നാല്പതു രാവും നാല്പതു പകലും'': മത്തായി മാത്രമേ ഇതു പറയുന്നുള്ളു. മാർക്കോസും ലൂക്കായും നാല്പതുദിവസമെന്നാണു

3. New Catholic Commentary, 715 b, p 910; J. DUPONT O, S. B. in Assemblees du Seigneur, No. 26, 1962, pp 39-40
4. JOHN L. MCKENZIE, op. cit; P, 878,

www.malankaralibrary.com

രേഖപ്പെടുത്തിയിരിക്കുന്നതു്. ആവർത്തനം 8:2-ൽ പറഞ്ഞിരിക്കുന്ന ''നാല്പതു വർഷത്തിലെ'' നാല്പതെന്ന സംഖ്യ ഇവിടെ ഒത്തുവരുന്നുണ്ടു്. ജലപ്രളയ വിവരണത്തിലും (സൃഷ്ടി 7:4, 12, 17) മൂശയുടെ ചരിത്രത്തിലും (പുറ 24:18; ആവ 11:25; 10:10) ''നാല്പതു രാവും നാല്പതു പകലും'' എന്ന പ്രയോഗം കാണാം.

''നാല്പതു രാവും നാല്പതു പകലും ഉപവസിച്ചു'' ഏലിയായേയും (1 രാജ 19:8) മൂശയേയും (പുറ 34:28; ആവ 9; 9; 9:18) പോലെ.

വാക്യം 3-4: <u>ആദ്യപ്രലോഭനം—അപ്പം</u>

വാക്യം 3: ''അങ്ങു ദൈവപുത്രനാണെങ്കിൽ'' ജ്ഞാനസ്നാനസമയത്തു കേട്ട സ്വർഗ്ഗീയ സ്വരമാണു് ഇതിൽ സൂചിതമായിരിക്കുന്നതു്; ''ഇവൻ എന്റെ പ്രിയ പുത്രനാണു്; ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു.'' (മത്ത 3:17)

''ഈ കല്ലുകളോടു് അപ്പമായി മാറുവാൻ ആജ്ഞാപിക്കുക''. വിശപ്പടക്കുവാൻ മരുഭൂമിയിലെ കല്ലുകൾ മുഴുവൻ അപ്പമാകേണ്ടതുണ്ടോ? പരീക്ഷയുടെ മെസയാനിക സ്വഭാവം നാമോർക്കണം. സർവ്വ ജനതകൾക്കും അപ്പം നൽകാനാണു മെസയാ ആയ യേശുവിനോടു് ആവശ്യപ്പെടുന്നതു്. മന്നായാണു് ഇവിടത്തെ സൂചന (പുറ 16; ആവ 8: 3-6)

വാക്യം 4: ആവർത്തനം 8:3 ഉദ്ധരിച്ചുകൊണ്ടു യേശു മറുപടി പറയുന്നു. പിശാചിന്റെ ആദ്യശ്രമം വിഫലമാകുന്നു.

വാക്യം 5-7: ദ്വിതീയ പ്രലോഭനം. ദേവാലയഗോപുരത്തിന്റെ മുകളിൽവച്ചു നടക്കുന്നു.

വാക്യം 6: സങ്കീ 91:11-12 ഉദ്ധരിച്ചുകൊണ്ടു പിശാചു യേശുവിനെ താഴോട്ടു ചാടാൻ പ്രലോഭിപ്പിക്കുന്നു. നീതിമാനു ലഭിക്കുന്ന ദൈവിക സംരക്ഷണമാണു് ഉദ്ധൃതസങ്കീർത്തന ഭാഗത്തിലെ പ്രതിപാദ്യം.

വാക്യം 7: ആവ 6:16 ഉദ്ധരിച്ചുകൊണ്ടു യേശു മറുപടി പറയുന്നു. മരുഭൂമിയിലെ മാസ്സായിൽവെച്ചു പണ്ടു് ഇസ്രായേൽ കർത്താവിനെ പരീക്ഷിച്ചതു് ആവർത്തിക്കരുതെന്നു മുന്നറിയിപ്പു നൽകുന്ന ഭാഗമാണു് അവിടന്നു് ഉദ്ധരിക്കുന്നതു്.

---

5. J. DUPONT, Les Tentations de Jesus auc Desert, 1968, P. 21. ഇവിടെ സൂചിപ്പിക്കപ്പെടുന്നതു ''കാടപ്പക്ഷി''യാണെന്ന (സംഖ്യ 12:33) ജെ. ഗ്വിയ്യെയുടെ അഭിപ്രായത്തോടു് അദ്ദേഹം യോജിക്കുന്നില്ല. cfr. Themes of the Bible, 1960, P. 15.

www.malankaralibrary.com

പുറ 17:1–7–ൽ ഈ സംഭവം കാണാം. ജനങ്ങൾ കർത്താവിൽ നിന്നു് ഒരടയാളം ആവശ്യപ്പെട്ട—അവിടത്തെ സാന്നിദ്ധ്യവും സംരക്ഷണവും വാഗ്ദാനവിശ്വസ്തതയും തെളിയിക്കുന്ന ഒരട യാളം. തങ്ങൾക്കുവേണ്ടി ഇടപെടുവാൻ അവർ കർത്താവിനെ നിർബ്ബന്ധിച്ചു; ഒരു അത്ഭുതത്തിനായി ശാഠ്യംപിടിച്ചു. 6

വാക്യം 8–10: തൃതീയ പ്രലോഭനം—മലമുകളിൽവെ ച്ചായിരുന്നു ഇതു്.

വാക്യം 8: ''ഉയരമേറിയ ഒരു മല''. ''ലോകത്തിലെ രാജ്യങ്ങളെല്ലാം കാണാവുന്ന ഒരു മലയല്ല ഇതു് എന്നതിൽ സംശയമില്ല.'' 7 അതുകൊണ്ടുതന്നെയാണു് ലൂക്കാ ഇങ്ങനെ ഒരു മലയെപ്പററി പരാമർശിക്കാത്തതു്. ''ഒരു നിമിഷത്തി നുള്ളിൽ'' യേശു എല്ലാം കണ്ടതായി അദ്ദേഹം ചിത്രീകരി ക്കുന്നു (ലൂക്കാ 4:5). മത്തായി 17:1–ൽ ''ഒരുയന്ന മല''യെക്കു റിച്ചും 5:1; 8:1; 28:16 എന്നിവിടങ്ങളിൽ ''ഒരു മല''യെക്കു റിച്ചും പ്രസ്താവിക്കുന്നുണ്ടു്. ഭൂമിശാസ്ത്രപരമെന്നതിനേക്കാൾ ദൈവശാസ്ത്രപരമാണു് ഈ പദപ്രയോഗത്തിന്റെ അർത്ഥം.

പിശാചിനെ ആരാധിക്കുവാൻ യേശു പ്രലോഭിതനാ കുന്നു. ആവ 6:13 ഉദ്ധരിച്ചുകൊണ്ടു് അവിടന്നു് പരീക്ഷകനെ എതിർക്കുന്നു. വാഗ്ദത്തദേശത്തു് വ്യാജദേവന്മാരെ ഇസ്രായേൽ ആരാധിച്ചുകൂടാ എന്നൊരു താക്കീതാണു് അതിൽ അടങ്ങി യിട്ടുള്ളതു്. ''ഉയരമുള്ള മലകളിലും'' (ഏശ 2:14; ആവ 12:2) ''മലകളിലും'' (ഹോസയാ 4:13; ഏശ 65:7; ഏറ 3:23; 17:3; എസ 6:1–4; 18:6–11; 22:9) ''ഉന്നതസ്ഥാനങ്ങളി ലും'' (അനേകം വി. ഗ്രന്ഥഭാഗങ്ങൾ ഇതുപറയുന്നുണ്ടു്; ലേവ്യർ 26:30; 1 രാജാ 3:2; 12:31–32; 2 രാജാ 17:29; 18:4; 23:5; 2 ദിനവൃ 11:15; 14:3; 15:17; 17:6; 21:11; 24:3; ഏറ 17:3; എസ 3:16, 39) വെച്ചു് ഇസ്രായേൽ വിഗ്ര ഹാരാധനയ്ക്കു വശംവദരായെന്ന കാര്യം നാമോർക്കണം. അങ്ങനെ മൂന്നാമത്തെ പ്രലോഭനം ''ഉയരമേറിയ ഒരു മല യിൽ'' വെച്ചായിരുന്നുവെന്നു പറയുമ്പോൾ, ഇസ്രായേൽ യഹ്‌വേയോടു് അവിശ്വസ്തത കാണിച്ച ''ഉയരമേറിയ മല കളും'' ''ഉന്നതസ്ഥാനങ്ങളും'' ആയിരിക്കാം മത്തായിയുടെ മനസ്സിലുള്ളതു്.

ഈ പരീക്ഷയിലെ പഴയനിയമ സൂചനയിൽ പ്രധാനം സ്വർണ്ണക്കാളക്കുട്ടിയുടെ ആരാധനയല്ല. (പുറ 32:1–35). ''ആവർത്തനം 6:13–ൽ ഏക സത്യദൈവത്തെ മാത്രമേ ആരാ ധിക്കാവൂ എന്നു കല്പിക്കുന്നതു യഹ്‌വേയെ പ്രതിനിധീക

6. J. DUPONT, Les Tentations...P. 17.
7. New Catholic Commentary, 715 b, P. 911.

www.malankaralibrary.com

രിക്കാൻ ഇസ്രായേൽക്കാർ നിർമ്മിച്ച സ്വർണ്ണവിഗ്രഹത്തിനെതിരായല്ല, പ്രത്യുത കനാൻദേശത്തു വസിച്ചിരുന്ന വിജാതീയരുടെ ദേവതകൾക്കെതിരായാണ്.[8] എല്ലാ രാജ്യങ്ങളും അവയുടെ സർവ്വ മഹിമയും നൽകാമെന്ന പിശാചിന്റെ വാഗ്ദാനത്തിൽനിന്ന് ഇതു വ്യക്തമാണെന്നു തോന്നുന്നു. യഹ്‌വേ അവകാശമായി നൽകിയ നല്ല ഭൂമിയായിരുന്നു ഇസ്രായേൽക്കാരെ വിഗ്രഹാരാധനയിലേക്കു നയിച്ചതു്. (ആവ 6:10–15; 8:11–20; ഹോസയാ 2;എസ16).

വാക്യം 9: ജ്ഞാനസ്നാനസമയത്തു കേട്ട സ്വർഗ്ഗീയ സ്വരം (3:17) സങ്കീർത്തനം 2:7–നോടു സദൃശമാണ്: ''....നീ എന്റെ പുത്രനാകുന്നു....''. അങ്ങു ദൈവപുത്രനാണെങ്കിൽ....'' എന്നാണു പിശാചിന്റെ സംബോധന. അവൻ വാഗ്ദാനം ചെയ്യുന്നതോ, ഉദ്ധൃത സങ്കീർത്തനത്തിലെ തുടർന്നു വരുന്ന വരികളോടു സാമ്യമുള്ളതും: ''നീ എന്നോടു് ആവശ്യപ്പെട്ടാൽ വിജാതീയരെ ഞാൻ നിനക്കു് അവകാശമായിത്തരാം; ഭൂമിയുടെ അതിർത്തികൾ വരെയുള്ള ദേശങ്ങൾ നിനക്കു സ്വന്തമായി നൽകാം''.

വാക്യം 10: ''സാത്താനേ, ദൂരെ പോകുക!'' യേശു സ്വയമേവ പറയുന്നതായി ഈ വിവരണത്തിൽ ആകെക്കൂടി കാണുന്ന പദങ്ങൾ ഇവ മാത്രമാണ്. (മക്കേ 8:33 കാണുക)

വാക്യം 11. പരാജിതനായ പിശാചു യേശുവിനെ വിട്ടുപോകുന്നു.

''മാലാഖമാർ വന്ന് അവിടത്തെ ശുശ്രൂഷിച്ചു''. മാലാഖമാർ വന്ന് അവിടുത്തെ ശുശ്രൂഷിച്ചെന്ന മത്തായിയുടെ പ്രസ്താവന സ്വാഭാവികമായും സങ്കീർത്തനം 91 നമ്മെ അനുസ്മരിപ്പിക്കുന്നു. ദൈവപുത്രന് ആ ദിവ്യവചനത്തിൽ (Oracle) വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ദൈവികസഹായം യേശുവിനു ലഭിക്കുന്നു; മാലാഖമാർ അവിടുത്തെ ശുശ്രൂഷയ്ക്കു് ആഗതരാകുന്നു. പക്ഷേ സങ്കീർത്തനത്തിൽ പറഞ്ഞിട്ടുള്ള പരിചരണമല്ല അവർ അവിടുത്തേക്കു നൽകുന്നതു്. അവന്റെ പാദം കല്ലിന്മേൽ തട്ടാതെ സൂക്ഷിക്കുകയല്ല, പ്രസ്തുത നിമിഷത്തിൽ ആവശ്യമായ സഹായം നൽകുകയത്രേ അവർ ചെയ്യുന്നതു്. വിശപ്പടക്കാൻ ഭക്ഷണം നൽകുന്നു. ഇവിടെ ഉപയോഗിച്ചിട്ടുള്ള ''പരിചരിക്കുക'' (diokoneo) എന്ന ക്രിയയുടെ അർത്ഥവും ഇതുതന്നെയാണ്'''.[9] 'ദിയാക്കോനിയാ'യുടെ

8. J. DUPONT, Les Tentations; P. 21 against the opinion of J. GUILLET op. cit; P. I5.

9: J. DUPONT, in Assemblees du Seigneur, P. 50; Les Tentations PP 30–33.

www.malankaralibrary.com

അത്ഥം ഭക്ഷണമേശയിലെ പരിചരണം, ഭക്ഷണപാനീയങ്ങൾ വിളമ്പിക്കൊടുക്കൽ എന്നൊക്കെയാണ്....[10]. പുതിയനിയമത്തിൽ മററു പല സ്ഥലത്തും ഇതേ ആശയത്തിൽ ഈ പദം ഉപയോഗിച്ചിട്ടുണ്ട്. (മത്താ 8:15; ലൂക്കാ 10:40; 12:37; 17:8; 22:26-27)

1 രാജാ 19:5-8-ൽ ഏലിയായെ മാലാഖാ അത്ഭുതകരമായ ഒരു അപ്പം നൽകി തീററിപ്പോററുന്നതു് ഇതിനോടു സദൃശമാണ്. അതിൻെറ ശക്തിയാൽ ''നാല്പതു രാവും നാല്പതു പകലും'' യാത്ര ചെയ്തു ദൈവത്തിൻെറ മലയായ ഹോറേബിൽ എത്തിച്ചേരുവാൻ അദ്ദേഹത്തിനു സാധിച്ചു. യേശു പുതിയ ഇസ്രായേലാണ്. ദൈവജനത്തിൻെറ ചരിത്രം പുനരാവിഷ്കരിക്കുന്ന ദൈവത്തിൻെറ ആദ്യജാതനാണവിടുന്ന്. പഴയനിയമത്തിലെ ദൈവജനത്തിൻെറ പ്രധാന സംഭവങ്ങൾ അവിടുന്നു സ്വന്ത വ്യക്തിത്വത്തിൽ പുനരവതരിപ്പിക്കുന്നു. ഈജിപ്തിൽനിന്നു യേശു മടങ്ങിയെന്നതിൽ ഇസ്രായേൽ ഈജിപ്തിൽനിന്നു മടങ്ങിപ്പോന്ന കാര്യം സുവിശേഷകൻ അനുസ്മരിക്കുന്നു. ഉദ്ധരണിയിൽനിന്നു (മത്താ 2:18) ഇതു വ്യക്തമത്രേ. ''ഈജിപ്തിൽനിന്നു ഞാനെൻെറ പുത്രനെ വിളിച്ചു''(ഹോസ 11:1). യേശുവിൻെറ മൂന്നു പ്രലോഭനങ്ങളും ഇസ്രായേലിൻെറ ചരിത്രത്തിലെ ചില പ്രധാന സംഭവങ്ങളെ സൂചിപ്പിക്കുന്നു. ഇസ്രായേൽ പരാജയപ്പെട്ടിടത്തെല്ലാം യേശു വിജയശ്രീലാളിതനാകുന്നു. ''യേശു ഇസ്രായേലിൻെറ ചരിത്രത്തെ തന്നിലേക്കാവഹിച്ചു് അതിനെ പരിപൂർണ്ണമാക്കുന്നു.[11] ദൈവവാഗ്ദാനങ്ങളെ അവിശ്വസിക്കുവാൻ ഇസ്രായേലിനെ വിശപ്പു പ്രേരിപ്പിച്ച സാഹചര്യത്തിൽ യേശു വിശ്വസ്തത പുലർത്തുന്നു. ദൈവസാന്നിദ്ധ്യവും സംരക്ഷണവും തെളിയിക്കുവാൻ ഇസ്രായേൽ ദൈവത്തിൽനിന്നു് ഒരത്ഭുതത്തിനുവേണ്ടി ശാഠ്യം പിടിച്ചെങ്കിൽ, യേശു അതിനു മുതിരുന്നില്ല. സമ്പത്സമൃദ്ധി ഇസ്രായേലിനെ യഹ്വേയിൽനിന്നു വ്യതിചലിക്കുവാൻ (Commit Fornication) പ്രേരിപ്പിച്ചു (2 ദിനവൃ 21:11; എസ 16:29). യേശുവോ ദൈവത്തിലുള്ള തൻെറ ആശ്രയത്തിനു വിഘ്നം വരുത്തുന്നില്ല.[12]

യേശുവിൻെറ പ്രലോഭനങ്ങൾക്കു ഇസ്രായേൽചരിത്രത്തോടു വ്യാപകാർത്ഥത്തിലുള്ള സാദൃശ്യം മാത്രമല്ല ഉള്ളതു്.

---

10. HANS KUNG, The Church, 1967, P. 390,
11. J. DUPONT, in Assemblees du Seigneur, P. 44.
12. Cf. THIERRY MAERTENS, Bible Themes, Vol. 1, B. 74, P. 235. Also J. DUPONT, Les Tentations...PP. 14-15 J. GUILLET, op. cit; PP. 1:-16; XAVIER LEON DU FOUR, S. J. Dictionary of Biblical Theology, Art. "Desert", P. 100.

www.malankaralibrary.com

ഇസ്രായേലിൻെറ പ്രസിദ്ധ നേതാക്കന്മാരുടെ കഥകളോട് അവയ്ക്ക പ്രത്യേകബന്ധമുണ്ട്. ആ ജനതയുടെ നന്മകൾ യേശു ഉൾക്കൊള്ളുന്നു. അവിടുന്നു പുതിയ മോശയാണ്, പുതിയ ഏലിയായാണ്. അതുകൊണ്ടുതന്നെയത്രേ അവരിരുവരുടെയും കഥകളെ ഇത്രയധികം ആശ്രയിച്ചുകൊണ്ടു സുവിശേഷകൻ പ്രലോഭനവിവരണം സജ്ജീകരിക്കുന്നത്.

## b) ലൂക്കാ 4:1–13

പ്രലോഭനവിവരണം മത്തായിയുടേതിനോടു സദൃശമാണ്. എങ്കിലും സാരമായ ചില വ്യതിയാനങ്ങളും ദൃശ്യമത്രേ.

—ലൂക്കാ പരിശുദ്ധാത്മാവിനു പ്രാധാന്യം നൽകുന്നു (വാക്യങ്ങൾ 1–2). മത്തായിയും മർക്കോസും ഓരോ പ്രാവശ്യം ''ആത്മാവിനെ''ക്കുറിച്ചു പരാമർശിക്കുമ്പോൾ, ലൂക്കാ ഒരിക്കൽ ''പരിശുദ്ധാത്മാവിനെ''പ്പററിയും പിന്നീടൊരിക്കൽ''ആത്മാവിനെ''പ്പററിയും പറയുന്നു. ജ്ഞാനസ്നാനസമയത്തു ''പരിശുദ്ധാത്മാവ്'' യേശുവിൻെറ മേലിറങ്ങി (3:32). പ്രലോഭനത്തിനുശേഷം ''പരിശുദ്ധാത്മാവിൻെറ ശക്തിയാൽ പൂരിതനായി യേശു ഗലീലിയായിലേക്കു മടങ്ങി'' (4:14). നസ്രത്തിൽ ആദ്യം പരസ്യമായി പ്രത്യക്ഷപ്പെട്ടപ്പോൾ യേശു പ്രഖ്യാപിച്ചു: ''കർത്താവിൻെറ ആത്മാവ് എന്നിലുണ്ട്''. ഏശ 6:1–2 ഉദ്ധരിക്കുകയായിരുന്നു അവിടുന്ന്. ഈ സവിശേഷത മർക്കോസും (6:1–6), മത്തായിയും (13:56f) എടുത്തു കാണിക്കുന്നില്ല.

''പരിശുദ്ധാത്മാവിനാൽ പൂരിതനായ'', ലൂക്കായുടെ സുവിശേഷത്തിൽ പലപ്പോഴും ഈ പദാവലി പ്രത്യക്ഷപ്പെടുന്നുണ്ട്: പരിശുദ്ധാത്മാവാൽ പൂരിതരായ സ്റ്റീഫൻ (നട 6:5; 7:55), ഏഴു ഡീക്കന്മാർ (6:3), ബർണബാസ് (11:24). ''പരിശുദ്ധാത്മാവിനാൽ പൂരിതനായി'' എന്ന ക്രിയാരൂപം ലൂക്കാ 1:15, 41; നട 2,4; 4:31; 9:17; 14:9, 52 എന്നീ വാക്യങ്ങളിൽ കാണാം.[13]

''ആത്മാവിനാൽ മരുഭൂമിയിലേക്ക് ആനീതനായി.'' ആത്മാവുതന്നെയാണു യേശുവിനെ മരുഭൂമിയിൽ നയിക്കുന്നതും. ആത്മാവിൻെറ പ്രവർത്തനം ആന്തരികതലത്തിലേക്കു മാററി പ്രതിഷ്ഠിക്കുന്നു. ആന്തരികപ്രവർത്തന തത്വമാണ് ആത്മാവ്.

13. Cf. J. DUPONT, Les Tentations...PP. 48–49.

www.malankaralibrary.com

—പിശാചിനു് അദ്ദേഹം പ്രാധാന്യം നൽകുന്നുണ്ടു് (വാക്യങ്ങൾ 6–7). ഇവിടെ പിശാചു യേശുവിനു നൽകിയ വാഗ്ദാനം കാണുന്നു. ലൂക്കായുടെ ഏഴാം വാക്യം മത്തായിയുടെ 10–ാം വാക്യത്തിനു സമമാണു്.

മത്തായി 'പ്രതാപം' എന്നു പറയുന്നിടത്തു ലൂക്കാ 'വാഗ്ദാനം' എന്നത്രേ പ്രയോഗിക്കുക. പ്രതാപത്തോടൊപ്പം 'അധികാരവും' ലൂക്കാ ചേർക്കുന്നുണ്ടു്. ഇതു മത്തായിയുടെ വിവരണത്തിലില്ല. മത്തായിയുടെ വിവരണത്തിൽ പരീക്ഷകൻ എട്ടു വാക്കുകളേ ഉച്ചരിക്കുന്നുള്ളു; ലൂക്കായുടേതിലാകട്ടെ 28 വാക്കുകൾ പിശാചു പറയുന്നു (ഗ്രീക്കു മൂലമനുസരിച്ചു്).[14] ഒന്നാമത്തെയും രണ്ടാമത്തെയും പരീക്ഷകളിൽ ലൂക്കാ യേശുവിന്റെ ഉത്തരം വെട്ടിച്ചുരുക്കിയിരിക്കുകയാണു്. ലൂക്കാ പിശാചിനു പ്രമുഖസ്ഥാനം കൊടുക്കുന്നുണ്ടു്. രണ്ടു പ്രമാണിമാർ തമ്മിലുള്ള—ഈ ലോകത്തിന്റെ പ്രമാണിയും (യോഹ 12:31; 14:30; 16:11; യോഹ 5:19; 2 കൊറി 4:4) ദൈവസുതനും തമ്മിലുള്ള—ഏറ്റുമുട്ടലായാണു് അദ്ദേഹം പ്രലോഭനത്തെ വീക്ഷിക്കുന്നതു്.

—ഓർശ്ലേമെന്ന വിഷയവും അദ്ദേഹം എടുത്തു കാണിക്കുന്നു. (വാക്യം 9).

പ്രലോഭനവിവരണത്തിൽ സമാന്തരമായ ഇസ്രായേൽ സംഭവങ്ങളുടെ ക്രമമാണു മത്തായി സ്വീകരിച്ചിട്ടുള്ളതു്—അപ്പം (മന്ന) പുറ 16; ദേവാലയഗോപുരം (മാസ) പുറ. 17; ഗിരിശൃംഗം (കാനായിലെ വിഗ്രഹാരാധന അഥവാ സ്വർണ്ണവിഗ്രഹം) പുറ 32 എന്നിങ്ങനെ. അപ്പം, വിഗ്രഹാരാധന, ദേവാലയ ഗോപുരം എന്നിങ്ങനെയാണു ലൂക്കായുടെ ക്രമം. പ്രലോഭനം ഓർശ്ലേമിൽ വെച്ചു് അവസാനിക്കണമെന്നതായിരിക്കാം അദ്ദേഹത്തിന്റെ ഉദ്ദേശ്യം. ഇതിൽ ദൈവശാസ്ത്രപരമായ പ്രാധാന്യമുണ്ടു്. എല്ലാം ഓർശ്ലേമിൽ ആരംഭിക്കുന്നു; ഓർശ്ലേമിലേക്കു് നയിക്കുന്നു. സുവിശേഷത്തിലും അപ്പസ്തോല നടപടിയിലും ഈ സവിശേഷത വ്യക്തമാണു്.

## സുവിശേഷത്തിൽ

യേശുവിന്റെ ശൈശവം വിവരിക്കുമ്പോൾത്തന്നെ ഒന്നിലധികം തവണ ഓർശ്ലേം പരാമർശിക്കപ്പെടുന്നുണ്ടു് (3:22 f; 3:41 f). സുവിശേഷസജ്ജീകരണത്തിൽ യേശുവിന്റെ ഗലീലിയൻ പ്രവർത്തനം കഴിഞ്ഞാണു് ഓർശ്ലേമിലേയ്ക്കുള്ള യാത്ര ആരംഭിക്കുന്നതു്. ഇതു് 9:51–ൽ ആരംഭിക്കുന്നു: ''സ്വർഗ്ഗാരോഹണസമയം സമാഗതമായപ്പോൾ അവിടന്നു് ഓർശ്ലേമിലേക്കു പോകാൻ തീരുമാനിച്ചു.'' ഓർശ്ലേമിലേക്കു പോകാ

14. Ibid P. 60.

www.malankaralibrary.com

നുള്ള അവിടത്തെ തീരുമാനത്തെക്കുറിച്ച് 53-ാം വാക്യത്തിലും പറയുന്നു. തുടർന്നു വരുന്ന അദ്ധ്യായങ്ങൾ അനേകതവണ അവിടന്നു ഓർശ്ലേത്തേക്കുള്ള യാത്രയിലാണെന്നു സൂചിപ്പിക്കുന്നുണ്ട്. (13:22; 17:11; 18:31; 19:11, 28)[15]

ഓർശ്ലേത്ത് യേശു തന്റെ ''പുറപ്പാടു'' പൂർത്തിയാക്കുന്നു (9:31). പീഡാസഹനവും മരണവും വഴിയാണത്. ലൂക്ക 24:18-20-ൽ ഈ സംഭവം പുനരവലോകനമെന്ന നിലയിൽ വിവരിച്ചിരിക്കുന്നു.

ഉത്ഥാനാനന്തരം യേശു ഗലീലയായിൽ പ്രത്യക്ഷപ്പെട്ടന്നില്ല. ഓർശ്ലേത്തും പരിസരങ്ങളിലും മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ള (അദ്ധ്യായം 24).

## അപ്പസ്തോലനടപടിയിൽ

''അനുതാപവും പാപമോചനവും എപ്രകാരം'', ഓർശ്ലേത്തു നിന്നു തുടങ്ങി എല്ലാ ജനതകളോടും അവിടത്തെ നാമത്തിൽ പ്രസംഗിക്കപ്പെട്ട'' (ലൂക്കാ 24:47) എന്നതാണ് ഈ പുസ്തകത്തിലെ പ്രതിപാദ്യം. അദ്ദേഹം പ്രലോഭനത്തെ പീഡാസഹനത്തോടു ബന്ധിപ്പിക്കുന്നുണ്ട് (വാ. 13).

''തക്ക സമയം വരുന്നതുവരെ പിശാച് അവനിൽ നിന്ന് ഒഴിഞ്ഞുമാറി.'' ''തക്കസമയം വരുന്നതുവരെ'' എന്നതു ശ്രദ്ധേയമാണ്. പീഡാസഹനത്തിലേക്കത്രേ അതു വിരൽ ചൂണ്ടുന്നത്. ''പ്രലോഭനവും പീഡാസഹനവും, യേശുവും പിശാചും തമ്മിലുള്ള സമരത്തിന്റെ രണ്ടു ഭാവങ്ങൾ മാത്രമാണ്; മരുഭൂമിയിൽവച്ച പരാജിതനായ പിശാച്, യേശുവിനെ കുരിശുമരണത്തിലെത്തിച്ച മഹാപാതകത്തിനു തയ്യാറെടുക്കുവാൻ വേണ്ടിയായിരുന്നു, അവിടുത്തെ വേർപിരിഞ്ഞുപോയത്....പ്രലോഭനം പീഡാസഹനത്തിനുള്ള ഒരാമുഖമാണ്[16]. പീഡാസഹനത്തിൽ ശത്രുക്കളായ മനുഷ്യരെ മാത്രമല്ല യേശുവിനഭിമുഖീകരിക്കേണ്ടിയിരുന്നത്. പ്രത്യുത, ആ ദുരന്തനാടകത്തിൽ പ്രധാന ഭാഗമഭിനയിച്ച അന്ധകാരാധികാരിയായ പിശാചിനേയും അവിടുത്തേക്കു നേരിടേണ്ടിയിരുന്നു (ലൂക്ക 22: 3-6, 53 കാണുക).

## II

## പ്രലോഭനങ്ങളുടെ അർത്ഥം

മരുഭൂമിയിൽവച്ചുണ്ടായ പ്രലോഭനങ്ങൾക്കു പുറമെ പരസ്യജീവിതകാലത്തു യേശു പലപ്പോഴും പരീക്ഷിക്കപ്പെട്ടിരു

15. Idid. PP. 68-69.
16. Ibid PP. 66-67.

www.malankaralibrary.com

ന്നതായി സുവിശേഷങ്ങളിൽ അവിടവിടെ രേഖപ്പെടുത്തിയിട്ടുണ്ട് (മർക്കോ 8:11, 27–33; 10:35–40; യോഹ 2:18–19; 6:15, 30–31; 7:1–9; 12:12–18). ഈ പ്രലോഭനങ്ങൾ മരുഭൂമിയിലെ പ്രലോഭനങ്ങളോടു സദൃശമാണ്. തന്മൂലം യേശുവിന്റെ പില്ക്കാലജീവിതത്തിൽ നേരിടേണ്ടിയിരുന്ന പ്രലോഭനങ്ങളുടെ പ്രതീകാനുഭൂതികളായി മരുഭൂമിയിലെ പ്രലോഭനങ്ങളെ പരിഗണിക്കാവുന്നതാണ്.

## a) പ്രഥമപ്രലോഭനം–അപ്പം

ആദ്യത്തെ പ്രലോഭനത്തിനു യോഹ 6:30–31–നോടു ബന്ധമുണ്ട്. രണ്ടിലും അപ്പമാണു പ്രലോഭനവിഷയം. അപ്പം നിർമ്മിക്കുവാൻ യേശു പ്രേരിതനാകുന്നു. മരുഭൂമിയിൽ സ്വന്തം വിശപ്പു ശമിപ്പിക്കുവാൻ വേണ്ടിയാണ് അപ്പം. യോഹന്നാന്റെ സുവിശേഷത്തിലാകട്ടെ, ജനസമൂഹത്തിന്റെ ജിജ്ഞാസ തൃപ്തിപ്പെടുത്തുവാൻ വേണ്ടി 'മന്നായുടെ അത്ഭുതം' ആവർത്തിക്കുവാൻ അവിടുന്നു പ്രേരിതനാകുന്നു. ഒന്നിൽ താൻ ദൈവസുതനാണെന്നു സ്ഥാപിക്കണം; മററതിൽ താൻ ''മോശയെപ്പോലുള്ള പ്രവാചകനാണെന്നും.'' രണ്ടിലും താൻ മെസയാ ആണെന്നു തെളിയിക്കപ്പെടേണ്ടിയിരുന്നു.

ജനങ്ങളുടെ മെസയാനികപ്രതീക്ഷയുടെ പശ്ചാത്തലത്തിലേ ഈ പ്രലോഭനം മനസ്സിലാക്കുവാൻ കഴിയൂ. ആവ 18:15–ലെ വാഗ്ദാനത്തെ ആസ്പദമാക്കി അവർ മോശയെപ്പോലുള്ള ഒരു പ്രവാചകനെ പ്രതീക്ഷിച്ചു. മോശ ചെയ്തതിൽ വച്ചേററം വലിയ അത്ഭുതമായി പരിഗണിക്കപ്പെട്ടിരുന്ന മന്നായുടെ അത്ഭുതം അദ്ദേഹം ആവർത്തിക്കുമെന്ന് അവർ കരുതിയിരുന്നു. ഇതാണു യോഹ 6:14–ന്റെ അർത്ഥം. അപ്പം വർദ്ധിപ്പിച്ച അത്ഭുതത്തേത്തുടർന്ന് ജനങ്ങൾ ഉദ്ഘോഷിച്ചു: ലോകത്തിലേക്കു വരുവാനിരിക്കുന്ന ''പ്രവാചകൻ'' ഇദ്ദേഹം തന്നെ.

ഈ പ്രേരണ 'പൈശാചിക'മായിരുന്നതുകൊണ്ടു യേശു അതിനു വഴിപ്പെട്ടില്ല.

പിതാവിന്റെ ഹിതത്തിനു വിരുദ്ധമായതുകൊണ്ടാണ് അതു പൈശാചികമായിരുന്നത്. യേശു പിതാവിൽ നിന്ന് ഒരു ദൗത്യം സ്വീകരിച്ചിരുന്നു. മനുഷ്യരെയെല്ലാം ദൈവത്തിലേക്ക് ആകർഷിക്കുക; അവരെ വിശ്വാസത്തിലേയ്ക്കു നയിക്കുക, അതായിരുന്നുപ്രസ്തുത ദൗത്യം. കുറെ അത്ഭുതങ്ങൾ തുടരെ ആവർത്തിച്ചതുകൊണ്ട് ആ ദൗത്യം നിർവ്വഹിക്കപ്പെടുമായിരുന്നില്ല. അവരുടെ ഇംഗിതത്തിനു വഴങ്ങിയിരുന്നുവെങ്കിൽ അവിടുത്തേക്ക് അവരെ ആവേശഭരിതരാക്കാമായിരുന്നു; വി

www.malankaralibrary.com

ദ്ധപ്രവത്തിനു പ്രേരിപ്പിക്കാമായിരുന്നു; അങ്ങനെ അവരുടെ രാജാവാകാമായിരുന്നു. (ഒരിക്കൽ ഏതാണ്ടിപ്രകാരമെല്ലാം സംഭവിക്കത്തക്ക സാഹചര്യമുണ്ടായി യോഹ 6:15). ''യേശുവിനെ ഇതു പ്രലോഭിപ്പിച്ചേനെ. ഒരുപക്ഷേ അവിടുത്തേക്കു ബാഹ്യവിജയത്തിന്റെ പ്രലോഭനത്തിനു വശംവദനാകാമായിരുന്നു.''[17] പക്ഷെ അതെല്ലാം പിതൃഹിതനിർവ്വഹണത്തെ സംബന്ധിച്ചിടത്തോളം പ്രയോജനരഹിതമായിരുന്നു. മറിച്ചു തന്റെ മെസയാനിക കഴിവുകൾ സ്വന്തം നന്മയ്ക്കു വേണ്ടി പ്രയോഗിക്കുകയായിരിക്കും അവ വഴി അവിടുന്നു ചെയ്യുക. പാവങ്ങളോടുള്ള അവിടുത്തെ ദൗത്യത്തിനു വിരുദ്ധമായതുകൊണ്ടും അതു പൈശാചികമായിരുന്നു. ''ദരിദ്രരോടു സദ്വാർത്ത അറിയിക്കുവാനും...................ബന്ധിതർക്കു മോചനം പ്രഖ്യാപിക്കുവാനും, കുരുടർക്കു കാഴ്ച നൽകുവാനും മർദ്ദിതരെ സ്വതന്ത്രരാക്കുവാനുമായിരുന്നു'' അവിടുന്നഭിഷിക്തനായതു് (ലൂക്കാ 4:16–19). അവിടന്നു് അനുവർത്തിച്ചതും പ്രവർത്തിച്ചതുമെല്ലാം ദരിദ്രർക്കും പീഡിതർക്കും മർദ്ദിതർക്കും വേണ്ടി ആയിരുന്നു. പ്രധാനമായും ഇക്കൂട്ടരായിരുന്നു അവിടുത്തെ ''പ്രവൃത്തിക''ളുടെ ഫലം അനുഭവിക്കേണ്ടിയിരുന്നതു്. വിശന്നു പൊരിയുന്ന ജനസമൂഹത്തിനുവേണ്ടി അവിടുന്നപ്പം വർദ്ധിപ്പിച്ചു (യോഹ 6:1–4; മർക്കോ 6:30–43; മത്താ 14:13–21; 15:32–39; ലൂക്കാ 9:10–17); പിശാചുബാധിതരെ അവിടുന്നു വിമുക്തരാക്കി; രോഗികളെ സുഖപ്പെടുത്തി; കുരുടർക്കു കാഴ്ച നൽകി; മുടന്തരെ നടത്തി; മരിച്ചവരെ ഉയിർപ്പിച്ചു (മത്താ 11.5; ലൂക്കാ 7:22).അവയെല്ലാം അടയാളങ്ങളായിരുന്നു—ദൈവത്തിനു ദരിദ്രരോടുള്ള സ്നേഹത്തിന്റെ അടയാളങ്ങൾ; അവർക്കു ലഭിച്ച മെസയാനികാനുഗ്രഹങ്ങളുടെ അടയാളങ്ങൾ. നസ്രത്തിലെ യേശുവെന്ന വ്യക്തിയിൽ ദൈവപ്രസാദത്തിന്റെ അനുഭവത്തിനു് അവർക്കു നൽകപ്പെട്ട അവസരങ്ങളായിരുന്നു അവ. അതുകൊണ്ടുതന്നെയാണു് അവിടുന്നു് ആർക്കെങ്കിലും അനുഗ്രഹങ്ങൾ നൽകിയപ്പോഴെല്ലാം അയാൾ അതിന്റെ ബാഹ്യാർത്ഥം മാത്രം ശ്രദ്ധിക്കാതിരിക്കുവാൻ നിഷ്കർഷിച്ചിരുന്നതു്. അതിലുപരി അതിലെ ''അടയാളം'' ദർശിക്കണമെന്നതായിരുന്നു അവിടുത്തെ ആഗ്രഹം. ദരിദ്രരോടുള്ള യേശുവിന്റെ ദൗത്യത്തിൽ നിന്നു വേർപെടുത്തിയാൽ അവിടുത്തെ പ്രവൃത്തികൾ അടയാളങ്ങളായിരിക്കുകയില്ല; അവയുടെ അർത്ഥം നഷ്ടപ്പെടുകയും ചെയ്യും.

പ്രകൃതത്തിൽ ഒരു ചോദ്യമുയരാം: യേശുവിന്റെ ദൗത്യം ആദ്ധ്യാത്മികമായിരിക്കെ, മനുഷ്യരുടെ ഭൗതികാവശ്യ

17. VAN. IERSEL, The Bible on the temptations of man, 1966, P. 45.

www.malankaralibrary.com

ങ്ങൾ സാധിച്ചുകൊടുക്കുന്നതരത്തിൽ അപ്പം കൊടുക്കുവാൻ നിർദ്ദേശിച്ചതുകൊണ്ടാണോ ഈ പ്രവൃത്തി പൈശാചികമാവുന്നതു്?[18] സുവിശേഷസാക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം ഒരു സങ്കല്പത്തിനു പ്രസക്തിയില്ലെന്നു പറയേണ്ടിയിരിക്കുന്നു. യേശു മനുഷ്യരുടെ ഭൗതികാവശ്യങ്ങളും സാധിച്ചു കൊടുത്തിരുന്നു. അതു് അവിടത്തെ 'ആധ്യാത്മിക' ദൗത്യത്തിനു വിരുദ്ധമാണെന്നു് അവിടന്നു കരുതിയിരുന്നില്ല. ആദ്ധ്യാത്മികതയ്ക്കും ഭൗതികതയ്ക്കും തമ്മിൽ വൈരുദ്ധ്യം ദർശിക്കുക നമ്മുടെ മനസ്സാണു്: ബൈബിളിൽ ഇതു കാണുന്നില്ല, നമ്മുടെ നരവിജ്ഞാനീയം വിശുദ്ധഗ്രന്ഥാനുസൃതമല്ല. ബൈബിൾ മനുഷ്യനെ അവന്റെ സമഗ്രതയിൽ, അരൂപിയും പദാർത്ഥവുമായ നിലയിൽ വീക്ഷിക്കുന്നു, ദൈവം മനുഷ്യന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ ആവശ്യങ്ങളും നിറവേററിക്കൊടുക്കുന്നു. ഭൗതികവും ശാരീരികവുമായ ക്ഷേമവും സുസ്ഥിതിയും ദൈവാനുഗ്രഹത്തിന്റേയും സംരക്ഷണയുടേയും സൂചകങ്ങളായി പരിഗണിക്കപ്പെട്ടു, അതിൽ അപാകതയൊന്നുമില്ലതാനും. മനുഷ്യരെ രക്ഷിക്കാൻ (രക്ഷ മനുഷ്യനെ അവന്റെ സമഗ്രതയിൽ ബാധിക്കുന്നതാവണം) വന്ന ക്രിസ്തു മനുഷ്യന്റെ ഭൗതികാവശ്യങ്ങളിൽ ശ്രദ്ധിച്ചിരുന്നില്ലെന്നു പറയാമോ? യുഗാന്തത്തിൽ ലഭിക്കുവാനിരുന്ന അനുഗ്രഹങ്ങളുടെ ദൃശ്യവും സ്പർശ്യവുമായ ചില മുന്നാസ്വാദനങ്ങൾ ക്രിസ്തുവിലൂടെ മനുഷ്യർക്കു ലഭിക്കേണ്ടിയിരുന്നില്ലേ? രോഗവിമുക്തിയും അവിടത്തോടൊപ്പമുള്ള ഭോജനവുമെല്ലാം അതിനാവശ്യമായിരുന്നില്ലേ? ക്രിസ്തുവിലൂടെ കൈവന്ന രക്ഷാകരാനുഗ്രഹം മനുഷ്യനു സുഗ്രഹമാകുവാൻ വേണ്ടി മാനുഷികമായ രീതിയിൽ ആവിഷ്ക്കരിക്കപ്പെടേണ്ടിയിരുന്നില്ലേ?

## b. ദ്വിതീയപ്രലോഭനം—ദേവാലയഗോപുരം

അടയാളം നൽകുവാനാവശ്യപ്പെടുന്ന വിശുദ്ധ ഗ്രന്ഥഭാഗങ്ങളെല്ലാം ഇതില്പെടും (മർക്കോ 8:11; യോഹ 2:18–19;7:1–4). ഈ പ്രലോഭനത്തിന്റെ അർത്ഥം സുസ്പഷ്ടമാക്കുന്ന ഭാഗമാണു യോഹ 7:1–4. അതു നമുക്കു സൂക്ഷ്മമായി പരിശോധിക്കാം.

കൂടാരത്തിരുനാളിന്റെ സമയം (യോഹ 7:2) ജറുസലത്തു തീർത്ഥാടകസംഘങ്ങൾ തടിച്ചു കൂടിയിരുന്നു. രാഷ്ട്രീയ സ്വാത

18 ''ജോൺ എൽ. മക്കെൻസി ജെറോം ബൈബിൾ കമൻററിയിൽ പറയുന്നു (NT; P. 69); സാധാരണമായ ഭൗതികാവശ്യങ്ങൾക്കു് അത്ഭുതശക്തി പ്രയോഗിക്കുക എന്നതാണു് ആദ്യപ്രലോഭനം.'' "അവിടുത്തെ ദൗത്യം ആദ്ധ്യാത്മികമായിരുന്നു; ഭൗതികാവശ്യങ്ങൾ സാധിക്കുവാൻ അവിടുത്തേയ്ക്കു ദൈവത്തെ ശരണം ഗമിക്കണമായിരുന്നു.'' എ. എം. ഹണ്ടർ, ഉദ്ധൃതകൃതി, P. 39.

www.malankaralibrary.com

ന്ത്യം നഷ്ടമായിരുന്ന യഹൂദരെ സംബന്ധിച്ചിടത്തോളം ഈ ദ്ദശസമ്മേളനങ്ങൾക്കു മതപരമായ പ്രാധാന്യം മാത്രമല്ല ഉണ്ടായിരുന്നതു്. അത്തരം സന്ദർഭങ്ങളിൽ അന്തരീക്ഷം പ്രക്ഷുബ്ധമാവുക അസാധാരണമല്ലായിരുന്നു. ദേശീയ വിമോചനത്തിനു വേണ്ടി വിപ്ലവങ്ങൾ പൊട്ടിപ്പുറപ്പെടുക വിരളവുമല്ലായിരുന്നു. പലപ്പോഴും ആരെങ്കിലുമൊരാൾ മെസയാ ആണെന്ന ഭാവത്തിൽ നേതൃത്വം നല്കാൻ പ്രത്യക്ഷപ്പെടുകയായി. അത്ഭുതകരമായ ഒരു തെളിവു (ജനസാമാന്യം മെസയാ ഒരത്ഭുതം ചെയ്യുമെന്നു വിശ്വസിച്ചിരുന്നു) നൽകാമെന്നു് അവരും വാഗ്ദാനം ചെയ്തിരുന്നു. അവരെ കുറെ പേർ അനുഗമിച്ചിരുന്നു. അവസാനം അവരെല്ലാം തറപററുകയും ചെയ്തിരുന്നു.[19]

യോഹ 7–ൽ പരാമർശിക്കപ്പെട്ടിരിക്കുന്ന ഉത്സവവേളയിൽ ജയങ്ങൾ യേശുവിനെപ്പററി പലതും സംസാരിച്ചുകൊണ്ടിരുന്നു. ''അവൻ ജനങ്ങളെ വഴി തെററിക്കുന്നു'' (7:13) ചിലർ പറഞ്ഞു. ''അദ്ദേഹം ഒരു നല്ല മനുഷ്യനാണു്'' (7:13) എന്നു മററു ചിലർ. അദ്ദേഹം ദൈവത്തിന്റെ അഭിഷിക്തൻ (ക്രിസ്തു) ആണെന്നു ചിലർക്കു ബോദ്ധ്യമായിരുന്നു. അവരുടെ വാദഗതിയിൽനിന്നു് ഇതു വ്യക്തമാണു്: ''മെസയാ വരുമ്പോൾ അദ്ദേഹം ഈ മനുഷ്യൻ ചെയ്തതിനേക്കാൾ കൂടുതൽ അടയാളങ്ങൾ പ്രവൎത്തിക്കുമോ?'' (7:31). ''ക്രിസ്തു ഇദ്ദേഹം തന്നെ''; ''ഇദ്ദേഹം യഥാർത്ഥ പ്രവാചകനാകുന്നു'' എന്നിങ്ങനെ ചലർ പറഞ്ഞുകൊണ്ടിരുന്നപ്പോൾ, മെസയാ ഗലീലയായിൽനിന്നു വരുമെന്നു മററു ചിലർക്കു ചിന്തിക്കുവാൻ പോലും പ്രയാസമായിരുന്നു (7:41–42).[20] അദ്ദേഹത്തിന്റെ വ്യക്തിത്വത്തെപ്പററി പരസ്പരവിരുദ്ധമായ അഭിപ്രായങ്ങൾ ഉളവായിരുന്നു.

ഈ സന്ദർഭത്തിൽ യേശു ഓർശ്ലേത്തേയ്ക്കു പോവുകയും, തന്റെ അത്ഭുതകരമായ ശക്തി പ്രകടമാക്കി സ്വന്ത വ്യക്തിത്വം സ്ഥാപിക്കുകയും വേണം (യോഹ 7:3–4). ഇതൊരു സുവർണ്ണാവസരംതന്നെ; മാത്രമല്ല, കൂടാരത്തിരുനാളിനിടയ്ക്കു മെസയാ പ്രത്യക്ഷപ്പെടുമെന്നായിരുന്നു സാമാ

---

19. Cf. WILLIAM BARCLAY "Gospel of Mt." Vol. 1. 1968, P. 63.

20. മററൊരു സന്ദർഭത്തിൽ ദേവാലയസമർപ്പണത്തിന്റെ തിരുനാൾ ദിവസം 'യഹൂദർ' യേശുവിനെ ചുററുംകൂടി ചോദിച്ചു: അങ്ങു് എത്ര നാൾ ഞങ്ങളെ ഈ സന്ദേഹാവസ്ഥയിൽ നിലനിറുത്തും? അങ്ങു മെസയാ ആണെങ്കിൽ ഞങ്ങളോടതു തുറന്നു പറയുക.'' (യോഹ 10:22–4).

www.malankaralibrary.com

ന്യജനങ്ങളുടെ പ്രതീക്ഷ.[21] ഈ സാഹചര്യം ഒരു പ്രലോഭനമെന്നു കണ്ട് യേശു അതു തിരസ്കരിക്കുന്നു.

ഈ പ്രലോഭനത്തിന്റെ ആന്തരാർത്ഥം ഗ്രഹിക്കണമെങ്കിൽ യോഹന്നാൻ ഈ സന്ദർഭത്തിൽ പ്രയോഗിച്ചിരിക്കുന്ന 'ലോക'മെന്ന പദത്തിന്റെ അർത്ഥം മനസ്സിലാക്കിയേ മതിയാവൂ. അദ്ദേഹം അനേകം തവണ ഈ പദം പ്രയോഗിച്ചിട്ടുണ്ട് (78 തവണ സുവിശേഷത്തിലും, 24 തവണ ലേഖനങ്ങളിലും). ഇതിനു ത്രിവിധാർത്ഥങ്ങൾ അദ്ദേഹം കല്പിച്ചിരുന്നു.

1) സാധാരണ അർത്ഥം—പ്രപഞ്ചം; ആകാശവും ഭൂമിയും (യോഹ 1:3, 10; 17:5, 24).

2) മനുഷ്യസമൂഹം— മനുഷ്യകുലം, മനുഷ്യർ എന്നീ അർത്ഥങ്ങളിൽ 'ലോകം' പ്രയോഗിച്ചിരിക്കുന്നു. അതു് ''അതിൽത്തന്നെ തിന്മയല്ല; പക്ഷേ തിന്മയിലേയ്ക്കു ചാഞ്ഞിരിക്കുന്നു, തിന്മയാൽ ഭരിക്കപ്പെടുന്നു''. ദൈവസ്നേഹത്തിനു പാത്രമായ ലോകം (യോഹ 3:16); യേശു രക്ഷിക്കാൻ വന്ന ലോകം (യോഹ 3:17; 10:36; 12:47).

3) ''സാത്താന്റെ നേതൃത്വത്തിൽ യേശുവിനെതിരേ പ്രവർത്തിച്ചവരേയും'' ലോകം സൂചിപ്പിക്കുന്നു (യോഹ 3:39; 12:31).[22]

യോഹ 7:4-ൽ ''ലോക''ത്തിന്റെ അർത്ഥം മൂന്നാമത്തേതാണ്. തുടർന്നു വരുന്ന വാക്യങ്ങളിൽനിന്നു് ഇതു വ്യക്തമത്രേ. യേശുവിനോടു, ഓർശ്ലേമിലേക്കു പോകുവാനും അവിടെവച്ചു സ്വന്ത വ്യക്തിത്വം പ്രകടിപ്പിക്കുവാനും ആവശ്യപ്പെടുന്ന യേശുവിന്റെ സഹോദരന്മാർ ''അവിടത്തെ വിശ്വസിച്ചിരുന്നില്ല'' എന്നു നാം അഞ്ചാംവാക്യത്തിൽ വായിക്കുന്നു.

വാക്യം 7— ''അതു് (ലോകം) എന്നെ വെറുക്കുന്നു'' (ലോകം എന്നെ ദ്വേഷിച്ചു. Cfr. യോഹ 15:18).

—''ലോകത്തിനു നിങ്ങളെ വെറുക്കുവാൻ കഴിയുകയില്ലായിരുന്നു''. (യോഹ 15:19 ''ലോകം സ്വന്തമായതിനെ സ്നേഹിക്കുന്നു'').

21. യേശു ഓശാന ഞായറാഴ്ച ജെറുസലത്തേയ്ക്കു വന്നപ്പോൾ ജനങ്ങൾ തെരഞ്ഞെടുത്ത പ്രകാരമായിരുന്നു. (മർക്കോ 11:1-10; മത്താ 21:1-9; ലൂക്കാ 19:28-40; യോഹ 12:12-19). പക്ഷേ ഒരു പ്രശ്നമുണ്ടു്. യോഹന്നാൻ 12:1-ൽ പറയുന്ന തിരുനാൾ പെസഹാ ആണ്, കൂടാരത്തിരുനാളല്ല.

22. R. E. BROWN, The Gospel according to John I-XII, 1966, PP. 508-9.

www.malankaralibrary.com

—''അതിൻെറ പ്രവൃത്തികൾ തിന്മയാകുന്നു'' (യോഹ 3:19: ''മനുഷ്യർ പ്രകാശത്തേക്കാൾ അന്ധകാരത്തെ സ്നേഹിച്ചു. കാരണം അവരുടെ പ്രവൃത്തി തിന്മയായിരുന്നു'').

മൂന്നാമത്തെ അർത്ഥത്തിലുള്ള 'ലോക'ത്തിൻെറ പ്രത്യേകതകളാണു മേൽപ്രസ്താവിച്ചവയെല്ലാം. 4, 7 വാക്യങ്ങളിൽ 'ലോകം' ഒന്നുതന്നെ. ആ ലോകം യേശുവിനെ വെല്ലുവിളിക്കുന്നു. ലോകത്തിനു തന്നെത്തന്നെ പ്രകടമാക്കണം എന്നത്രേ അവരുടെ ആവശ്യം. തന്മൂലം അവിടുന്നു വിസമ്മതിക്കുന്നു: ''ഞാനീതിരുനാളിനു പോകുന്നില്ല'' (യോഹ 7:8).

പ്രസ്തുത ലോകം ഒരടയാളം ആവശ്യപ്പെട്ടപ്പോഴെല്ലാം യേശു അതു നിരസിക്കുന്നു. കാരണം, വിശ്വസിക്കുവാൻ കഴിയാത്ത ലോകമാണ് അടയാളം ചോദിക്കുന്നത് (യോഹ 5:44); അത് അന്ധമാണ് (യോഹ 9:39–41); അതിൽനിന്ന് യേശു ''ഒഴിഞ്ഞുമാറി'' (യോഹ 12:36). അവിശ്വാസത്തിൽനിന്നുദിക്കുന്ന ഒരു വെല്ലുവിളിയായിരുന്നു അത്. പക്ഷേ യേശു ചെയ്ത ഒരടയാളവും മനുഷ്യരുടെ വെല്ലുവിളിക്കുള്ള സമാധാനമായിരുന്നില്ല. അതേസമയം ഓരോന്നും മനുഷ്യൻെറ നേർക്കുള്ള വെല്ലുവിളിയായിരുന്നു. അവിടത്തേക്കു ലോകത്തിൽ (ദ്വിതീയാർത്ഥം) ഒരു ദൗത്യമുണ്ടായിരുന്നു. അവിടത്തെ അടയാളങ്ങളെല്ലാം ആ 'ലോക'ത്തെ പ്രതിയുള്ളതായിരുന്നു. അവ ലോകത്തെ രണ്ടു തരമായി തിരിക്കുന്നതിൽ കലാശിച്ചിരുന്നു: ''തൻേറത്''' (വിശ്വസിച്ചവർ) യോഹ 13:1; 17:9,11); 'ലോകം' (മൂന്നാമത്തെ അർത്ഥം)''. മൂന്നാമത്തെ അർത്ഥത്തിലുള്ള ലോകത്തിൻെറ ആവശ്യങ്ങൾക്കു യേശു വഴിപ്പെട്ടിരുന്നുവെങ്കിൽ അവിടത്തെ ലോകദൗത്യം (ദ്വിതീയാർത്ഥം) ഒരു പരാജയമാകുമായിരുന്നു.

ദേവാലയഗോപുരത്തിൻെറ മുകളിൽവച്ചുള്ള പ്രലോഭനത്തിനുശേഷം ''തക്കസമയം വരുന്നതുവരെ'' പിശാചു യേശുവിനെ വിട്ടുപോയെന്നു ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്നു (4:13). ''ഞാനീതിരുനാളിനു പോകുന്നില്ല; കാരണം എൻെറ സമയം ഇനിയും പൂർത്തിയായിട്ടില്ല'' എന്നു യോഹന്നാൻ 7:8–ലും പറയുന്നു. ലൂക്കായുടെ ''തക്ക സമയവും'' യോഹന്നാൻെറ 'സമയവും' സൂചിപ്പിക്കുന്നതു യേശുവിൻെറ പീഡാസഹനമാണ്; അതോടുകൂടിയാണ് അവിടത്തെ ''സമയം'' സമാഗതമാവുക (മത്താ 26:46; യോഹ. 12:27; 17:1). കുരിശിലേറുവാനുള്ള സമയമാണത്. മരുഭൂമിയിലെ സർപ്പത്തെപ്പോലെ ഉയർത്തപ്പെടുവാനുള്ള സമയം (യോഹ 3:14–15); ലോകത്തിനു മുഴുവൻ വീക്ഷിക്കുവാനും സുഖം പ്രാപിക്കുവാനുമുള്ള സമയം (യോഹ 19:37). വീണ്ടും ലോകത്തിനു സ്വയം കാണിച്ചുകൊടുക്കുവാനുള്ള സമയവും. പക്ഷേ

www.malankaralibrary.com

''ലോകം'' ആവശ്യപ്പെട്ടതിൽനിന്നും തികച്ചും വിഭിന്നമായ രീതിയിലുള്ള ഒരു പ്രകടനമായിരിക്കും അപ്പോൾ നടക്കുക. പിതാവിനു മനുഷ്യരോടുള്ള സ്നേഹത്തിന്റെ പ്രകടനമായിരിക്കും അതു് (യോഹ 3:16); ''സ്വന്തമായവരോടും'' യേശുവിനുള്ള സ്നേഹത്തിന്റെ പ്രകടനവും (യോഹ 13:1). അതോടെ ഈ ലോകത്തിന്റെ പ്രമാണി തറപറ്റും (യോഹ 12:31).

ഇതെല്ലാം എളുപ്പം സാധിക്കാവുന്ന കാര്യങ്ങളല്ല. ''തക്ക സമയം വരുന്നതുവരെ (ലൂക്കാ 6:13) യേശുവിനെ വിട്ടുപിരിഞ്ഞിരുന്ന പിശാചു രംഗത്തു വീണ്ടും പ്രത്യക്ഷപ്പെടുന്നു (ലൂക്കാ 22:3). യേശുവിന്റെ സമയവും പിശാചിന്റെ സമയവും ഒന്നായിത്തീരുന്നു (ലൂക്കാ 22:53). പിശാചു പീഡാസഹനമാകുന്ന ദുരന്തനാടകത്തിലെ പ്രധാന വില്ലനായി വർത്തിക്കുന്നു.

യേശുവിനെ സംബന്ധിച്ചിടത്തോളം തീവ്രപ്രലോഭനത്തിന്റെ സന്ദർഭമായിരുന്നു അതു്. ''പിതാവേ, ഈ നാഴികയിൽനിന്നു് എന്നെ രക്ഷിക്കണമെ'' (യോഹ 12:27). മത്താ 26:29–42–ൽ, ആ കാസ കുടിക്കാതെ കഴിക്കുവാൻ യേശു മൂന്നുതവണ പിതാവിനോടു പ്രാർത്ഥിച്ചതായി പറയുന്നു. ഈ ''മാമ്മോദീസ'' അവിടുന്നു് അത്യാകാംക്ഷാപൂർവ്വം കാത്തിരുന്നതാണു് (ലൂക്കാ 12:50;22:15). എന്നിട്ടും ഈ നിമിഷത്തിൽ അവിടുന്നു വേദനകൊണ്ടു പുളയുന്നു....അവസാനം പിതാവിന്റെ ഹിതത്തിനു കീഴ്‌വഴങ്ങുന്നു. ''എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ'' (ലൂക്കാ 22:42).

പിതാവിന്റെ ഹിതം പ്രവർത്തിക്കുവാൻ യേശു വന്നു. പിതാവിന്റെ ഹിതം പൂർത്തീകരിക്കുകയായിരുന്നു അവിടുത്തെ ഭക്ഷണം (യോഹ 4:34; 8:29). അവിടുന്നു സ്വന്തം പ്രതാപം അന്വേഷിക്കുകയില്ല; സ്വയം മഹത്വീകരിക്കുകയുമില്ല (യോഹ 7:18; 8:50, 54). ഒരുതരത്തിലും തന്നെത്തന്നെ പ്രകടിപ്പിക്കുകയില്ല. അവിടുന്നു പിതാവിനെ മഹത്വീകരിക്കും (യോഹ 7:8; 8:49; 13:31–32). പിതാവിന്റെ ഹിതം നിർവ്വഹിച്ചുകൊണ്ടായിരിക്കും അതു്. അങ്ങനെ സ്വന്തം പ്രതാപം അന്വേഷിക്കുവാൻ വിസമ്മതിച്ചും പിതാവിന്റെ ഹിതം മാത്രം അന്വേഷിച്ചുമാണു് അവിടുന്നു പിതാവിനാൽ മഹത്വീകൃതനാകുവാനുള്ള യോഗ്യത നേടിയതു് (യോഹ 8:54; 13:32; 17:12). യോഹന്നാന്റെ വീക്ഷണത്തിൽ ക്രിസ്തു കുരിശിൽവെച്ചുതന്നെ മഹത്വീകൃതനായി. കുരിശിൽ ഉയർത്തപ്പെട്ടതു തന്നെയാണു് അവിടുത്തെ മഹത്വീകരണം (യോഹ 7:39; 8:28). അവിടുന്നു ലോകത്തിനു സ്വയംവെളിപ്പെടുത്തും. അതു കുരിശിൽവച്ചായിരിക്കും എന്നു മാത്രം. അതുപോലെ

www.malankaralibrary.com

തന്നെ കുരിശിൽവച്ച് എല്ലാ മനുഷ്യരേയും അവിടുന്ന് തന്നി ലേക്കാകർഷിക്കുകയും ചെയ്യും (യോഹ 12:32). അവിടെ വെച്ചുതന്നെയായിരിക്കും അവിടുന്നു തൻെറ വ്യക്തിത്വം ലോകത്തിനു പ്രകടമാക്കുക. ''ഞാൻ ഉയർത്തപ്പെട്ടു കഴിയു മ്പോൾ മനുഷ്യപുത്രൻ ആയിരിക്കുന്നവനാണെന്ന് (I am) നിങ്ങൾ ഗ്രഹിക്കും (യോഹ 8:28).

## C· തൃതീയപ്രലോഭനം—ഗിരിശൃംഗം

രാഷ്ട്രീയാധികാരവും ആധിപത്യവും കൈവശമാക്കുവാ നാണു യേശു പ്രലോഭിതനാകുന്നത്. അവിടുത്തേക്കു മിക്ക പ്പോഴും നേരിടേണ്ടിയിരുന്നത് ഈ പ്രലോഭനമായിരുന്നു വെന്നു തോന്നുന്നു. അവിടുന്നു ഒരു രാഷ്ട്രീയ നേതാവിനെ പ്പോലെ പ്രവർത്തിക്കുമെന്നു പലരും തെററിദ്ധരിച്ചിരുന്നു (മർക്കോ 10:35_40; യോഹ 6:15; 12:12_18; 18:10_11; നട 1:6_20 കാണുക).

ഇസ്രായേലിനു രാഷ്ട്രീയസ്വാതന്ത്ര്യം നഷ്ടപ്പെട്ടിട്ടു കുറേ ക്കാലമായിരുന്നു. അപമാനിതരായ ഇസ്രായേൽക്കാർ തങ്ങളെ റോമനാധിപത്യത്തിൽനിന്നു മോചിപ്പിക്കുകയും ദൈവജന ത്തിൻെറ ശത്രുക്കളോടു പ്രതികാരം ചെയ്യുകയും ചെയ്യുന്ന ഒരു രാഷ്ട്രീയനേതാവിനെ, ഒരു ഭൗമിക മെസയായെ, ഒരു ധീര യോദ്ധാവിനെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു.[23]

യേശു ഈ ചുമതല ഏറെറടുക്കണം. അവിടുന്ന് അവ രുടെ രാജാവാകണം. ''പ്രതാപവും അധികാരവും'' അവിടു ത്തേക്കു വാഗ്ദാനം ചെയ്യപ്പെടുന്നു. 'അധികാരം' (Exousia) രാഷ്ട്രീയമായ അധികാരത്തെ സൂചിപ്പിക്കുന്നുവെന്ന് ജെ. ഡ്യൂപോങ് പറയുന്നു. ഈ അർത്ഥത്തിൽ ലൂക്കാ മാത്രമേ പ്രസ്തുത പദം പ്രയോഗിക്കുന്നുള്ളു. ഗവർണ്ണറുടെ 'അധികാരം,' ഹേറോ ദേസിൻെറ 'അധികാരം' എന്നെല്ലാം അദ്ദേഹത്തിൻെറ സുവിശേഷത്തിൽ കാണാം (20:20; 23:7). 'അധികാരിക' (Exousiai) ളെക്കുറിച്ചും, ''അധികാരത്തിലിരിക്കുന്നവ'' (Exousiazontes) രെക്കുറിച്ചും അദ്ദേഹം പരാമർശി ക്കുന്നുണ്ട് (12:11; 22:25). പിശാചിൻെറ ''അധികാര''ത്തെ ക്കുറിച്ചും (നട 26:18), അന്ധകാരത്തിൻെറ ''അധികാര'' ത്തെക്കുറിച്ചും അദ്ദേഹം പറയുന്നുണ്ട്[24]. ''സമ്പത്ത്, മഹിമ, പ്രതാപം ആദിയായ മാനുഷികാനുകൂല്യങ്ങൾ ലഭിക്കുന്നേ

23. Cf. DANIEL ROPS, 'Daily life in Palestine at the time of Christ' 1959 P. 427.

24. Cf. J. DUPONT, Les Tentations....P. 57.

www.malankaralibrary.com

ഭൗതികവും രാഷ്ട്രീയവുമായ ഒരു മെസയാസ്ഥാനമാണ യേശുവിനു് അവർ വച്ചുനീട്ടിയതു്'' 25. ' ഈ ലോകത്തിന്റെ പ്രമാണിയുമായി ഒരു ധാരണയിലെത്തേണ്ട താമസം, അവയെല്ലാം അദ്ദേഹത്തിന്റെ സ്വന്തമായിത്തീരും.

എന്നാൽ അവയെല്ലാം അവിടന്നു നിരസിച്ചു. അവിടത്തെ രാജത്വം ഐഹികമല്ല (യോഹ 18:36). ആ രാജത്വത്തിൽ രാഷ്ട്രീയമായ അധികാരപ്രതാപങ്ങളുടെ പ്രകടനമില്ല. മനുഷ്യജീവിതങ്ങളുടെ മേലാണു് അവിടന്നു തന്റെ രാജത്വം പ്രയോഗിക്കുക. ദൈവത്തിനു മനുഷ്യജീവിതത്തിലും സംഭവങ്ങളിലും എവിടെയെല്ലാം സ്ഥാനം നൽകപ്പെടുന്നുവോ, അവിടെയെല്ലാമാണു് അവിടത്തെ രാജ്യം നിലകൊള്ളുക. എവിടെ മനുഷ്യർ പരസ്പരധാരണയുടേയും വിനയത്തിന്റേയും സേവനത്തിന്റേയും ചൈതന്യത്തിൽ അന്യോന്യം അംഗീകരിക്കുന്നുവോ, എവിടെ മനുഷ്യജീവിതം നിസ്വാർത്ഥസ്നേഹത്താൽ നയിക്കപ്പെടുന്നുവോ, അവിടെയെല്ലാമാണ ക്രിസ്തുവിന്റെ രാജ്യം സ്ഥിതിചെയ്യുക. കുരിശിലായിരുന്നു അവിടന്നു തന്റെ രാജ്യം സ്ഥാപിച്ചതു്. കുരിശായിരുന്നു പരമമായ സ്നേഹപ്രകടനം. അവിടത്തേക്കു പ്രതാപവും അധികാരവും ലഭിക്കുക, തന്നെ പിശാചിന്റെ 'അധികാര'ത്തിനു് അടിമയാക്കുന്നതു വഴിയല്ല, പ്രത്യുത പിതാവിന്റെ ഹിതം അനുവർത്തിക്കുന്നതിലൂടെയായിരിക്കും. മത്താ 28:18–ൽ ഉത്ഥിതനായ ക്രിസ്തു പറയുന്നു: ''ആകാശത്തിലും ഭൂമിയിലുമുള്ള സമസ്താധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു.'' ''ക്രിസ്തു സകല പ്രഭുത്വങ്ങളുടേയും അധികാരങ്ങളുടേയും ശിരസ്സാണു്'' (കൊളോ 2:10); ''അവിടന്നു രാജാക്കന്മാരുടെ രാജാവും കർത്താക്കന്മാരുടെ കർത്താവുമാണു്'' (വെളി 19:16). സ്വയം താഴ്ത്തിയതുകൊണ്ടാണു്, അതും കുരിശുമരണം വരെ സ്വയം താഴ്ത്തിയതുകൊണ്ടാണു് അവിടത്തേക്കു ''കർത്താവെന്ന'' പരമോന്നത സ്ഥാനം ലഭിച്ചതു്. (ഫിലി 2:5–11) ''വധിക്കപ്പെട്ട കുഞ്ഞാടാണ ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തുതിയും പ്രാപിക്കുവാൻ അർഹനായിത്തീരുന്നതു്''. (വെളി 5:12).

ഈ ലോകത്തിന്റെ പ്രമാണിയുടെ 'അധികാരം' ഇല്ലാതാക്കുവാനും, അവനെ നിഷ്കാസിതനാക്കുവാനും, അവനെ ബന്ധിക്കുവാനും അവന്റെ സമ്പത്തു് കൊള്ളയടിക്കുവാനുമായിരുന്നു ക്രിസ്തു വന്നതു് (മർക്കോ 3:27). പിശാചിനു സ്വയം വിധേയനായിരുന്നുവെങ്കിൽ അവിടത്തേക്കു് ഇതൊന്നും കഴിയുമായിരുന്നില്ലല്ലോ.

---

25. Jerusalem Bible, Mt. 4: note a.

www.malankaralibrary.com

## സഭയുടെ പ്രലോഭനങ്ങൾ

സഭ പുതിയ ഇസ്രായേലാണ് (ഗാല. 6:16). അവൾ ''മെസയാനിക ജന''മാണ്.[26] മനുഷ്യവർഗ്ഗത്തോടു അവൾക്കൊരു ദൗത്യമുണ്ട്. മനുഷ്യവർഗ്ഗം മുഴുവന്റേയും രക്ഷയുടെ കൂദാശയാണവൾ.[27] അവളിലൂടെയാണ ക്രിസ്തു ''എല്ലാവർക്കും സത്യവും ദൈവിക ജീവനും'' തുടർന്നു നൽകുന്നതു്.[28] ക്രിസ്തുവിന്റെ രക്ഷാകരാനുഗ്രഹത്തിന്റെ അടയാളമാണ സഭ. സ്വന്തം സാന്നിദ്ധ്യത്തിലൂടെയും പ്രവർത്തനത്തിലൂടെയും സഭ പ്രസ്തുതാനുഗ്രഹം ചരിത്രത്തിൽ അനുഭവവേദ്യമാക്കണം. അങ്ങനെ അവൾവഴി മനുഷ്യർ ക്രിസ്തുവിലേക്കു് ആകർഷിക്കപ്പെടണം.

ഈ ദൗത്യനിർവ്വഹണത്തിനു സഭ ചരിത്രത്തിൽ ലോകത്തിനു സ്വയം ലഭ്യമാക്കണം. ചരിത്രാത്മകനായ മനുഷ്യനു് അവളുടെ സാന്നിദ്ധ്യം അനുഭവിച്ചറിയാൻ കഴിയണം. മനുഷ്യാസ്തിത്വത്തിന്റെ എല്ലാതലങ്ങളിലേയ്ക്കും ഈ സാന്നിദ്ധ്യം വ്യാപിക്കണം. മനുഷ്യനെ അവന്റെ സമഗ്രതയിൽ അവൾ സ്വീകരിക്കണം. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ മനുഷ്യജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സഭ ശ്രദ്ധിക്കണം. ഈ മണ്ഡലങ്ങളെയെല്ലാം സർവ്വാശ്ലേഷിയായ ക്രൈസ്തവജീവനിലേക്കുയർത്തണം.

പക്ഷേ ഈ ഉന്നതാദർശങ്ങളെല്ലാം പ്രലോഭനാവസരങ്ങളായിത്തീരാമെന്നതാണ വസ്തുത. കഴിഞ്ഞ കാലങ്ങളിൽ പല പ്രലോഭനങ്ങളുമുണ്ടായിട്ടുണ്ടു്. (ചിലപ്പോൾ സഭ അവയുടെ ഇരയായിത്തീർന്നിട്ടുമുണ്ടെന്നു ചരിത്രം സാക്ഷിക്കുന്നു). ഭാവിയിലും പ്രലോഭനങ്ങളുണ്ടായേക്കാം. സഭ കൂടുതൽ പ്രവർത്തനോന്മുഖയാകാൻ ശ്രമിക്കുന്നതുകൊണ്ടു കൂടുതൽ പ്രലോഭനങ്ങളെ നേരിടേണ്ടിവന്നേക്കാം. നിഷ്ക്രിയതതന്നെയാണു് ഏറ്റവും വലിയ പ്രലോഭനം.

### 1. അപ്പത്തിന്റെ പ്രലോഭനം

ക്രിയാത്മകതയുടെ ആവശ്യകതയെക്കുറിച്ചു മുകളിൽ സൂചിപ്പിച്ചുവല്ലോ. മനുഷ്യസമൂഹത്തിന്റെ ഭൗതികവും സാമൂ

26. Vatican II Const. on the Church (L. G.) No. 10.

27. Vatican II L. G. No. 1, 8, 9, 48; Const. on the Church in the modern world (G. S.) No. 43; Decree on the Church's missionary activity (A. G.) No. 1, 5; Const on the Sacred Liturgy (S. C.) No. 2, 5, 10; EDWARD SCHILLEBEECKX Christ the Sacrament, 1963, PP. 54 ff.

28. L. G. No. 8.

www.malankaralibrary.com

ഹികവും സാംസ്കാരികവുമായ ക്ഷേമത്തിൽ സഭ താല്പര്യം കാണിക്കണം. സഭയ്ക്കു ഭൗമികസമ്പത്തുകൾ കൈകാര്യം ചെയ്യേണ്ടതായി വരും.[29] സ്വന്തം ദൗത്യനിർവ്വഹണത്തിന് ആവശ്യമാകുന്നിടത്തോളം അപ്പത്തിൻെറ കാര്യവും അവർക്കു ശ്രദ്ധിക്കേണ്ടതായി വരും.

ഇത്രയും പറഞ്ഞതിൽനിന്നു അതിരുകടന്ന എല്ലാ പ്രവണതകളും അനഭിലഷണീയമാണെന്നു വ്യക്തമാണല്ലോ. ഇവിടെ പരാജയപ്പെടുമ്പോൾ സഭ പ്രലോഭനത്തിനു വഴിപ്പെടുകയായിരിക്കും.

'ആത്മാക്കളെ' രക്ഷിക്കുക മാത്രമാണു സഭയുടെ ലോകദൗത്യമെന്നും, ഭൗതികാവശ്യങ്ങളുടെ നിർവ്വഹണം ആദ്ധ്യാത്മിക ദൗത്യത്തിനു വിരുദ്ധമാണെന്നും ചിന്തിക്കുവാൻ സഭ പ്രേരിതയായേക്കാം. ദൈവവചനം കൊണ്ടാണല്ലോ മനുഷ്യർ ജീവിക്കേണ്ടതു്! പക്ഷേ ദരിദ്രരുടേയും പാവപ്പെട്ടവരുടേയും ഉദ്ധാരണത്തിൽ സഭ ഒരിക്കലും ശ്രദ്ധിക്കുന്നില്ലെങ്കിൽ, അവളെങ്ങനെ യഥാർത്ഥത്തിൽ രക്ഷയുടെ കൂദാശയാകും? സഭയിലൂടെ നൽകപ്പെടുന്ന ക്രൈസ്തവജീവൻ അനുഭവവേദ്യമാകുന്നില്ലെങ്കിൽ മനുഷ്യൻ അതിനു പ്രത്യുത്തരം നൽകുമെന്നു പ്രതീക്ഷിക്കാമോ?

മറിച്ചു്, മനുഷ്യരുടെ ഭൗതികോന്നമനത്തിനുവേണ്ടിമാത്രമുള്ള ഒരു സംഘടനയായി സ്വയം പരിഗണിക്കാനും സഭ പ്രലോഭിതയായേക്കാം. മനുഷ്യർ അപ്പം കൊണ്ടു മാത്രമാണല്ലോ ജീവിക്കേണ്ടതു്!! ഇത്തരം അതിരു കടന്ന ചിന്താഗതികൾ അത്ര സാധാരണമല്ല എന്നതൊരനുഗ്രഹം തന്നെ. മനുഷ്യവംശത്തിനു സേവനം ചെയ്യുകയെന്ന കർത്തവ്യത്തെപ്പററി നാം പലപ്പോഴും സംസാരിക്കാറുണ്ടു്. നമ്മുടെ സേവനം മാനുഷികതലത്തിൽമാത്രം ഒതുങ്ങി നിൽക്കുന്നതിന് ഇടയായേക്കാം; ഇടയാകുന്നുമുണ്ടു്. ഈ സേവനം മനുഷ്യനെ തന്നിൽനിന്നുയരാൻ സഹായിക്കുകയില്ല. ഇതു ക്രൈസ്തവജീവനുമായി മനുഷ്യനെ ബന്ധിക്കുകയില്ല.

ക്രിസ്തുവിന് അനുകൂലമായോ പ്രതികൂലമായോ ഒരു തീരുമാനത്തിലെത്തുവാൻ ഇതു മനുഷ്യനെ പ്രേരിപ്പിക്കുകയില്ല. ചുരുക്കത്തിൽ ക്രിസ്തുവിൻെറ പ്രവർത്തനങ്ങളെപ്പോലെ അവ 'അടയാളങ്ങ'ളായിരിക്കുകയില്ല. ഇതിൻെറയെല്ലാം കാരണം നമ്മുടെ സംരംഭങ്ങളിൽ നമുക്കുള്ള ഐഹികപ്രേരണകളാണു്. നാം തീർത്തും നിസ്വാർത്ഥരും നിഷ്കാമരുമാണെന്നു പറഞ്ഞുകൂടാ. സ്വന്തം അഭിമാനവും കീർത്തിയും പ്രയോജ

29. Vatican II. Decree on the ministry and life of Priests (P. O.) No. 17.

www.malankaralibrary.com

നവും നാം ചിലപ്പോൾ അന്വേഷിക്കുന്നു. ''രഹസ്യത്തിൽ'' എന്തെങ്കിലും ചെയ്യുവാൻ നമുക്കു താല്പര്യമില്ല എന്നുപോലും പലപ്പോഴും തോന്നിപ്പോകും. നാം സേവനങ്ങളെ മേൽക്കോയ്മക്കും ആധിപത്യത്തിനും കടപ്പാടിനും ഉള്ള അവസരങ്ങളാക്കാറുണ്ട്.

ക്രിസ്തു ദരിദ്രർക്കുവേണ്ടിയുള്ള അഭിഷിക്തനായിരുന്നു. സഭയും അപ്രകാരമായിരിക്കണം. സമ്പന്നരോടും സമുദായത്തിൽ സ്വാധീനമുള്ളവരോടും സഭ പ്രത്യേക മമത കാണിക്കുന്നുവെങ്കിൽ, അവളുടെ ആനുകൂല്യങ്ങൾ പലതും അവർക്കുമാത്രം ലഭിക്കുന്നുവെങ്കിൽ (ഇതു പലപ്പോഴും സംഭവിക്കുന്നുണ്ട്), അവൾ ക്രിസ്തുവിനോട് വിശ്വസ്തത പുലർത്തുന്നുവെന്നു പറഞ്ഞുകൂടാ. സഭ ദരിദ്രരുടേതാണെന്നു പറഞ്ഞതുകൊണ്ടുമാത്രമായില്ല. സഭാപ്രവർത്തനങ്ങളിലൂടെ അതു തെളിയിക്കണം. ദരിദ്രരുടെ സഭയെന്നുവെച്ചാൽ, ജീവകാരുണ്യസ്ഥാപനങ്ങൾ നടത്തുക മാത്രമല്ല. സഭ എപ്പോഴും ദരിദ്രർക്കുവേണ്ടി നിലകൊള്ളണം, ദരിദ്രർക്കു പ്രത്യേകം പരിഗണന നൽകണം. സമ്പന്നനായിരിക്കെ നമ്മെപ്രതി ദരിദ്രനായിത്തീർന്ന ക്രിസ്തുവിൻെറ (2 കോറി 8:9) മാതൃകയനുസരിച്ചു സഭ യഥാർത്ഥത്തിൽ ദാരിദ്ര്യം പാലിക്കുന്നില്ലെങ്കിൽ അവൾ ദരിദ്രരുടെ സഭയെന്നു വിളിക്കപ്പെടുവാൻ അർഹയാവില്ല.

## 2. ആഡംബരത്തിനുള്ള പ്രലോഭനം

സഭ ക്രിസ്തുവിൻെറ ദൗത്യം തുടരണം. ''ക്രൂശിതനായ ക്രിസ്തുവിനെ'' പ്രസംഗിച്ചും തദനുസാരം ജീവിച്ചുമാണ് ഇതു സാധിക്കുക (2 കൊറി 2:2). ഇതിനു സഹനത്തിൻേറയും മരണത്തിൻേറയും പാതയിലൂടെ ചരിക്കേണ്ടിയിരിക്കുന്നു. അവൾ തനിക്കുതന്നെ മരിക്കുന്നതിൻെറ തോതനുസരിച്ചു മനുഷ്യർക്കു ജീവനും ദൈവാനുഗ്രഹവും നൽകുന്നതിനുള്ള ഉപാധിയായിത്തീരുന്നു. ക്രിസ്തുവിൻെറ ജീവൻ അവളിലൂടെ ശക്തമായി പ്രവർത്തിക്കണമെങ്കിൽ, അവൾ ദരിദ്രയും വിനീതയും ശക്തിരഹിതയുമാവാൻ മടിക്കരുത്. ''ക്രിസ്തുനാഥൻ ദാരിദ്ര്യത്തിൻേറയും സഹനത്തിൻേറയും മാർഗ്ഗത്തിലൂടെയാണു രക്ഷാകർമ്മം പൂർത്തിയാക്കിയതു്. രക്ഷാകർമ്മത്തിൻെറ ഫലം മനുഷ്യരാശിക്കു പകരുകയെന്ന ദൗത്യത്തിൽ സഭയും ഈ മാർഗ്ഗത്തിലൂടെ മുന്നേറുവാൻ ആഹ്വാനം ചെയ്യപ്പെട്ടിരിക്കുകയാണ്. ലൗകികമഹത്വം അന്വേഷിക്കുകയല്ല അവളുടെ ലക്ഷ്യം. പ്രത്യുത സ്വന്തം മാതൃകയിൽ വിനയവും ആത്മപരിത്യാഗവും ഉയർത്തിക്കാണിക്കാനായിരിക്കണം അവളുടെ ശ്രമം''.[30] ''ദൈവത്തിൻെറ ശക്തി സഭയുടെ അശക്തിയിലും

30. L. G. No. 8.

www.malankaralibrary.com

ദാരിദ്ര്യത്തിലുമാണു പൂർത്തീകരിക്കപ്പെടുക. അവരം തന്റെ തീർത്ഥാടനത്തിൽ ദരിദ്രയും തിരസ്കൃതയുമായി കടന്നുപോകണം. വിമോചകമായ ദൈവാനുഗ്രഹത്തിന്റെ ശക്തികൾ മാത്രമേ അവളെ വിജയത്തിലെത്തിക്കുവാൻ കഴിയൂ'' [31] സ്വന്തമായ ഒരു മഹത്വവും സഭ അവകാശപ്പെടരുത്. അവരംക്ക ഒരു മഹത്വമേയുള്ളു. ക്രിസ്തുവിന്റെ മുഖത്തു പ്രകാശിക്കുന്ന മഹത്വം (2 കൊറി 4:6). അവരംക്കുള്ള സൗന്ദര്യം അവളുടെ മണവാളന്റേതാണ്. കുരിശുമാത്രമേ അവരംക്കഭിമാനം കൊള്ളുവാനുള്ളു (ഗാല 6:24). അവളുടെ ഏകാഭിമാനം കർത്താവായിരിക്കണം (2 കൊറി 10:17). സഭയുടെ മഹിമയും പ്രതാപവും ഭൗമികശക്തിയിലും നേട്ടങ്ങളിലുമല്ല നിലകൊള്ളുന്നത്. [32] അന്യാദൃശമായ കത്തോലിക്കാപ്രബോധനസംഹിതയാലോ, സുസംഘടിതമായ സഭാഭരണ സംവിധാനങ്ങളാലോ, വലിയ സ്ഥാപന സംരംഭാദികളാലോ, പകിട്ടേറിയഉത്സവാഘോഷങ്ങളാലോ മനുഷ്യരെ ക്രിസ്തുവിലേക്കാകർഷിക്കാമെന്നു സഭ കരുതരുത്. ''അനുഭവവേദ്യമായ സഭാമഹത്വത്തിന്റെ പ്രേരണയാലല്ല ഒരാരംക്ക വിശ്വാസബോദ്ധ്യം ലഭിക്കുക''. [33]

സഭയുടെ ബാഹ്യമായ മഹത്വം ''വിശ്വാസത്തിനു ഒരു പ്രതിബന്ധവും അപകടവുമാവാൻ തീർച്ചയായും സാദ്ധ്യതയുണ്ടു്.'' [34]

## 3. പ്രതാപത്തിനും അധികാരത്തിനുമുള്ള പ്രലോഭനം

സഭ ''ലോകത്തിലാണു്...........ലോകത്തിൽ ജീവിക്കുന്നു'' .[35] ''അവരം മനുഷ്യരെ, അതായതു്, ഭൗമികനഗരത്തിലെ അംഗങ്ങളെ ഉരംക്കൊള്ളുന്നു''.[36] അതേസമയം സഭ ഒരു തീർത്ഥാടകജനതയാണു് (1 പത്രോ 1:1, 17). അവരംക്കു് ഒരു സ്ഥിരമായ നഗരമില്ല (ഹെബ്രാ 13:14). ''നാഥനിൽ നിന്നു വിദൂരസ്ഥമായ അന്യദേശത്തു് യാത്രചെയ്യുന്ന ഈ സഭ നാടുകടത്തപ്പെട്ടവരെപ്പോലെ സ്വയം കരുതുന്നു.'' [37]

---

31. E. SCHILLEBEECKX, op. cit; P. 254.
32. Ibid.
33. Ibid. P. 254.
34. Ibid.
35. G. S. No. 40.
36. Ibid.
37. L. G. No. 6. Cf. also L. G. ch. 7.

www.malankaralibrary.com

BIBLE BHASHYAM
St. Thomas Ap. Seminary
P. B. No. 1
Kottayam-10

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com